A.1374
240215

# ആരണ്യപത്രി

by

വി. എം. ചെറിയാൻ

A.1374

240215

240215

൧൩
അണ
൧൪ ഗ്രന്ഥാവലി

# ആരണ്യവൃത്തി

# ആരണ്യപുത്രി

SEN GUPTA PUBLIC LIBRARY
Date..........

## വി. എം. ചെറിയാന്റെ
## കൃതികൾ

---

ഹിപ്നോട്ടിസം പ്രഥമപാഠങ്ങൾ

ടി ഉപരിപാഠങ്ങൾ

കാമസൂത്രം

ശകുനശാസ്ത്രം

Phala Deepika

Chamalkara Chintamani

Sakuna Sastra

ആരണ്യകന്യക (നോവൽ)

ആരണ്യപുത്രി ,,

അത്ഭുതവിഗ്രഹം ,,

വാനരനാരി ,,

വന്യവനിതകൾ ,,

# ആരണ്യപുത്രി

(നോവൽ)

ഗ്രന്ഥകർത്താ:

വി. എം. ചെറിയാൻ

DISTRIBUTORS

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽബസാർ കോട്ടയം

വില 12 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1954 ഏപ്രിൽ
(പകൎപ്പവകാശം)

894.83 / C4E

പ്രസാധകന്മാർ:
പി. പി. ബുക്കഡിപ്പൊ, കോട്ടയം.

അച്ചടി:
വി. ജി. പ്രസ്സ്, കോട്ടയം.

# ആമുഖം

പന്ത്രണ്ടണ ഗ്രന്ഥാവലിയിലെ അഞ്ചാം പുസ്തകമായ "ആരണ്യപുത്രി" ഈ ഗ്രന്ഥാവലിയിലെ ഒന്നാം പുസ്തകവും ഞങ്ങളുടെ പുതിയ പ്രസ്ഥാനത്തിന് പേർ സമ്പാദിച്ചുതന്ന ഉത്തമനോവലും ആയ "ആരണ്യകന്യക"യുടെ തുടർച്ചയാണെന്നു പറയുമ്പോൾ, ഇതിന്റെ മാഹാത്മ്യം വായനക്കാർക്ക് ക്ഷണത്തിൽ മനസ്സിലാക്കാമല്ലോ. ആരണ്യകന്യകയുടെ തുടർച്ചയാണെങ്കിലും, അതിനെപ്പോലെ തന്നെ പൂർണ്ണമായ ഒരു ചെറുനോവലാണ് ഈ ആരണ്യപുത്രിയും. "പത്രിക"യിൽ ഖണ്ഡശ്ശ:പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങളുടെ നാഡിപരിശോധിച്ച് വിജയം വരിച്ചതാണ് ഈ നോവലും. സംസ്കാരസമ്പന്നരായ മലയാളികളുടെ ഉള്ളഴിഞ്ഞ സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് ആരണ്യപുത്രിയെയും അവരുടെ മുമ്പിൽ സമർപ്പിച്ചു കൊള്ളുന്നു.

1954 ഏപ്രിൽ 2

പ്രസാധകർ
പി. പി. ബുക്കഡിപ്പോ
കോട്ടയം.

# ആരണ്യപുത്രി

## അദ്ധ്യായം 1

ആഡംബരഭ്രമക്കാർ എന്നു പാശ്ചാത്യർ പഴിക്കുന്ന പൗരസ്ത്യപ്രഭുക്കന്മാരിൽ ഒരുവൻെറ കൊട്ടാരമാണു് അതെന്നു പറഞ്ഞാൽ കണ്ണുള്ളവർ ആരും വിശ്വസിക്കയില്ല. ഒന്നാമതായി ഒരു കൊട്ടാരത്തിനുവേണ്ട വലുപ്പമില്ല. പിന്നെ, ആവശ്യമില്ലാത്ത ആഡംബരത്തിൻെറ കണികപോലും ആ എടുപ്പിൻെറ ഉള്ളിലൊ പുറത്തൊ കാണ്മാനില്ല. സംസ്കാരസമ്പന്നനും പരിഷ്കൃതാശയനും ആയ ഒരു ധനവാനും കുടുംബാംഗങ്ങൾക്കും അത്യാവശ്യമുള്ള സിൽബന്ധികൾക്കും സുഖജീവിതം നയിക്കുന്നതിനു് അവശ്യംവേണ്ട എല്ലാ സൌകര്യങ്ങളും ക്രമപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു ശരിയാണു്. അതിലധികമായി ഒന്നും ഇല്ലെങ്കിലും ഷെയിക്കു് അബ്ദുള്ളായുടെ അനുചരന്മാർ അതിനു് കൊട്ടാരം എന്നാണു് പേർ കൊടുത്തതു്. കൊട്ടാരത്തിനു ചുററിലും കെട്ടിഉയർത്തിയിരിക്കുന്ന കോട്ടകൾക്കുതുല്യമായ മതിലുകളും ചുററിലും ഉള്ള ബലവത്തായ കവാടങ്ങളും, അവ രാപ്പകൽ കാവൽചെയ്യുന്ന ആയുധംധരിച്ച ഭീമകായന്മാരായ യോദ്ധാക്കളും, ആ എടുപ്പിനു നൽകപ്പെട്ടിരിക്കുന്ന കൊട്ടാരനാമം സാൎത്ഥവത്താക്കുന്നുണ്ടു്. മതിൽകെട്ടും ഗേററുകളും ഈ വിധമാണെങ്കിൽ, എടുപ്പിൻെറ ഉള്ളിൽ ഓരോ മുറിയും പാശ്ചാത്യപരിഷ്കാരത്തിൻെറ തനിപതിപ്പുകളാണു്. ഇലക്ട്രിസിററികൊണ്ടു ജീവിതസൗ

ഷയ്യവും സുഖവും എത്രമാത്രം വദ്ധിപ്പിക്കാൻ സാധിക്കുമെന്നു് ആ കൊട്ടാരം വിളിച്ചറിയിക്കുന്നു. അറബിദേശത്തെ പ്രഭുക്കന്മാരുടെ രമ്യഹമ്മ്യങ്ങളിൽ സവ്വസാധാരണമായുള്ള ഉപകരണങ്ങൾക്കുപകരം ലണ്ടനിലും പാരീസിലും ഉള്ള വാസഗൃഹങ്ങളിൽ കാണുന്നതരം കട്ടിലും, കസാലകളും, റേഡിയോയും, റെഫ്രിജറേററുകളും എല്ലാം നയനാനന്ദകരമായ രീതിയിൽ വേണ്ടിടത്തു് വേണ്ടതരത്തിൽ ശരിപ്പെടുത്തിയിരിക്കുന്നതുകണ്ടാൽ, കലാവൈഭവമുള്ള ആളുകൾ സുഖജീവിതം നയിക്കുന്ന ഒരു ഗൃഹമാണതെന്നു ക്ഷണത്തിൽ മനസ്സിലാകും.

ഇന്നു് ആ കൊട്ടാരത്തിനു തന്നെ ഒരു ഉത്സാഹമുള്ള ദിവസമാണെന്നു് അവിടത്തെ സേവകവൃന്ദവും, ഗൃഹോപകരണങ്ങളും, മനോഹരമായ തോട്ടത്തിലെ ഓരോ ചെടിയും പുഷ്പങ്ങളും വിളിച്ചറിയിക്കുന്നുണ്ടു്. സംസ്കാരസമ്പന്നനായ ഷെയിക്കു് അബ്ദുള്ളായുടെയും അദ്ദേഹത്തിന്റെ പരിഷ്കൃതാശയും ഗുണവതിയും ആയ ബീഗം ലൈലായുടെയും ഏകപുത്രി ആയ മിറിയാമിന്റെ വിവാഹനിശ്ചയം, ജാത്യാചാരമനുസരിച്ചുള്ള ആർഭാടത്തോടും ചടങ്ങുകളോടുംകൂടി നടന്നതു് ഇന്നു രാവിലെയാണു്. അതിലുള്ള സന്തോഷവും അതുമൂലം ഉണ്ടായ ഉത്സാഹവുമാണു് അവിടത്തെ അന്തരീക്ഷത്തിൽ തന്നെ കലൎന്നിരിക്കുന്നതു്.

മിറിയാം സുന്ദരിയാണു്. സുശീലയാണു്. താൻ ഭാഗ്യവതിയാണെന്നു്, അത്യന്തം ഭാഗ്യവതിയാണെന്നു് ചെന്താമരപ്പൂവിനെ വെല്ലുന്ന അവളുടെ മുഖത്തു് ഓളംവെട്ടുന്ന സന്തോഷം വിളിച്ചുപറയുന്നുണ്ടു്. വിവാഹപ്രായം ആയ ആ യുവതിക്കു് അനുരൂപനായ ഒരു വരനെ ലഭിച്ചു എന്നു മാത്രമല്ല, സുന്ദരനും സമത്ഥനും ആയ അവളുടെ കെമൽ മിറിയാമിന്റെ ആരാധനാപാത്രവും ആയിരുന്നു എന്നതാണു് അവളെ ധന്യയാക്കിയതു്.

ശത്രുസംഹാരത്തിന കെല്പില്ലാത്ത ഒരുവനും അഭിമാനത്തോടുകൂടി ഒരു നിമിഷംപോലും ജീവിക്കാൻ സാദ്ധ്യമല്ലാത്ത ആ അറബിരാജ്യത്തു് വിജയിയായി ജീവിക്കാൻവേണ്ട കഴിവുകൾ എല്ലാം ഉള്ളവനാണു് കെമൽ എന്നു് ചുരുങ്ങിയ ഇരുപത്തിനാലുവർഷത്തെ ജീവിതകാലത്തിൽ അയാൾ പലവുരു തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. ഒളിഞ്ഞോ തെളിഞ്ഞോ കെമലിനെ നേരിടാൻ തക്ക മൗഢ്യമുള്ള യോദ്ധാക്കൾ ആ പ്രദേശത്തു് ഇപ്പോൾ ചുരുക്കമാണു്. സുന്ദരനും വീര്യപരാക്രമിയും ആയ കെമൽ, പരിഷ്കൃതാശയനും ആണു്. അനേകം ഭാര്യമാർ അതിലധികം വെപ്പാട്ടിമാർ, ഈ പദവികളിൽ എത്തിച്ചേരുന്നതിനു് ഒരുങ്ങി അവസരം പാർത്തുകിടക്കുന്ന വനിതകൾ എല്ലാററിലും അധികം, ഈ വിധത്തിലുള്ള ഒരു അന്തഃപുരത്തിൻെറ ഉടമസ്ഥനായിരിക്കാൻ ആഗ്രഹിക്കുന്നവരെ മനുഷ്യഗണത്തിൽ ഉൾപ്പെടുത്തിക്കൂടാ എന്നാണു് കെമൽ എപ്പോഴും വാദിക്കുന്നതു്. ഇങ്ങിനെയുള്ള കെമൽ ആരാധ്യനാണെന്നു മിറിയാം വിശ്വസിച്ചു എങ്കിൽ അവളെ കുററപ്പെടുത്താമൊ. അവളുടെ യുവഹൃദയത്തിൻെറ നാഥനായി അവൾ അയാളെ വരിച്ചതു തെററാകുമൊ. അവളുടെ ഹൃദയത്തെയും അവളെ തന്നെയും കെമലിൻെറ പാദങ്ങളിൽ മിറിയാം അടിയറയായി സമർപ്പിച്ചതു ചാപല്യമാണെന്നു വിധിക്കാൻ ആരെങ്കിലും തുനിയുമൊ?

ഒരു ഫ്രഞ്ചുസൈനികനു് ഉന്നതകുലജാതയായ അറബിഭാര്യയിൽ ജനിച്ച പുത്രനായ ഷെയിക്കു് അബ്ദുള്ളായുടെയും, അദ്ദേഹത്തെ സ്വയംവരിച്ച ഇംഗ്ലീഷുകാരിയായ ഒരു വനിതയുടെയും പുത്രിയായ മിറിയാമും, ഇംഗ്ലീഷുകാരനായ പിതാവു് വിവാഹംചെയ്ത അറബിസ്ത്രീയിൽ ജാതനായ കെമലും തമ്മിൽ അഭിപ്രായത്തിലും, ആദർശങ്ങളിലും, അഭിരുചിയിലും ഉണ്ടായിരുന്ന

സാധമ്മ്യമാണ്, ഇരുവരും ബ്രിട്ടനിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന കാലത്ത് അവരെ അന്യോന്യം ആകഷിച്ചതു്. ഇരുവക്കും അറബി വംശത്തോടുണ്ടായിരുന്ന ബന്ധവും, അറബിരാജ്യത്തോടും അവിടത്തെ ജനങ്ങളോടും ജീവിതരീതിയോടും ഉണ്ടായിരുന്ന താല്പയ്യവും അവരുടെ മൈത്രീബന്ധത്തെ പുഷ്ടിപ്പെടുത്തി.

കെമലിൻെറ അകാലവിയോഗാനന്തരം, വലിയൊരു പ്രഭ്വി ആയിരുന്ന മാതാവ് അവരുടെ സ്വത്തുക്കളുടെ പരിരക്ഷണത്തിനായി സ്വദേശത്തേക്കുമടങ്ങി, അവിടത്തെ രീതി അനുസരിച്ചു ജീവിതം നയിക്കയും, ആ രീതി പുത്രനെ ശരിക്ക അഭ്യസിപ്പിക്കയും ചെയ്തതുകൊണ്ട്, കെമൽ ഒരു തനി അറബി ആണെന്നു തന്നെ പറയാമായിരുന്നു.

കെമലും മിറിയാമും ബ്രിട്ടനിലെ രീതി അനുസരിച്ചു ഇഷ്ടാനുസരണം തമ്മിൽ കാണുകയും സമയം കഴിക്കുകയും ചെയ്തുവന്നു. അവിടത്തെ നാട്ടാചാരമനുസരിച്ച് അതിൽ തെറെറാന്നുമില്ലല്ലൊ. പുതിയ സ്നേഹിതനെപ്പററി മിറിയാം അവളുടെ മാതാപിതാക്കന്മാരെയും, കെമൽ മിറിയാമിനെപ്പററി അവൻെറ മാതാവിനെയും ധരിപ്പിച്ചപ്പോൾ, ലോകഗതിയും മനുഷ്യസ്വഭാവവും അറിയാവുന്ന ആ മൂവരും പുഞ്ചിരിതൂകി. അവർ തമ്മിൽ പരിചയമില്ലായിരുന്നു. എന്നാൽ കുടുംബങ്ങളുടെയും, ആ കുടുംബങ്ങളുടെ പാരമ്പയ്യത്തെയും സ്വഭാവത്തെയുംപററി ഇരുഭാഗക്കാക്കും അറിയാമായിരുന്നതുകൊണ്ടും, അതിൽ കുററപ്പെടുത്തത്തക്കതായി ഒന്നും ആരും കാണാതിരുന്നതുകൊണ്ടും യുവതിയും യുവാവും തമ്മിലുള്ള മൈത്രിക്ക് അവരിൽ ആരിൽനിന്നും തടസ്സം ഒന്നുമുണ്ടായില്ല.

അവരുടെ സ്നേഹം ക്രമേണ പ്രേമം ആയി. ആ വിവരവും രണ്ടുപേരും നാട്ടിലേക്ക് എഴുതുകയും, അന

ഗ്രഹാശിസ്സുകൾ ലഭിക്കയും ഉണ്ടായി. ഈ വിധം ഇരു ഭാഗത്തെയും ഗുരുജനങ്ങളുടെ സമ്മതത്തോടുകൂടി മിറിയാമും കെമലും ചെയ്ത വാദത്തിന് സാമൂഹ്യമായി അനുമതിലഭിച്ച ദിവസമാണ് ഇന്ന്. മിറിയാമും കെമലും ആനന്ദസാഗരത്തിൽ ആറാടിയതിൽ തെററുണ്ടോ?

ഷെയിക്ക് അബ്ദുള്ളായുടെ കൊട്ടാരത്തിൽ ഒരു ഉത്സവംതന്നെ ആയിരുന്ന അന്ന്. വിവാഹനിശ്ചയത്തിന് വന്നിരുന്ന വരൻെറ ആളുകൾ എല്ലാം മടങ്ങിപോയി എങ്കിലും, വരൻ അവിടെതന്നെ ഉണ്ട്. ജാതിമര്യാദയ്ക്കു വിരുദ്ധമല്ലായിരുന്ന അങ്ങിനെ അയാൾ അവിടെ താമസിക്കുന്നതു്. ഇതിനുമുമ്പും പാശ്ചാത്യവിദ്യാഭ്യാസം പൂർത്തിയാക്കി മടങ്ങി എത്തിയശേഷം അയാൾ പലപ്പോഴും അവിടെചെന്നു താമസിച്ചിട്ടുണ്ട്.

മിറിയാമിൻെറ സന്തോഷം അവിടുത്തെ ഭൃത്യജനങ്ങളിലേക്കും പകന്നിട്ടുണ്ട്. അവരും ആഹ്ളാദഭരിതരായിട്ടാണ് അവരവരുടെ ജോലി നിർവഹിക്കുന്നതു്. മിറിയാമിൻെറ വിശ്വസ്തമിത്രവും ദാസിയും ആയ അയേഷയുടെ നടപ്പും ഭാവവും കണ്ടാൽ അവൾ ലോകം പിടിച്ചടക്കുകയൊ, അതുപോലുള്ള മററു എന്തൊ മഹൽകാര്യം സാധിക്കയൊ ചെയ്തിരിക്കുന്നു എന്നു തോന്നിപ്പോകും.

രാത്രി ഏഴുമണി കഴിഞ്ഞു. കെമൽ ഉദ്യാനത്തിലുള്ള ഒരു ഫൌണ്ടൻെറ ചുവട്ടിൽ ചുററിലും വൃത്താകൃതിയിൽ കെട്ടിയിട്ടുള്ള കൈമതിലിൽ ഇരിക്കയാണ്. വിവിധാകൃതിയിൽ മേൽപോട്ടു ചീററി ചിതറി പൊങ്ങിവീഴുന്ന ജലകണങ്ങൾക്കിടയിൽ ഉദിച്ചുയന്നുവരുന്ന ചന്ദ്രൻെറ രശ്മികൾ ഇക്കിളിയിടുന്നതുകൊണ്ട് അവയിൽനിന്നുയന്നുകൊണ്ടിരിക്കുന്ന മണിയുന്ന ചിരിയും കല്ലോലങ്ങളും കണ്ടുംകേട്ടും ആനന്ദിക്കയാണ് കെമൽ. അ

ങ്ങിനെയല്ല, അയാളുടെ ആനന്ദത്തിന്റെ മാററു വർദ്ധി
പ്പിക്കാൻ അവയെ അനുവദിക്കയാണു്. തന്നെക്കാൾ ഭാഗ്യവാനായി ഒരു യുവാവു് ഉണ്ടെന്നൊ, തന്റെ മിറിയാമിനെക്കാൾ സുന്ദരിയും സുശീലയും ആയ ഒരു യുവതി ഉണ്ടാകുമെന്നൊ ആരെങ്കിലും പറഞ്ഞാൽ, ആ യുവാവിനു തൃപ്തിവരുകയില്ല. ആ മറുത്തരം കേട്ടു് അയാൾ ചിരിച്ചുചിരിച്ചു മറിഞ്ഞുവീണുപോകയെയുള്ളു. കെമൽ അങ്ങിനെ ഇരുന്നു സുഖിക്കയാണു്.

അപ്പോൾ പിമ്പിൽനിന്നു ആരൊ നടന്നുവരുന്നു എന്നു കെമലിനു മനസ്സിലായി. ആരാണതെന്നും അറിയാമായിരുന്നു. എന്നിട്ടും ഒന്നും അറിയാത്ത ഭാവത്തിൽ, ചന്ദ്രികയെ "പഠി"ക്കുന്ന മട്ടിൽ, അയാൾ മേൽപോട്ടുനോക്കി ഇരിക്കയാണു്. അയാൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന അയാളുടെ ഹൃദയത്തിന്റെ നാഥയായ മിറിയാം അടുത്തുചെന്നപ്പോൾ തിരിഞ്ഞുനോക്കാതിരിക്കാൻ വലിയ പണി തോന്നി. എങ്കിലും "കടിച്ചുപിടിച്ചു്" ഇരുന്നു.

പ്രാണനാഥന്റെ സമീപത്തേക്കു് അടുത്തുചെന്ന മിറിയാം, അവൾ ചെല്ലുന്നതു് അറിഞ്ഞുകൊണ്ടുതന്നെ അറിയാത്തഭാവം നടിക്കയാണു് കെമൽ എന്നു മനസ്സിലാക്കി. നേരമ്പോക്കായാലും ലീലകളായാലും എന്നും ഒരേ രീതിയിൽ തുടർന്നാൽ അതു മുഷിച്ചിൽ ആകുമെന്നു സമർത്ഥയായ മാതാവിൽനിന്നു പഠിച്ചിട്ടുള്ള യുവതി, കെമലിനെ ഒന്നു കളിപ്പിക്കാൻ തീരുമാനിച്ചു. ആ ഫൌണ്ടന്റെ ചുററിലുമുള്ള അരഭിത്തി അവരുടെ പതിവായ ഒരു സമാഗമസ്ഥാനമാണു്. മിറിയാം അടുത്തുചെല്ലുന്നതു് "അറിയാതെ" ഇരിക്കുന്ന കെമലിന്റെ കണ്ണുകൾ പിമ്പിൽനിന്നു പൊത്തുകയാണു് ഒരു ദിവസം ചെയ്യുന്നതെങ്കിൽ അയാളുടെ കാൽക്കൽ, മണലിൽ, ഭിത്തിയിൽ ചാരിഇരുന്നു പാദങ്ങൾ രണ്ടും എ

ട്ടത്തു മടിയിൽവച്ചുകൊണ്ടു സംഭാഷണം ആരംഭിക്ക ആയിരിക്കും പിന്നൊരു ദിവസം. പിമ്പിൽ ദേഹത്തു ചാരിനിന്നുകൊണ്ട് ഉച്ചിയിൽ ഒരു ഉമ്മവെയ്ക്കുക ആയിരിക്കും മറെറാരു ദിവസം. പിന്നൊരു ദിവസം കെമലിൻെറ ചെവിയിൽ ഒരു കടി ആയിരിക്കും അയാൾക്കു കിട്ടുന്ന സമ്മാനം.

ഇന്നൊ? മിറിയാമിൻെറ കാൽപെരുമാററം അടുത്ത് അടുത്തുവരുന്നത് കേട്ടുകൊണ്ടിരിക്ക ആയിരുന്നല്ലൊ കെമൽ. ആ ശബ്ദവും നിലച്ചു. യാതൊരു ശബ്ദം ഉണ്ടാക്കാതെ അടുത്തുവരുക ആയിരിക്കും എന്നോറ്റു കടിയൊ ചുംബനമൊ എന്താണ് കിട്ടുന്നതെന്ന് ആലോചിച്ച് ഇരിക്കയാണ് കെമൽ. ഒന്നുരണ്ടു മിനിററു കഴിഞ്ഞിട്ടും അനക്കമൊന്നുമില്ല. കെമൽ ചന്ദ്രികയിൽ ലയിച്ചു എന്നുള്ള നാട്യം ഉപേക്ഷിച്ചു തിരിഞ്ഞു നോക്കി. മിറിയാം ഫൌണ്ടൻെറ ചെറുമതിലിൽതന്നെ ഒരടിദ്ദൂരത്തിൽ ഇരിക്കുകയാണ്. മുഖത്ത് പതിവുള്ള കുസൃതിപ്പുഞ്ചിരി അല്ല, അല്പമൊരു ഗൌരവഭാവം കലന്ന പുഞ്ചിരി ആണ് അയാളെ സ്വാഗതം ചെയ്തത്.

കെമൽ ചോദിച്ചു. "എന്തുപററി"

മിറിയാം—"എന്താ ചോദിച്ചത്"

കെമൽ—"പതിവില്ലാത്ത രീതി, അല്പം ഗൗരവഭാവം ഇവ കണ്ടിട്ടു ചോദിച്ചതാണ്."

മിറിയാം—"കൌമാര്യത്തോട് യാത്രപറഞ്ഞു കഴിഞ്ഞു. ഭാര്യാപദത്തിലേക്കുള്ള മാർഗ്ഗത്തിൽ കാൽഊന്നി. ഇനി പഴയപടിയുള്ള കളിചിരിയും നേരമ്പോക്കും മതിയാക്കി, ഒരു ഗൃഹസ്ഥയ്ക്കു് അനുയോജ്യമായ ഗൌരവം സ്വീകരിക്കണമല്ലൊ.

കെമൽ—"എന്നോടുപോലുമൊ."

മിറിയാം ചിരിച്ചുകൊണ്ട് "ഒരാളുടെ ജീവിതത്തിൽ മാററം വരുമ്പോൾ അതു ചിലക്കു മാത്രമെ കാ

ന്നതിനൊ അനുഭവിക്കുന്നതിനൊ ഇട ആകയുള്ളു എന്നു വിചാരിക്കുന്നതു ശരിയാണൊ?"

കെമൽ–"തത്വത്തിൽ ശരിഅല്ലായിരിക്കും. പക്ഷെ തത്വം പലപ്പോഴും ഏട്ടിലെപശു ആയിരിക്കയെയുള്ളു."

മിറിയാം–"അതുകൊണ്ട്."

കെമൽ–"ഗൃഹസ്ഥാശ്രമത്തിലേക്കുള്ള യാത്രയിൽ സഹയാത്രക്കാരനായ എനിക്കും ചില അവകാശങ്ങളെല്ലാം ഉണ്ടല്ലൊ."

മിറിയാം–"അവകാശങ്ങൾ ഉണ്ട്. ആ അവകാശങ്ങളുടെ അനുഭാവ്യതയെ നിസ്സാരമാക്കിതള്ളുവാൻ കഴിവുള്ള ചുമതലകളും അവയോടൊപ്പംതന്നെ ഉണ്ട്."

കെമൽ–"ലോകജീവിതത്തിൻെറ അവകാശങ്ങൾ അനുഭവിക്കയും ചുമതലകൾ വഹിക്കയും ചെയ്യുന്നതിനു പരസ്പരം സഹായിക്കയാണ് നമ്മുടെ പ്രധാന ചുമതല. അതു് ശരിക്കു വഹിച്ചാൽ ബാക്കിഉള്ളവ എല്ലാം താനെ ശരിപ്പെട്ടുകൊള്ളും."

ഇതിനിടയിൽ തന്നെ മിറിയാം ആദ്യം ഇരുന്ന സ്ഥലത്തുനിന്നു എണീററു കെമലിൻെറ അടുത്തുപോയിരുന്നു. അയാളുടെ ഒരു കൈ അവളുടെ കൈകളുടെ തടവുകാരനായിരിക്കുകയാണ്. കെമിലിൻെറ മററെ കൈ മിറിയാമിൻെറ തലയിൽ തടവുകയും, കുറുനിരകളുടെ ചുരുൾ നിവർത്താമൊ എന്നു പരീക്ഷിച്ചുനോക്കുകയുംചെയ്യുന്നു.

അവൾ കെമിലിനെ ഒന്നുകൂടി നോക്കിയശേഷം അൽപംകൂടി അടുത്തിരുന്നു. കെമലുമായി പരിചയപ്പെടുന്നതിനുമുമ്പ് മിറിയാം അവളുടെ അച്ഛനെ ആരാധിച്ചുവന്നിരുന്നു. അദ്ദേഹത്തെക്കാൾ ഉത്തമനായ ഒരു മനുഷ്യനും സ്നേഹപൂർണ്ണനായ ഒരു പിതാവും വേറെ ഉണ്ടായിരിക്കയില്ല എന്നാണ് ഇന്നും അഭിപ്രായം. എ

നാൽ ശരീരശക്തി ശൌയ്യവീയ്യപരാക്രമം, സൌന്ദയ്യം എന്നീകാൎയ്യങ്ങളിൽ അച്ഛനെയുംകെമലിനെയും തമ്മിൽ താരതമ്യപ്പെടുത്തുക അവൾ സാധാരണ ചെയ്യുന്ന കാൎയ്യമാണു്. അവളുടെ ഭത്തൃപദത്തിലേക്കു അടുത്തുതന്നെ പ്രവേശിക്കാൻ കുടുംബക്കാരും ബന്ധുജനങ്ങളും എല്ലാം ചേൎന്നു് അനുമതി നൽകിയ ആ യുവകേസരിയെ അവൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. "ഈ കോമളവിഗ്രഹം എൻെറ സ്വന്തമാണല്ലോ ശത്രുജേതാവായ ഈ വീരപരാക്രമി എന്നിൽ എന്തു കണ്ടിട്ടാണു് ആരാധിക്കുന്നതു്" എന്നിങ്ങനെ പോയി അവളുടെ ചിന്തകൾ. അവളുടെ അമ്മയെ അധമനായ ഒരു ഹുസൈൻ പാഷാ അയാളുടെ അന്തഃപുരത്തിലെ നിരവധി വെപ്പാട്ടികളിൽ ഒരുവൾ എന്ന നിലയിലേക്കു വലിച്ചു താഴ്ത്തുവാൻ ഭാവിച്ച സമയം അവിടെ എത്തി ആ വനിതയെ രക്ഷിച്ച് പ്രാണപ്രിയ ആയി സ്വീകരിച്ച കഥ മിറിയാമിനു ഓൎമ്മവന്നു. സ്നേഹിതൻ വിലയ്ക്കുചോദിച്ച അടിമയെ നാടുവാഴി സമ്മാനമായി കൊടുത്തതു് ഷെയിക്ക് അബ്ദുള്ളായുടെ അഭ്യൎത്ഥന നിരസിച്ച് അയാളുടെ ശത്രുതയ്ക്കു് പാത്രമായാൽ തൻെറ സ്ഥാനവും സ്വത്തും എല്ലാം അരനിമിഷംകൊണ്ടു് കൊള്ളക്കാർ തട്ടി എടുക്കുമെന്നു അറിയാമായിരുന്നതുകൊണ്ടു മാത്രമായിരുന്നു എന്നു് അവളുടെ മാതാവു് ലൈലാ, പറഞ്ഞ ആ ഭാഗംഎപ്പോഴുംഅവളുടെ മനസ്സിൽ തിളച്ചു പൊങ്ങിവരുമായിരുന്നു. അവളുടെ അച്ഛൻെറ ശരീരശക്തിയെയും അദ്ദേഹത്തിൻെറ അനുയായികളുടെ എണ്ണത്തെയും പരാക്രമത്തെയുംപററി മിറിയാമിനു ബഹുമാനം തോന്നിയതു അമ്മ ഈ കഥ പറഞ്ഞതു മുതലാണു്.

"അച്ഛനു് അമ്മയെ വിട്ടുതന്നില്ലായിരുന്നു എങ്കിൽ കൊള്ളക്കാർ നാടുവാഴിയെതകൎക്കുമായിരുന്നു എന്നു പറഞ്ഞതു എന്താണു്, അച്ഛൻെറ അനുയായികൾ കൊ

ള്ളക്കാരായിരുന്നുവൊ" മിറിയാം അപ്പോൾതന്നെ മാതാവിനോടു ചോദിച്ചു.

"അല്ല, പാഷായുടെ പരമശത്രുവായി കൊള്ളക്കാരുടെ മേധാവി ഒരാൾ ഉണ്ടായിരുന്നു. അയാളും അയാളുടെ അനുയായികളും, സൈന്യബലം ഇല്ലായിരുന്ന ഹൂസൻപാഷായെ ആക്രമിക്കാതെ രക്ഷിക്ക ആയിരുന്നു നിന്റെ അച്ഛൻ ചെയ്തുവന്നതു്. ആ സംരക്ഷണനടപടി ഉപേക്ഷിച്ചാൽ തന്റെ കഥ കഴിയും എന്നു പാഷായിക്കു അറിയാമായിരുന്നു. അതാണു അയാളെ ഭയപ്പെടുത്തിയതു്."എന്നു ലൈലാ വിശദീകരിച്ചപ്പോൾ മിറിയാമിനു തൃപ്തി ആയി. അവൾക്കു അച്ഛനെപ്പററിയുള്ള മതിപ്പു പലമടങ്ങു വർദ്ധിക്കുകയുംചെയ്തു.

അന്നു്, പാഷായിക്കു ഭയത്തിനുകാരണമായ കാലത്തു് അച്ഛനു് ഈ പ്രായമായിരുന്നിരിക്കാം. ശരീരവും ഇതുപോലായിരുന്നിരിക്കാം എന്നിങ്ങനെ അവൾ അത്യാധികം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്ന ഷെയിക്കു് അബ്ദുള്ളായെയും കെമിലിനെയും സാമ്യപ്പെടുത്തി മിറിയാം സന്തോഷിച്ചു.

കെമൽ പറഞ്ഞു–"ഈ നിലയിൽ ഇപ്പോഴത്തെപ്പോലെ ഇവിടെ തന്നെ എന്നും എപ്പോഴും ഇരിക്കാൻ സാധിച്ചിരുന്നെങ്കിൽ..."

മിറിയാം പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു. "ഒരു രണ്ടുമണിക്കൂർ കഴിയുമ്പോൾ തണുപ്പു സഹിക്കാവതല്ലാത്ത നിലയിൽഎത്തും. നേരം വെളുത്തു് ഒൻപതുമണി ആകുമ്പോൾ ഇവിടെ ഇരുന്നാൽ ഉരുകുന്ന വെയിലും. അവ എല്ലാം സഹിച്ചു് ഇവിടെ തന്നെ ഇരുന്നാൽ ഭ്രാന്താണെന്നു മനുഷ്യർ പറകയില്ലേ!"

കെമൽ–"എന്റെ ഹൃദയം കവർന്നെടുത്ത ആ പെൺകിടാവു് ഇങ്ങിനെ എന്റെ ദേഹത്തുചാരി ഇരിക്കുക; അതുകണ്ടു പുഞ്ചിരിതൂകുകയും ചിലപ്പോൾ നാണി

ച്ച് മേഘങ്ങളെ എടുത്തു മുഖംമറയ്ക്കുകയും ചെയ്യുന്ന അമ്പിളിഅമ്മാവൻ മാത്രം അതിനു സാക്ഷി ആയിരിക്കുക, ആജീവാനാന്തം അങ്ങിനെ കഴിക്കാൻ സാധിച്ചിരുന്നു എങ്കിൽ എന്നാണു് ഞാൻ ഉദ്ദേശിച്ചതു്."

മിറിയാം—"വളരെ നന്നായിരിക്കും; പക്ഷെ അതു സാദ്ധ്യമല്ലല്ലൊ. നമുക്കും വച്ചിട്ടുണ്ടല്ലൊ ചില ചുമതലകളെല്ലാം. ഇത്രയും പറഞ്ഞപ്പോഴാണു് ഒരു കാര്യം ഓർത്തതു്. ഞാൻ അധികം താമസിക്കരുതെന്നു് അമ്മ പറഞ്ഞിട്ടുണ്ടു്. അതല്ല ഞാൻ പറയാൻവന്നതു്. അങ്ങ് എന്നെ കല്യാണം കഴിക്കുന്നതിൽ വലിയ അതൃപ്തി ഉള്ള ചിലരെല്ലാം, ഞങ്ങളുടെ വർഗ്ഗത്തിൽ ഉണ്ടെന്നു അച്ഛൻ പറഞ്ഞു."

കെമൽ—"അവന്മാർപോയി ചാകാൻ പറയൂ."

മിറിയാം—"അതു ക്ഷണത്തിൽ പറഞ്ഞുതീരും. കാര്യങ്ങൾ എല്ലാം അങ്ങിനെ അവസാനിപ്പിക്കാൻ പററിയിരുന്നു എങ്കിൽ."

കെമൽ—"അവസാനിക്കാതിരിക്കാൻ കാരണമൊന്നും ഞാൻ കാണുന്നില്ല."

മിറിയാം—"നല്ലൊരു പെണ്ണിനെ സ്വജാതിയിൽ പെട്ട വല്ല നല്ല ചെറുപ്പക്കാരനും കൊടുത്തു് അവനെക്കൂടി അവകാശിയായി സ്വീകരിക്കാതെ, ഒരു പീറപറങ്കിക്കു പിടിച്ചുകൊടുക്കുന്നതു് ഒരു ജാതിത്തലവനു ചേന്നതല്ലെന്നും, അതു ജാതിയോടുതന്നെചെയ്യുന്ന വിശ്വാസവഞ്ചനയാണെന്നുമാണു് അവരുടെ വാദം."

കെമൽ—"ഞാൻ പറങ്കി ആണെന്നു പറയുന്നവനെ എനിക്കു ഒന്നു കാണണമല്ലൊ."

മിറിയാം—"ഒരുവനല്ല, പലരാണു് അങ്ങിനെ പറയുന്നതെങ്കിലൊ."

കെമൽ—"അവരെ എൻെറ കൈയിൽ കിട്ടിയാൽ

ഞാൻ ചമ്മട്ടികൊണ്ടു് അടിച്ചു എല്ലാവരുടെയും പുറം പൊളിക്കും."

കെമൽ പ്രദർശിപ്പിച്ച വീറും വാശിയും മിറിയാമിനെ സംതൃപ്തയാക്കി. അവൻ വൃഥാപറയുകയല്ല. പറയുന്നതുപോലെ പ്രവൎത്തിക്കുകയും ചെയ്യുമെന്നായിരുന്നു അവളുടെ വിശ്വാസം. എന്നിട്ടും എതിരുപിടിക്കുകയാണു ചെയ്തതു്. "എന്തിനാണു് അവരെ അടിക്കുന്നതു്. അവർ പറഞ്ഞതു പരമാൎത്ഥമല്ലേ."

കെമൽ—"അല്ല. എന്റെ അച്ഛൻ ഒരു വെള്ളക്കാരനായിരുന്നു എങ്കിൽ എന്താണു്. ഷാലാൻപ്രഭു കുടുംബത്തിന്റെ ഉത്ഭവം കാലിഫന്മാരിൽ നിന്നായിരുന്നു എന്നും, എന്റെ അമ്മ ആ കുടുംബത്തിലെ ഒരു അംഗമാണെന്നും ആ മറയന്മാൎക്കു് അറിഞ്ഞുകൂടാഞ്ഞിട്ടല്ലല്ലൊ ഇങ്ങനെ വാദിക്കുന്നതു്. അത്രമാത്രമല്ല, ഞാൻ ഇനി ഇംഗ്ലണ്ടിലേക്കു മടങ്ങുന്നില്ലെന്നും എന്റെവംശത്തിന്റെ തലവനെന്നനിലയിലുള്ള ചുമതലകൾ വഹിച്ചുകൊണ്ടു് ഈ രാജ്യത്തുതന്നെ താമസിക്കാനാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതെന്നും അറിഞ്ഞുകൂടാത്തവർ ആരും ഇവിടെങ്ങുമില്ല. അസംതൃപ്തരായവർ ആരൊക്കെയൊകൂടി കുത്തിഇളക്കുന്നതാണു് ഇതെല്ലാം. അങ്ങിനെയുള്ളവർ വളരെപേർ ഉണ്ടോ? അറിയാമൊ."

മിറിയാം—"അതൃപ്തിയുള്ളവർ ഉണ്ടായിരിക്കണം! അതു കേവലം നിസ്സാരമാണെങ്കിൽ അച്ഛൻ എന്നോടു പറയുമായിരുന്നില്ല. ചില്ലറക്കാൎയ്യങ്ങൾ ഒന്നും അച്ഛനെ സ്പർശിക്കാറില്ല. അല്ല വലിയ കാൎയ്യങ്ങളായാലും അവിടെ ഇളക്കം ഒന്നും ഇല്ല."

കെമൽ—"അവർ വല്ലകോണിലും കിടന്നു പിറുപിറുത്തുകൊള്ളട്ടെ. നമുക്കെന്തുനഷ്ടം. ഇത്രമനോഹരമായ ഒരു രാത്രിയിൽ, അമ്പിളിഅമ്മാവൻ നമ്മെനോക്കി പുഞ്ചിരിയിടുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ഈ സ

മയത്തു് നാം എന്തിനാണു് അതൃപ്തരെപ്പററിയും അവരുടെ അസംതൃപ്തിയെപ്പററിയും ചിന്തിക്കയും സംസാരിക്കയും ചെയ്യുന്നതു്. നമുക്കു നമ്മുടെ പാട്ടുനോക്കാം."

അതുകേട്ടു മിറിയാം ഒന്നുചിരിച്ചു. ആ ചിരി പൂർത്തിആക്കാൻ സാധിച്ചില്ല. കെമൽ അവളെ ചുററിപ്പിടിച്ചു. ചന്ദ്രിക മേഘത്തിനിടയിൽ മറഞ്ഞു. എന്നിട്ടും അവരുടെ അധരങ്ങൾ ആ ഇരുട്ടിൽ വഴിതെററാതെ തമ്മിൽ ഇടഞ്ഞു. അവർ അസംതൃപ്തരെ മറന്നു, അവരുടെ മുറുമുറുപ്പും മറന്നു.

# അദ്ധ്യായം 2

ഷെയ്ക്കു് അബ്ദല്ലായുടെ നഗരത്തിൻെറ ഒരു അപ്രധാന വീഥിയിൽ, സാമാന്യം മോടിയുള്ള ഒരു കട. സർവ്വവ്യാപി ആയ മണലും പൊടിയും അവിടെഉള്ള ആസനങ്ങളേയും ചെറുമേശകളേയും ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ടു്. മുറികളുടെ തറയും അങ്ങിനെതന്നെ. മണൽപൊടിയോടു മൽസരിക്കുന്നതിനു കെൽപും സാമർത്ഥ്യവുമുള്ള ഈച്ചകൾ ഒരു മണൽതരിക്കു് ഒന്നു വീതംഉണ്ടെന്നു തോന്നിപ്പോകും. ആ കടയിൽ സാധാരണന്മാക്കുള്ള മുറിയിൽ ആരൊക്കെയൊഇരുന്നു് അവരുടെ ജോലിനിർവഹിക്കുന്നു. അവരുമായി ഈ ചരിത്രത്തിനു ബന്ധമൊന്നുമില്ല. നമുക്കു് അകത്തുള്ള "സ്പെഷ്യൽ" ക്ലാസുകാരുടെ അടുക്കലേക്കുപോകാം.

മൂന്നു ചെറുപ്പക്കാരുണ്ടു് ഒരുമുറിയിൽ. മൂന്നുപേരും ഓരോ വൃത്തികെട്ട ഇരിക്കക്കട്ടിലിൽ ആസനാസ്ഥ

രായിരിക്കുന്നു. മദ്ധ്യത്തിലുള്ള ചെറുമേശയിൽ ഒരു കുപ്പിമദ്യവും ഉണ്ട്. നേതാവ് കുപ്പിഎടുത്ത് അതിൽനിന്നു അയാളുടെ ഗ്ലാസ്സ്നിറച്ചിട്ട് മററു രണ്ടാളും അയാളെ അനുകരിക്കാൻ തല ഒന്നു വെട്ടിച്ച് അനുമതിയെ ആജ്ഞയൊ നൽകിയശേഷം അയാളുടെ ഗ്ലാസിലുണ്ടായിരുന്നതു് ഒററവലിക്ക് അകത്താക്കി. അത്രയുമായപ്പോഴാണ് അയാൾക്കു കാര്യ്യംപറവാൻ തന്റേടം ഉണ്ടായതു്. മദ്യപന്മാരുടെ നേതാവായ കാസിം പറഞ്ഞു. "ആ ചെയിത്താന്റെമകനെ ആയിരം ആയിരം പട്ടികൾകൂടി കടിച്ചുകീറി തിന്നട്ടെ."

കാസിം പേരൊന്നും പറഞ്ഞില്ലെങ്കിലും അയാൾ "അനുഗ്രഹിച്ചതു്" ആരെ ആണെന്നു് അറിയാമായിരുന്ന അനുചരന്മാർതലകുലുക്കി "യെസ്" വച്ചുകൊണ്ട് അവരുടെ വീതം മദ്യംസേവിച്ചു.

ഷെയിക്ക് അബ്ദുള്ളായുടെ പുത്രിയുടെ വിവാഹനിശ്ചയത്തിനുള്ള ക്ഷണം കിട്ടിയിട്ടും, വിരുന്നിൽ സംബന്ധിക്കാൻപോകാതെ, അനുയായികളിൽ പ്രധാനന്മാരായ രണ്ടുപേരേയും കൂട്ടിക്കൊണ്ട് മദ്യക്കടയിലേക്കുപുറപ്പെട്ട കാസിം നിസ്സാരനല്ല. മദ്യത്തോടുള്ള പ്രതിപത്തി അയാളുടെ സ്ഥാനകാംക്ഷയുടെ ശക്തി വർദ്ധിപ്പിക്കയാണു് ചെയ്തതു്. പലദിവസത്തെ ആലോചനയ്ക്കുശേഷം, ഒരു വൻകാര്യ്യം സാധിക്കുന്നതിനു പുറപ്പെട്ട കാസിമിനെ അയാളുടെ അനുചരന്മാരുടെ മൌനം നിരുത്സാഹപ്പെടുത്തിയില്ല. അയാൾ തുടന്നു. "പറങ്കി ചെയിത്താന്റെ സന്താനമാണെന്നുള്ളതിൽ സംശയമില്ല."

ഇത്രയും ആയപ്പോൾ അനുചരൻ ഇസ്മാൽ പറഞ്ഞു. "പറങ്കി ചെയിത്താന്റെ മകൻതന്നെ ആയിരിക്കണം."

കാര്യ്യം മറച്ചുവച്ചുപറയാതെ തുറന്നുതന്നെവിടുക

യാണ് ഉത്തമമെന്നു കാസിമിന്ന് തോന്നി അയാൾപ്പറഞ്ഞു. "ഞാൻ തത്വങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാനല്ല നിങ്ങളെ ഇവിടെക്കൂട്ടിക്കൊണ്ടുവന്നതു്. നമ്മുടെ ജാതിയുടെ ഭാവി ത്രാസിൽതൂങ്ങുന്ന ഈ ഘട്ടത്തിൽ നാം ഉണൎന്നു പ്രവൎത്തിക്കാത്തപക്ഷം എല്ലാം കുഴപ്പത്തിലാകും—ആ വിവരം നിങ്ങളെക്കൂടി ധരിപ്പിക്കണമെന്നുവച്ചാണു് ഇവിടേക്കുവിളിച്ചതു്. ഷെയിക്കു് അബ്ദുള്ളാവൃദ്ധനായി. അയാളുടെകഥ എപ്പോഴാണു് കഴിയുന്നതെന്നു് അറിഞ്ഞില്ല. നാം അനങ്ങാതിരുന്നാൽ, ഒരു പറങ്കിയുടെ നുകം നമ്മുടെചുമലിൽ കേറും."

ഇസ്മാൽ—"അതെങ്ങിനയാണു്."

കാസിം—"നിങ്ങൾ അറിഞ്ഞില്ലെന്നൊ? നന്നായി! ഷെയിക്കു് അബ്ദുള്ളായുടെ ഏകപുത്രിയെ ഒരു ഒന്നാംതരം പറങ്കിത്തയ കെമലിനെക്കൊണ്ടു് വിവാഹംകഴിപ്പിക്കുന്നതിന്നു തീൎച്ചപ്പെടുത്തി ഇന്നുപരസ്യമായി വിവാഹനിശ്ചയംചെയ്തു. കെമൽ ആ പെൺകുട്ടിയെ പണ്ടേ പാട്ടിലാക്കിയതാണു്, പോകട്ടെ—ആ കഥ ഒന്നും വൎണ്ണിക്കാതിരിക്ക ആയിരിക്കും ഉത്തമം. ഗതി ഇല്ലാതെ ഷെയിക്കു് അബ്ദുള്ളായും ഇപ്പോൾ സമ്മതിച്ചു."

ഇസ്മാൽ—"അതുകൊണ്ടെന്തു കുഴപ്പം ഉണ്ടാകാനാണു്."

കാസിം—"ആ കെമൽ ഒരു പറങ്കി ത്തുണു്. ഷെയിക്കു് അബ്ദുള്ളാ മരിക്കയൊ, അദ്ദേഹത്തിൻെറ ആരോഗ്യം നശിക്കയൊ ചെയ്യുമ്പോൾ നമ്മുടെ ജാതിത്തലവനാകാൻ ഒരുങ്ങിയാണു്, ആ സ്ഥാനത്തിൽ കണ്ണുവച്ചുകൊണ്ടാണു് അവൻ പെണ്ണിനെ പാട്ടിലാക്കിയതു്."

ഇസ്മാൽ—"കെമലിൻെറ മാതാവു് കാലിഫിൻെറ വംശത്തിൽപെട്ടവളാണെന്നാണല്ലൊ പറയുന്നതു്."

കാസിം—"നായിന്റെ മോൻ പറഞ്ഞുപരത്തിയിരിക്കുന്ന പച്ചക്കള്ളമാണു് അതു്. അവന്റെ അമ്മയും ഷെയിത്താനുമായിട്ടല്ലാതെ കാലിഫുമായി യാതൊരു സംബന്ധവുമില്ല. അവൻ ഒരു പറങ്കിയുടെ മകനായ പച്ചപ്പറങ്കിയാണു്. അറബികുപ്പായം തട്ടിഎടുത്തു് അതിൽകേറി എന്നുവച്ചു് അവൻ എങ്ങിനെയാണു് അറബിആകുന്നതു്. അവനെ നമുക്കു വേണ്ടാ."

മദ്യം തലയ്ക്കു നന്നായി കൊണ്ടതുകൊണ്ടു് കാസിമിന്റെ കൂട്ടുകാൎക്കു് അയാളുടെ വാദത്തിന്റെ ഗതിയും ഉള്ളുകള്ളികളും ഒന്നും മനസ്സിലായില്ല. വയറുനിറയെ മദ്യംവാങ്ങിക്കൊടുത്ത ആളിനെ തള്ളിയിട്ടു് എവിടെയൊ ഇരിക്കുന്ന കെമലിന്റെ ഭാഗംപിടിച്ചു വാദിക്കേണ്ട ആവശ്യം അവർ കണ്ടില്ല. അതുകൊണ്ടു് കാസിം പറയുന്നതു് എന്തായാലും അതു ശരിയെന്നു് അവർ സമ്മതിക്കയും അക്കാൎയ്യത്തിൽ അവരുടെ പരിപൂൎണ്ണസഹകരണം വാഗ്ദത്തം ചെയ്കയും ചെയ്തു.

കാസിം ചോദിച്ചു. "ഈ വിവാഹം നടത്തുന്നതു് നമ്മുടെ ജാതിയെ ഒററുകൊടുക്കുന്നതിനു തുല്യമാണെന്നു് നിങ്ങളും സമ്മതിക്കുന്ന സ്ഥിതിക്കു് അതുതടയാൻ എന്തുചെയ്യണമെന്നാണു് നിങ്ങളുടെ അഭിപ്രായം എന്നു പറയണം."

ഇസ്മാൽ—"അതിനു ഞങ്ങൾ എന്തുചെയ്യണമെന്നാണു്, ഇങ്ങോട്ടു പറഞ്ഞേക്കണം."

കാസിം—"ഷെയിക്കിനു് മകൾ ഇല്ലെങ്കിൽ പിന്നെ വിവാഹവും ഇല്ല, വിവാഹം നടക്കുന്നില്ലെങ്കിൽ കെമലിനു് ജാതിത്തലവനാകാൻ അവകാശം ഉണ്ടാകയില്ല. അപ്പോൾ അവൻ നമ്മുടെ തലവനാകാൻ ഒരുങ്ങി പുറപ്പെടുകയുമില്ല."

ഷെയിക്കു് അബ്ദുള്ളായെ പൊതുവെ എല്ലാവൎക്കും ബഹുമാനമായിരുന്നു. കാസിമിന്റെ സിൽബന്ധി

കൾക്കും അദ്ദേഹത്തോടു വിരോധമുണ്ടായിരുന്നില്ല എന്നു മാത്രമല്ല ബഹുമാനം ഉണ്ടായിരുന്നു താനും. "ഷെയിക്കിനമകൾ ഇല്ലെങ്കിൽ..." എന്നുള്ള വാദം അവരെ രണ്ടാളെയും അല്പം ഒന്നു കലുക്കി. ആ വാദം മദ്യത്തിൻെറ കെട്ടുതന്നെ അല്പം ഒന്നു കുറച്ചു.

ഇസ്ലാൽ ധൃതിയിൽ ചോദിച്ചു. "അപ്പോൾ ഷെയിക്കിൻെറ മകളെ കൊന്നുകളയാമെന്നാണൊ പറയുന്നതു്?"

കാസിം-"അത്യാവശ്യമില്ലാതെ ഒരിക്കലും ഒരുത്തരെയും കൊല്ലരുതെന്നാണു് എൻെറ അഭിപ്രായം. ഷെയിക്കു് അബ്ദുള്ളായുടെ മകളെ കൊല്ലാതെ നമുക്കു കാൎയ്യം സാധിക്കാമല്ലൊ."

ഇസ്ലാൽ-"പിന്നെങ്ങിനെയാണു് മകൾ ഇല്ലാതാകുന്നതു്."

കാസിം-"അവളെ കാണാതായാലും മതിയല്ലൊ. കടത്തണം ഇവിടെനിന്നു്."

ഇസ്ലാൽ-"കൊട്ടാരത്തിൽനിന്നു്, കാവൽക്കാരുടെ എല്ലാം കണ്ണുമറച്ചൊ, അവരെ വീഴിച്ചിട്ടൊ കൊണ്ടുപോകാൻ സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല."

കാസിം-"അതു ശരിയാണെന്നു ഞാനും സമ്മതിക്കുന്നു. ഷെയിക്കു് അബ്ദുള്ളാ കൊട്ടാരത്തിൽ ഒരുമാസം തികച്ചു താമസിച്ചുകണ്ടിട്ടുണ്ടൊ നിങ്ങൾ? ഇക്കാലമെല്ലാം കൂടാരത്തിൽ കഴിച്ചുതുകൊണ്ടു് കൊട്ടാരത്തിൽ കേറിയാൽ ശ്വാസംമുട്ടുമെന്നാണു് അയാൾ പറയുന്നതു്. മകളുടെ വിവാഹം നഗരാതൃത്തിക്കുപുറത്തു കൂടാരത്തിൽവച്ചു നടത്തണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതെന്നു് എനിക്കു അറിയാം."

"ഇസ്ലാൽ-എന്നാലെന്താണു് വിശേഷം. അവിടെയും കാവൽക്കാർ ധാരാളമുണ്ടായിരിക്കും."

കാസിം-"വിവാഹദിവസമാണു് നല്ല അവസരം.

വലിയ ബഹളത്തിനിടയിൽ അവളെ തട്ടിഎടുത്തുകൊണ്ടു കടക്കണം. വിവാഹത്തിനു കുറിച്ചിട്ടുള്ള ദിവസത്തിൻെറ തലേരാത്രി ആയിരിക്കും ഏററംപററിയ മുഹൂൎത്തം."

ഇസ്മാൽ–"അതു സാധിക്കാൻ പോകുന്നൊ? എനിക്കു സംശയമാണു്."

കാസിം–"ഞാൻ വളരെ കാൎയ്യമായി ആലോചിച്ചു് അതിനുള്ള പ്ളാൻ എല്ലാം തയ്യാറാക്കിയതാണു്. അധികം ആളൊന്നും വേണ്ടാ. നാം മൂന്നുപേരും മാത്രം മതി. ആ രാത്രി കൂടാരത്തിലേക്കു ധാരാളം ആളുകൾ വരുകയും, പുറത്തേക്കു ധാരാളംപേർ പോകയും ചെയ്തുകൊണ്ടിരിക്കും. പരസ്പരം അറിയാത്തവരായിരിക്കും അതിലധികവും. ആ കൂട്ടത്തിൽ കൂടാരത്തിൽ കടക്കാൻ നമുക്കു യാതൊരു പ്രയാസവും വരുകയില്ല."

കാസിം പ്ളാൻ വിശദീകരിക്കാൻ തുടങ്ങിയശേഷം ഇതേവരെ ഇസ്മാൽ മദ്യം സേവിച്ചിട്ടില്ല. അതിൻെറ ഗൗരവം അയാൾക്കു ഏതാണ്ടു മനസ്സിലായപ്പോൾ കുടിച്ചുകഴിഞ്ഞ മദ്യത്തിൻെറ "കെട്ടും" കുറെ കുറഞ്ഞു. അയാൾ ചോദിച്ചു. "ഇതു് കുറെ കടന്ന കൈ അല്ലെ? നമ്മെ പിടികൂടിയാൽ......"

കാസിം–"പിടികൂടാൻ ഒരു ന്യായവുമില്ല. ഞാൻ പറയുന്നതു മുഴുവൻ കേൾക്കുമ്പോൾ അതു മനസ്സിലാകും."

ഇസ്മാൽ–"ബാക്കികൂടി കേൾക്കട്ടെ."

കാസിം–കൂടാരത്തിൽനിന്നു പുറത്തുവന്നാൽ ഉടൻ നമുക്കു കടക്കണം. അതിനു ഒന്നാംതരം ഒട്ടകങ്ങൾ നാലെണ്ണത്തെ ഞാൻ കണ്ടിട്ടുണ്ടു്. അവയ്ക്കുവേണ്ട വെള്ളവും തീററിയും എല്ലാംകൊടുത്തു്, കണ്ണുകാണിച്ചാൽ പറക്കാൻ തക്കവിധം ശരിപ്പെടുത്തി നിറുത്തിയിട്ടായിരിക്കും നാം പുറപ്പെടുന്നതു്. അതൊന്നും നിങ്ങൾ അറിയേണ്ടതില്ല."

ഇസ്മാലിൻെറ സംശയമൊ ഭയമൊ അതുകൊണ്ട് തീൎന്നില്ല. അയാളുടെ കൂട്ടാളി, ഈ ഗൂഢാലോചനസംഘത്തിലെ മൂന്നാമത്തെ ആൾ കുടിക്കാവുന്നിടത്തോളം കുടിച്ചശേഷം ഇരിക്കക്കട്ടിലിൽകിടന്നു കൂൎക്കം വലിച്ചു ഉറങ്ങുകയാണു്. അയാളുടെ അഭിപ്രായം അറിവാൻ മാൎഗ്ഗമില്ലാതായതു് ഇസ്മാലിൻെറ ചുമതല വൎദ്ധിപ്പിച്ചതായി അവനു തോന്നി.

ഇസ്മാൽ—"കൂടാരത്തിനുള്ളിൽ കടന്നാലുടനെ പെണ്ണു് ഓടിവന്നു നമ്മുടെ കീശയിൽകേറി ഒളിച്ചിരുന്നു കൊള്ളുമൊ."

കാസിം—"ഇല്ല. സ്ത്രീകൾക്കായി വേൎതിരിച്ചിട്ടുള്ള കൂടാരത്തിൽകടന്നു് അവളെ പിടിച്ചെടുക്കണം. നാലാറു പെണ്ണുങ്ങളെ പറഞ്ഞുനിറുത്താൻ നമുക്കു സാധിക്കയില്ലെന്നാണൊ ഇസ്മാലിൻെറ ഭയം."

ഇസ്മാൽ—"എനിക്കു് ആരെയും ഭയമില്ല. ഒന്നിൽ മുഖംവച്ചിട്ടു പാറാതെ തോററുപോകാൻ ഇഷ്ടമില്ലാത്തതുകൊണ്ടു് ചോദിക്കുന്നതാണു്. ആകട്ടെ, പെണ്ണിനെ പിടിച്ചെടുക്കാൻ സാധിച്ചാൽ പിന്നത്തെ നടപടിയെന്താണു്?"

കാസിം—"അവളെയും കൊണ്ടു കടക്കണം."

ഇസ്മാൽ—"എവിടേക്കു കടക്കാനാണു്? നിങ്ങൾക്കു് അവളെ ഭാൎയ്യ ആക്കണമെന്നാണൊ ലാക്കു്."

കാസിം—"അവൾതന്നെ അര പറങ്കിയാണു്. പോരെങ്കിൽ പറങ്കികളുടെ ഇടയിൽ താമസിച്ചു അവരുടെ വികൃതിത്തരങ്ങൾ എല്ലാം കൈക്കലാക്കിയിട്ടുമുണ്ടു്. അങ്ങിനെയുള്ള ഒന്നിനെ എനിക്കു് എന്തിനാണു്."

ഇസ്മാൽ—"പിന്നെ അവളെ തട്ടികൊണ്ടുപോയി നാം എന്തു കാണിക്കണമെന്നാണു് പറയുന്നതു്."

കാസിം. "ഞാൻ സ്നേഹിതന്മാരെ ഒരിക്കലും മറന്നു കളയുന്നവനല്ല. ഒരു പറങ്കി നമ്മുടെ ജാതിത്തല

വനായാൽ, നിങ്ങൾക്ക് എല്ലാവക്കും ഉണ്ടാകുന്നതിലധികം അപമാനവും ബുദ്ധിമുട്ടുകളും എനിക്കും ഉണ്ടാകാനില്ല. എൻെറ സൂത്രം ഫലിച്ചാൽ അതൊക്കെ ഒഴിച്ചു വയ്ക്കുകയും, അതേസമയംതന്നെ നിങ്ങൾരണ്ടുപേക്കും നല്ലൊരു സംഖ്യകിട്ടുകയും ചെയ്യുമെന്നുള്ളതാണ് എൻെറ പ്ലാനിനുള്ളവിശേഷം."

ഇസ്മാൽ–"അതു എങ്ങിനെയാണ്."

കാസിം–"ആപെണ്ണിനെപിടിച്ചേടുക്കാൻ സാധാച്ചാൽ എന്തുചെയ്യുമെന്നു മുമ്പു ചോദിച്ചല്ലൊ. കൈയിൽ കിട്ടുന്നക്ഷണത്തിൽ കടക്കണം. അടിമചന്തയിൽ ചെന്നല്ലാതെ തിരിഞ്ഞുനോക്കരുതു്"

അതു കേട്ടപ്പോൾ ഇസ്മാലിൻെറ പരിഭ്രമം വദ്ധിച്ചു. "അടിമചന്തയിലൊ! ഷെയിക്കിൻെറ മകളെഅടിമയായി വിൽക്കാനോ?"

കാസിം–"അതേ അടിമചന്തയിൽ. മിറിയാം ഒരു സുന്ദരിയാണെന്നു എനിക്കു തോന്നിയിട്ടില്ല. അവൾ ഒരു അരപറങ്കച്ചിയാണ്. പറങ്കച്ചികളുടെ മട്ടും നടപ്പും ഒന്നും എനിക്കു പിടിക്കയില്ല: എന്നാൽഅവളെ അ.ം സുന്ദരി ആയി എണ്ണുന്നവർ ധാരാളം കാണും. അതുകൊണ്ടു് നല്ല വിലയ്ക്കു വില്ക്കാൻ സാധിക്കും. അങ്ങിനെ കിട്ടുന്ന പണം നിങ്ങൾ രണ്ടാളും കൂടി വീതിച്ചു എടുത്തുകൊള്ളണം. ഈസൂത്രത്തിൻെറ സൂത്രധാരൻ ഞാൻ ആണെങ്കിലും എനിക്കു ഒരു കാശുപോലും വേണ്ട."

ഇസ്മാൽ–"ഷെയിക്കിൻെറ മകളെ അടിമചന്തയിൽ വിററു കളയാമെന്നൊ. നരകതുല്യമായ ആ സ്ഥലത്തു് അടിമകളെ വാങ്ങാൻ മനുഷ്യമൃഗങ്ങളാണ് ചെന്നു കൂടുന്നതെന്നും കേട്ടിട്ടുണ്ട്."

കാസിം–"അതു കുറെയെല്ലാം ശരിതന്നെയാണ്. അത്തരക്കാർ മിറിയാമിനെപോലുള്ള സുന്ദരകളെ

കണ്ടിട്ടുതന്നെ ഉണ്ടായിരിക്കയില്ല. മൽസരിച്ച് ലേലം കൂട്ടിക്കൊള്ളും. അതിന്നു അവരെ കുററപ്പെടുത്താനുമില്ല. മിറിയാമിനെപോലുള്ള ഒരു പെണ്ണ് പന്തീരാണ്ടിൽ ഒരിക്കൽ എങ്കിലും ആ ചന്തയിൽ വില്പനയ്ക്കു വരുകയില്ല. നിങ്ങൾക്കു ഓർക്കാൻപോലും സാധിക്കാത്ത വിലകിട്ടുമെന്നുള്ളതിൽ സംശയമില്ല. നിങ്ങൾക്കു വീതിച്ചെടുക്കാൻ എത്ര വമ്പിച്ച സംഖ്യ കിട്ടുന്നൊ അത്രമാത്രം സന്തോഷമെ എനിക്കു ഉണ്ടാകയുള്ളു."

നല്ലൊരുസംഖ്യ—വലിയൊരു സംഖ്യ—കിട്ടുമെന്നുള്ളതു് വളരെ ആകർഷണീയമായി തോന്നി ഇസ്മാലിന്ന്. ഷെയിക്ക് അബ്ദുള്ളാ വൃദ്ധനും രോഗിയും ആയി എങ്കിലും മനഃശക്തിക്കു യാതൊരു കോട്ടവും ഉണ്ടായിട്ടില്ല. ശത്രുക്കളെ സംഹരിക്കുന്നതിന്ന് എന്നല്ല അവരെ അരച്ചു കലക്കുകയൊ തവിടുപൊടിആക്കുകയൊ ചെയ്യുന്നതിന്നു വേണ്ട കരുത്തു് ഇന്നും ഉണ്ടെന്നു അടുത്തകാലത്തും തെളിഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ പുത്രിയെ തട്ടിണ്ടു പോകാനുള്ള ശ്രമം വിഫലമാകുകയും ആ സാഹസത്തിന്നു മുതിരുന്നവർ പിടിയിൽ പെടുകയും ചെയ്താൽ ഉണ്ടാകാവുന്ന അനുഭവം ഓർത്തപ്പോൾ ഇസ്മാൽ വിയർത്തുപോയി. അതേ സമയം തന്നെ മിറിയാമിനെ അടിമച്ചന്തയിൽ വിൽക്കാൻ പററിയാൽ കിട്ടാനിടയുള്ള സംഖ്യ അവൻെറ അത്യാർത്തിയെ തട്ടി ഉണർത്തുകയും ചെയ്തു. എന്തെങ്കിലും ഒന്നു തീർച്ചപ്പെടുത്താൻ പ്രയാസമായി തോന്നുകയാൽ അവൻ കൂട്ടാളിയെ വിളിച്ചുണർത്തി അഭിപ്രായം ചോദിച്ചു. ഉറക്കംകൊണ്ടു് മദ്യത്തിൻെറകെട്ടു് ഒട്ടു വിട്ടിരുന്നതിനാൽ അവനെ കാര്യം ധരിപ്പിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. അവൻ അധികം ആലോചിക്കാതെ തന്നെ പറഞ്ഞു. "ഒട്ടധികം പണം കിട്ടുന്നതു നല്ലതാണ്. പക്ഷെ നമ്മെ പിടികൂടി പോയെങ്കിലൊ? മണലാരണ്യത്തിലുള്ള എറുമ്പു കൂട്ടിൽ കെട്ടി നിറു

ത്തുക ആയിരിക്കും ഷെയിക്ക് ചെയ്യുന്നതു്. ഉരുകുന്ന വെയിലത്തുനിന്ന് ഉരുകുന്നതിനിടയ്ക്കു എറുമ്പുകൾ ദേഹമാസകലം പൊതിഞ്ഞുകൂടി ഇരുന്നുകടിക്കുന്നതു് ഓർക്കാൻകൂടി വയ്യാ."

കാസിം—"പടികൂടിയാലല്ലെ അതൊക്കെസംഭവിക്കുന്നതു്. അവന്മാർ പുറകെവന്നാൽ പിടിച്ചുകൊള്ളുക എന്നുപറഞ്ഞു നിന്നുകൊടുക്കാൻ പോകുന്നൊ? പെണ്ണിനെ കൈയ്യിൽ കിട്ടുന്ന ക്ഷണത്തിൽ ഒട്ടകപ്പുറത്തുകേറി പറക്കുകയില്ലെ നാം. അടിമചന്തയിൽ കൊണ്ടുചെന്ന് അവളെ ഒന്നുകാണിച്ചാൽ മതി, അവളുടെ തൂക്കത്തിൽ അധികപണംതന്നെ റാഞ്ചി എടുത്തുകൊണ്ടു പൊയ്ക്കൊള്ളും. നിങ്ങൾ പണം വീതിച്ചുഎടുത്തുകൊള്ളണം"

ഇസ്മാലും കൂട്ടകാരനുമായി കുറെ സമയം വളരെ ഗൗരവതരമായ കൂടിയാലോചന നടന്നു. അതു കഴിഞ്ഞു് ഇസ്മാൽ പറഞ്ഞു"കാസിം സാഹേബു ഞങ്ങളെ ചതിക്കയില്ലെന്നും ഇപ്പോൾ പറഞ്ഞതുപോലൊക്കെ ചെയ്യാമെന്നുംനിബിയുടെ പേരുപറഞ്ഞു് ആണയിട്ടാൽ ഞങ്ങൾ സമ്മതിക്കാം."

കാസിം—"എന്തു ശപ്പന്മാരാണു് നിങ്ങൾ. ഞാൻ വാക്കുപറഞ്ഞാൽ പോരാ. അല്ലെ! എന്റെ വാക്കു വാക്കു തന്നെ ആണെന്നു ഷെയിക്കു് അബ്ദുള്ളാപോലും സമ്മതിക്കുന്നതാണു്. അതുപോകട്ടെ എന്താണു് ഞാൻ അണയിടേണ്ടതു്."

ഇസ്മാൽ—"മിറിയാമിനെ വിററു കിട്ടുന്ന സംഖ്യ മുഴുവൻ ഞങ്ങൾക്കുതരാമെന്നും നിങ്ങൾ അതിൽ ഒരംശം പോലും അവകാശപ്പെടുകയൊ എടുക്കുകയൊ ഇല്ലെന്നും ഞങ്ങളെ ചതിക്കയില്ലെന്നും ആണയിടണം."

കാസിം ആണയിട്ടു. അന്ത്യശ്വാസംവരെ അയാളെ സഹായിക്കാമെന്നും ഇസ്മാലും കൂട്ടാളിയും കാസിം ആവശ്യപ്പെടാതെതന്നെ സത്യം ചെയ്തു.

# അദ്ധ്യായം 3

പത്തൊമ്പതുവർഷം മുമ്പ്‌വരെ, "ഘാലായിലെ സിംഹം" എന്ന് അഹങ്കാരത്തോടുകൂടി തന്നത്താൻ വിളിച്ചുവന്ന ഹുസൈൻപാഷായുടെ ഇന്നത്തെ സ്ഥിതികണ്ടാൽ സങ്കടംതോന്നും. ഇരുപതുവഷംമുമ്പാണ് അയാളുടെ ആൾക്കാരിൽചിലക്ക ഒരു പറങ്കിപ്പെണ്ണിനെ മണലാരണ്യത്തിൽനിന്നുകിട്ടിയതു്. ഒരു വിമാനാപകടത്തിൽപെട്ടു എങ്കിലും മരിക്കാതെരക്ഷപെട്ട അവളെ പഷായുടെഅനുചരന്മാർകണ്ടു കൂട്ടിക്കൊണ്ടുപോയിരുന്നു എങ്കിൽ അവൾ ആ മണലാരണ്യത്തിൽ കിടന്ന് ഉണങ്ങി ഉരുകി നശിക്കുമായിരുന്നു. ഘാലാനഗരത്തിൻെറ സവ്വാധിപതിയും" കൊട്ടാര അന്തഃപുരത്തിലുണ്ടായിരുന്ന അനേകം ഭാൎയ്യമാരുടെയും വെപ്പാട്ടികളുടെയും മററു സ്ത്രീകളുടേയും ഉടസ്ഥനുംആയിരുന്ന ഹുസൈൻ പാഷായെ ആ പെണ്ണിൻെറ സൌന്ദൎയ്യവും യൌവ്വനവും ഭ്രാന്തനാക്കി. അവൾ അല്പംവിസമ്മതിച്ചതു് പാഷായുടെ അഭിമാനത്തെ ക്ഷതപ്പെടുത്തി. ആ അധികപ്രസംഗിപെണ്ണു്, വിളിക്കാതെ തൻെറ ഉറക്കറയിൽ വരത്തക്കവിധം അവളുടെ ധിക്കാരം തകത്തു പട്ടുശീലമാക്കുന്നതിനു വേണ്ട ചട്ടംകെട്ടുകൾചെയ്തു ഹുസൈൻ പാഷാ.

ഹുസൈൻപാഷായിക്കു പണം ധാരാളം ഉണ്ടായിരുന്നുഎങ്കിലും അനുചരന്മാർ കുറവും ശത്രുക്കൾ വളരെയും ആയിരുന്നു. ഘാലാനഗരത്തെ കൊള്ളഅടിക്കാൻ തക്കംനോക്കി നടന്നവരെതടഞ്ഞുനിറുത്താൻ പാഷായുടെഭടന്മാക്കൊ അനുയായികൾക്കൊ കെൽപ്പുണ്ടായിരുന്നില്ല. അതുകൊണ്ടു് ഹുസൈൻപാഷാ, പുറത്തുനിന്നു

സഹായം ലഭിക്കുന്നതിനുള്ളമാർഗ്ഗം തേടേണ്ടതായിവന്നു. ഘാലാനഗരത്തിനുസമീപമുള്ള ആരണ്യപ്രദേശങ്ങളിൽ എല്ലാം വീരപരാക്രമിയെന്ന് അക്കാലത്തുകേൾവിപ്പെട്ടിരുന്ന ഷെയിക്ക് അബ്ദുള്ളാഎന്നൊരു യുവാവിന്റെ സഹായവാഗ്ദാനം പാഷാ സമ്പാദിച്ചു. ഷെയിക്ക്അബ്ദുള്ളാ പണക്കാരനായിരുന്നില്ല. അയാളുടെ അനുയായികൾ അസാധാരണ ശൂരന്മാരായിരുന്നു. നേതാവിന്റെ ഏതൊരുകല്പനയും ശിരസാവഹിക്കുന്നതിനും എത്ര പ്രബലനായശത്രുവിനോടും ഏററുമുട്ടുന്നതിനും അവർ ഒരുക്കവുമായിരുന്നു. അതുകൊണ്ടും, നേതാവായ ഷെയിക്ക്അബ്ദുള്ളായുടെ സമരകാര്യജ്ഞാനവും സമരതന്ത്രജ്ഞതയുംകൊണ്ടും, അവർ ഒരുത്തരാലും തോല്പിക്കപ്പെട്ടുവാൻ സാധിക്കാത്ത രണശൂരന്മാരെന്നുള്ളപേർസമ്പാദിച്ചു. ഷെയിക്ക് അബ്ദുള്ളായിക്കു ആണ്ടുതോറും ഒരു ക്ലിപ്ത സംഖ്യ കൊടുത്തുകൊള്ളാമെന്നുള്ള വ്യവസ്ഥയിൽ അയാളും ഹുസൈൻപാഷായുമായി ഒരു സഖ്യ ഉടമ്പടിഉണ്ടാക്കി. ആരണ്യത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കൊള്ളക്കാരിൽനിന്നു ഘാലാനഗരത്തിനു യാതൊരുപദ്രവവും ഉണ്ടാകാതെ സൂക്ഷിച്ചുകൊള്ളാമെന്നാണ് ഷെയിക്ക് അബ്ദുള്ളാ ഉടമ്പടി ചെയ്തതു്.

ഉടമ്പടി അനുസരിച്ച് ആണ്ടുതോറും നല്ലൊരു സംഖ്യ ഷെയിക്ക് അബ്ദുള്ളായിക്കു കൊടുക്കേണ്ടിവന്നു എങ്കിലും, നഗരവും സമീപപ്രദേശങ്ങളും കൊള്ളക്കാരുടെ ആക്രമണത്തിനു വിധേയമായില്ലെന്നു തെളിഞ്ഞതോടുകൂടി ഘാലായിലെ വ്യാപാരവും മററും വളരെ പുരോഗമിക്കയും പാഷായുടെ വരുമാനം പലമടങ്ങു വർദ്ധിക്കുകയും ചെയ്തു. നിഷ്ഠൂരനും, സ്ത്രീജിതനും, നേരും നെറിവും ഇല്ലാത്തവനും, മഹാസൂത്രശാലിയും ആയിരുന്ന ഹുസൈൻപാഷായെ ഈ ഐശ്വര്യം കുറെക്കൂടി വ

ഷളാക്കുകയാണു് ചെയ്തതു്. ഷെയിക്കു് അബ്ദുള്ളാ യ്ക്കുള്ള കപ്പം കൊടുക്കാതിരിക്കാമൊ എന്നു്, ആ സംഖ്യ അടയ്ക്കേണ്ട എല്ലാ ഗഡുക്കളിലും പാഷാ ആലോചിക്കാറുണ്ടായിരുന്നു. സംഖ്യ അടയ്ക്കാത്തപക്ഷം കൊള്ളക്കാരുടെ ആക്രമണം മാത്രമല്ല, അബ്ദുള്ളായുടെ കോപാഗ്നിയും ഘലായിൽ നാശങ്ങൾ വരുത്തുമെന്നു് അറിയാമായിരുന്നതുകൊണ്ടാണു് പാഷാ ഉടമ്പടി ലംഘിക്കാതിരുന്നതു്. ഷെയിക്കിനെ കാണുമ്പോൾ തേനൊഴുകുന്ന വാക്കുകൾ പാഷായുടെ നാവിൽനിന്നു ഒഴുകിവരുമെങ്കിലും അയാളെ ബന്ധുവായിട്ടല്ല, ശത്രുആയിട്ടാണു് എണ്ണേണ്ടതെന്നു ഷെയിക്കു് അബ്ദുള്ളായ്ക്കു് ശരിക്കു് അറിയാമായിരുന്നു.

ഇങ്ങിനെ കാലംകഴിയുകയും കാര്യങ്ങൾ നടക്കുകയും ചെയ്യുന്നകാലത്താണു്, മണലാരണ്യത്തിൽനിന്നു് ആ പറങ്കിപ്പെണ്ണിനെ ഹുസൈൻപാഷായുടെ അനുചരന്മാക്കു കിട്ടിയതും, അവളുടെ തന്റേടം തകക്കാൻ പാഷാ വേണ്ട ചട്ടംകെട്ടുകൾ ചെയ്തതും. ലൈലാ എന്ന ആ പറങ്കിപ്പെണ്ണു് തന്റെ ഉറക്കറയിൽ ഇന്നുവരും ഇന്നുവരും എന്നു് ഓത്തു് ഓത്തു് പാഷാ കഴിയുമ്പോൾ, ഒരു ദിവസം ഷെയിക്കു് അബ്ദുള്ളായും ഏതാനും അനുചരന്മാരുംകൂടി ഘലായിൽചെന്നു. ഹുസൈൻപാഷാ മാന്യാതിഥിയെ സബഹുമാനം സ്വീകരിച്ചു് സല്ക്കരിച്ചു. ലഹരിപദാത്ഥങ്ങളോടുകൂടിയുള്ള അത്താഴം കഴിഞ്ഞു പുതിയ അടിമയായ പറങ്കിപ്പെണ്ണിനെ പ്രദശിപ്പിച്ചു തന്റെ വലുപ്പം അബ്ദുള്ളായെ ബോദ്ധ്യപ്പെടുത്തണം എന്നുവച്ചു ലൈലാ-നൃത്തം ചെയ്വാൻ വരട്ടെ എന്നു പാഷാ കല്പിച്ചു. ലൈലാ പാശ്ചാത്യനൃത്തവും പാഷായുടെ അന്തഃപുരത്തിൽവച്ചു് അഭ്യസിച്ച പൗരസ്ത്യരീതിയിലുള്ള നൃത്തവുമാടി. അവളെ കണ്ട ക്ഷണത്തിൽ ഷെയിക്കു് അബ്ദുള്ളാ അവളുടെ ദാസനായി

പ്പോയി. അയാളുടെ ഹൃദയം ലൈലാ കവൎന്നുകളഞ്ഞു. പാഷായുടെ അന്തഃപുരത്തിലെ ജീവിതംകൊണ്ടു് വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്ന ലൈലായെ ആകൎഷിക്കുന്നതിനു ഷെയിക്ക് അബ്ദുള്ളായിക്കും സാധിച്ചു. പുതിയ അടിമയെ തനിക്കു വിലയ്ക്കുതരണമെന്നു് അബ്ദുള്ളാ ആവശ്യപ്പെട്ടു. കൊടുക്കയില്ലെന്നു പറയാൻ ധൈൎയ്യമില്ലാതിരുന്നതിനാൽ, ഷെയിക്കിനെ അതൃപ്തിപ്പെടുത്തിയാൽ ഘലാലാനഗരവും, പണവും സ്ഥാനവും എല്ലാം നശിക്കുമെന്നു് നിശ്ചയമുണ്ടായിരുന്നതിനാൽ, പാഷാ മനസ്സില്ലാമനസ്സോടെ, ലൈലായെ വിലവാങ്ങാതെ ഷെയിക്കിനു സമ്മാനിച്ചു.

ഷെയിക്ക് ഒരു കളിപ്പാട്ടമൊ ഗൃഹോപകരണമൊ ആക്കാനല്ല ലൈലായെ കിട്ടണമെന്നു് ആവശ്യപ്പെട്ടതു്. അയാൾ അവളെ തന്റെ ഏക ഭാൎയ്യ ആയി സ്വീകരിക്കയാണു് ചെയ്തതു്. ഹുസൈൻപാഷാ അവളോടു ചെയ്ത അധൎമ്മങ്ങൾ എല്ലാം ലൈലായിൽ നിന്നു ഗ്രഹിച്ചു ഷെയിക്ക് അബ്ദുള്ളാ ക്ഷുഭിതനായി. പാഷായുമായി ചെയ്തിരുന്ന സഖ്യ ഉടമ്പടി റദ്ദ്ചെയ്തു. ആ വിവരം പരസ്യമായപ്പോൾ തന്നെ കൊള്ളക്കാർ ഘലാലാനഗരത്തെ ലക്ഷ്യമാക്കി പ്രവൎത്തനം ആരംഭിച്ചു. നാലാറു മാസങ്ങൾക്കുള്ളിൽ നഗരം അഗ്നിക്കിരയായി. ഘലാലായിലെ "സിംഹം" കയ്യിൽ ഒതുക്കാവുന്ന ധനവും ആയി അടികൊണ്ട പട്ടിയെപോലെ നിലവിളിച്ചുകൊണ്ടു് ഓടി. അയാളും, ജീവൻ നഷ്ടപ്പെടാതെ ബാക്കി ഉണ്ടായിരുന്ന ഏതാനും അനുചരന്മാരും ഒരു മല മുകളിൽ കാടുകേറി രക്ഷപെട്ടു. ആ മലഞ്ചെരിവിൽ അവർ ഒരു ചെറുഗ്രാമം ആയി കഴിയുകയാണു് ഇപ്പോൾ. പാഷായിക്കു് ഒരു ചെറു "കൊട്ടാരവും" അന്തഃപുരവും അതിൽ ഏതാനും സ്ത്രീകളുംഉണ്ടു് ഇപ്പോൾ വൃദ്ധനായി എങ്കിലും ഇന്നും പുതിയ ഭാൎയ്യമാരെ കിട്ടാൻ മോഹമുണ്ടു്. അതിനുള്ള മാ

ഗ്ഗങ്ങൾ അന്വേഷിക്കയാണു് പ്രധാനജോലി. ജാതി ത്തലവന്റെ ചുമതലകൾ എല്ലാംവഹിക്കാൻ, പാഷായി ക്കു് ചെറുപ്പകാലത്തുണ്ടായിരുന്ന എല്ലാ "യോഗ്യതകളും" തികഞ്ഞു, അദ്ദേഹത്തിന്റെ തനിപ്പകർപ്പായ പ്രഥമ പുത്രൻ അലി ഉണ്ടു്. വഷളത്തരങ്ങളുടെയും കള്ളത്തരങ്ങ ളുടെയും കുതന്ത്രങ്ങളുടെയും അവതാരമായ നല്ലൊരു തടി യൻ ആയിരുന്നു ആലി. കായബലത്തിലും കുതന്ത്രങ്ങ ളിലും അയാളെ ജയിക്കാൻ സമീപപ്രദേശങ്ങളിൽ എങ്ങും ആരും ഉണ്ടായിരുന്നില്ല.

ഒരു ദിവസം ആലിയും ചില കിങ്കരന്മാരും കൂടി കൊട്ടാരത്തിൽ തന്നെ ഒരു മുറിയിൽ ചൂതുകളിച്ചു കൊ ണ്ടിരിക്കുമ്പോൾ ഒരു ഭൃത്യൻ കടന്നുചെന്നു്, ആലിയെ അച്ഛൻ വിളിക്കുന്നതായി അറിയിച്ചു. ഘോലാനഗരവും ധനവും എല്ലാം അച്ഛന്റെ പിടിപ്പു കേടുകൊണ്ടു നഷ്ട പ്പെട്ടു എന്നല്ല ആലിയുടെ അഭിപ്രായം. അച്ഛൻ അ തെല്ലാം നശിപ്പിച്ചു എന്നാണു് പുത്രൻ വിശ്വസിക്കുന്ന തു്. അനുസരണമുള്ള പുത്രൻ ആ അഭിപ്രായം തരം വരു മ്പോളെല്ലാം, അച്ഛനെ മുറിപ്പെടുത്തത്തക്കവിധം തുറന്നു പറയാറുമുണ്ടു്. അച്ഛനുമായി തുറന്നു പിണങ്ങിയാൽ ലാഭമൊന്നുമില്ല. അല്പമെങ്കിലും നഷ്ടത്തിനെ ഇടയുള്ളു എന്നു കണ്ടതുകൊണ്ടു മാത്രമാണു് ആലി മത്സരിക്കാതെ കഴിയുന്നതു്. കളിയിൽ ലയിച്ചിരുന്ന ആലിയെ അ ച്ഛൻ ആ സമയത്തു് വിളിച്ചതു് അയാൾക്കു അശേഷം രസിച്ചില്ല. "ഈ കിഴവൻ ഇളയുകയില്ലല്ലോ" എന്നു പറഞ്ഞിട്ടു്, എത്രയും വേഗത്തിൽ മടങ്ങിവരാമെന്നു കൂ ട്ടുകാരെ സമാധാനപ്പെടുത്തിയ ശേഷമാണു് ആലി അ ച്ഛന്റെ സമീപത്തേയ്ക്കു പുറപ്പെട്ടതു്.

"ഘോലായിലെ സിംഹ"ത്തിന്റെ സന്നിധിയിൽ പ്രവേശിച്ചു ആലി. ആ സിംഹം ഇന്നു് വെറും മാംസ പിണ്ഡമാണു്. ശുശ്രൂഷിക്കാൻ സമീപത്തു നിന്നിരു

ന്നു സുന്ദരിയും യൌവ്വനയുക്തയുമായ ഒരു അടിമ കൊടുത്ത മദ്യം നിറച്ച ഗ്ലാസ്സ് വാങ്ങിയ കൈ വിറയ്ക്കുന്നുണ്ടു്. മുഖവും ഭാവവും കണ്ടാൽ അറിയാം അയാൾക്കു ഇനി അധികകാലം മദ്യംകുടിക്കയും, ആ അടിമപ്പെണ്ണിനോടു ചാഞ്ചാട്ടുകയും ചെയ്യുവാൻ സാധിക്കയില്ലെന്നു.

ആലിയെ കണ്ട ഉടനെ അടിമപ്പെണ്ണു മുറിയിൽനിന്നു ഇറങ്ങിപ്പോകുന്നതിനു പാഷാ കല്പിച്ചു.

പാഷാ—"ഇരുപതുവർഷമായി ഞാൻ ഒരു ശത്രുവിനെ അടിക്കാൻ അവസരം കാത്തിരിക്കയാണു്. ഇപ്പോൾ തരം വന്നിരിക്കുന്നു."

ആലി ചിരിച്ചുകൊണ്ടു് പറഞ്ഞു. "ഇപ്പോൾ അച്ഛൻ ഒന്നടിച്ചാൽ ആരായാലും നിലംപതിക്കതന്നെ ചെയ്യും"

അച്ഛനോടു ഒരിക്കലെങ്കിലും വിനയത്തോടുകൂടി സംസാരിക്കുക പതിവില്ലാത്ത ആലിയുടെ കുത്തുവാക്കുകൾ പാഷായെ സ്പർശിച്ചതേ ഇല്ല. അയാൾ തുടന്നു. "എനിക്കു ദീർഘയാത്ര ചെയ്വാൻ ഇപ്പോൾ സൌകര്യമില്ലാത്തതുകൊണ്ടാണു് നിന്നെ വിളിപ്പിച്ചതു്."

ആലി—"ശത്രു ആരാണു്. പകവീട്ടാൻ ഇപ്പോൾ എങ്ങിനെയാണു് അവസരംഉണ്ടായിരിക്കുന്നതു്. ഞാൻ എന്താണു് ചെയ്യേണ്ടതു് എന്നു പറയുന്നതിനുപകരം അതുമിതും പുലമ്പിനേരം കളയുന്നതെന്തിനാണു്"

പാഷാ—"ഇരുപതു വർഷംമുമ്പു് എനിക്കൊരു പറങ്കിപ്പെണ്ണിനെ അടിമയായി കിട്ടി. അവളെപ്പോലൊരു സുന്ദരിയെ അതിനുമുമ്പും അതിൽ പിമ്പും ഞാൻ കണ്ടിട്ടില്ല."

ആലി—"കണ്ടു സുഖിച്ചായിരിക്കും. അതിനു ഞാൻ ഇപ്പോൾ എന്താണു വേണ്ടതു്"

പാഷാ—"ഷെയിക്കു് അബ്ദുള്ളാ എന്നൊരു മഹാധിക്കാരി സ്നേഹിതൻെറ ഭാവത്തിൽ വന്നു് അവളെ

ബലമായി തട്ടികൊണ്ടുപോയി. അതുപോരാഞ്ഞിട്ട് ഘലാനഗരത്തെ നശിപ്പിക്കാനുള്ള പണിയും ആ അധമൻ ചെയ്തു. നീ ഘലാനഗരം ഓക്കുന്നില്ലേ"

ആലി—"എൻെറഗ്രഹപ്പിഴകാരണം ഞാൻഓക്കുന്നു."

പാഷാ—"എന്താ ഗ്രഹപ്പിഴകാരണം എന്നു പറയുന്നതു്."

ആലി—"ആ ഓൎമ്മ കാരണം മലഞ്ചരുവിൽ കടിച്ചുതൂങ്ങികിടക്കുന്ന എന്നു പറയാവുന്ന ഏതാനും ചെററപ്പുരകൾ മാത്രമുള്ള ഈ ഗ്രാമത്തോടും, ഘലാനഗരം നഷ്ടപ്പെടുത്തിയ ആളോടും എനിക്കു് അതിയായ വെറുപ്പും വിദ്വേഷവും ഉണ്ടു്. മാത്രമല്ല. വലിയ മനോവേദനയും, അതുകൊണ്ടാണു് എൻെറഗ്രഹപ്പിഴ എന്നു പറഞ്ഞതു്"

പാഷാ—"ഘലാനഗരം നഷ്ടപ്പെടുത്തിയതു് ഞാനാണെന്നാണൊ പറയുന്നതു്."

ആലി—"എന്നു ഞാൻ പറഞ്ഞില്ലല്ലൊ. നഷ്ടപ്പെടുത്തിയതു് ആരായാലും നഷ്ടപ്പെട്ടു എന്നുള്ളതിൽ സംശയമില്ലല്ലൊ."

പാഷാ—"ആ ഷെയിക്കു അബ്ദുള്ള ആണതിൻെറ എല്ലാം കാരണം അവനാണു് നമ്മെ ചതിച്ചതു്. അതോക്കുമ്പോൾ സഹിക്കാൻ പാടില്ലാത്ത ദ്വേഷമാണെനിക്കു തോന്നുന്നതു്"

ആലി—"അതിനു ഞാൻ എന്തുവേണം,"

പാഷാ—"അവനെ ഒരു നല്ലപാഠം പഠിപ്പിക്കാൻ ഇപ്പോൾ ഒരു അവസരം വന്നിരിക്കുന്നു. കൊള്ളിവയ്ക്കാൻ പ്രയാസമില്ലല്ലൊ. കൊള്ളി വയ്ക്കുന്നതിനു പുറമെ നല്ലൊരു അടി അടിക്കാനും ഇപ്പോൾ ഒരു നല്ല അവസരം വന്നിരിക്കുന്നു. ഈ അവസരം നമുക്കു ശരിക്കു പ്രയോജനപ്പെടുത്തണം."

ആലി—"ഈ മുറിയിൽനിന്നു് ഇറങ്ങാൻ പാടില്ലാത്ത അച്ഛൻകൂടി വരാമെന്നാണൊ, നമുക്കു് പ്രയോജന

പ്പെട്ടത്തണം എന്നു പറയുന്നതിൻെറ സാരം"

പാഷാ—"നീ മതിയല്ലോ വേണ്ടതു ചെയ്യുവാൻ"

ആലി—"അങ്ങിനെ എങ്കിൽ നമുക്ക പ്രയോജനപ്പെട്ടത്തണം എന്നു് എന്തിനാണു് പൊണ്ണക്കാര്യം പറയുന്നതു്."

ആലിയുടെ കുത്തുവാക്കുകൾ പിന്നെയും അവഗണിച്ചുകൊണ്ടു് പാഷാ പറഞ്ഞു "അബ്ദുള്ളായിക്കു് ഒരു പുത്രി മാത്രമേയുള്ളൂ. അവളുടെ വിവാഹനിശ്ചയം കഴിഞ്ഞു. നീ പോയി ആ പെണ്ണിനെ തട്ടിഎടുത്തുകൊണ്ടുവന്നു് എനിക്കു തരണം."

ആലി—"അച്ഛനു് ഇനിയും പെണ്ണിനെ വേണമെന്നാണോ? അതിനുവേണ്ടി തല പന്നയത്തിലാക്കാൻ ഞാനില്ല."

പാഷാ—"അതിസുന്ദരി ആയിരുന്ന അവളുടെ അമ്മയെക്കാൾ പതിന്മടങ്ങു സുന്ദരിയാണു് ഈ മകൾ എന്നും ഒരു അപകടവും കൂടാതെ അവളെ തട്ടിക്കൊണ്ടു പോരാൻ സാധിക്കുമെന്നും അവൾ എപ്പോഴും അണിയാറുള്ള ആഭരണങ്ങളുടെ ഒരംശം കിട്ടിയാൽ മതി നമ്മുടെ ഞെരുക്കമെല്ലാം തീർക്കാൻ എന്നുമാണു് എൻെറ ചാരൻ പറഞ്ഞതു്"

ആലി—"പെണ്ണുങ്ങൾ ധാരാളം ധാരാളം ഉള്ളതുകൊണ്ടു് ഒരുവളെ തട്ടി എടുക്കുന്നതിനു് അപകടത്തിൽ ചാടാൻ ഞാൻ ഒരുക്കമില്ല. എന്നാൽ ഷെയിക്കു് അബ്ദള്ളായുടെ മകളെ പിടികിട്ടിയാൽ വളരെ വിലപിടിപ്പുള്ള ഒട്ടധികം ആഭരണങ്ങൾ കിട്ടും എന്നുള്ള വസ്തുത എന്നെ ആകർഷിക്കുന്നുണ്ടു്. അവളെ എങ്ങനെ പിടികൂടാം എന്നു് വിശദമാക്കിയാൽ നോക്കാം."

പാഷാ—"അവളുടെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ ധ്രുതഗതിയിൽ നടക്കുന്നു. വിവാഹം ആഘോഷിക്കുന്നതിനു പട്ടണത്തെക്കാൾ സൌകര്യം പട്ടണത്തിനു വെളി

യിൽ മണലാരണ്യത്തിൽ അയാൾക്കുള്ള പാളയമാണെന്നാണു് ഷെയിക്കു് അബ്ദുള്ളായുടെ അഭിപ്രായം. വിവാഹത്തിൻെറ തലേന്നാൾ രാത്രി അവിടെ വലിയ ബഹളമായിരിക്കും. അതിഥികൾക്കും അനുചരർക്കും എല്ലാം മദ്യം വേണ്ടുവോളം കൊടുക്കും. ഷെയിക്കിനും ഒരുത്തർക്കും അന്നു സുബോധം ഉണ്ടായിരിക്കയില്ല. നീയും നാലാറു കിങ്കരന്മാരും ക്രാമി സന്ധ്യകഴിയുമ്പോൾ അവിടെ എത്തിയാൽ ഇഷ്ടംപോലെ എന്തുംചെയ്യുവാൻ സാധിക്കും. എടുക്കാൻ പെണ്ണുങ്ങൾ അല്ലാതെ കാലിൽ നിൽക്കാൻ കഴിവുള്ള പുരുഷന്മാർ ഒരുത്തരും ഉണ്ടായിരിക്കയില്ല."

ആലി–"അങ്ങിനെ എങ്കിൽ പെണ്ണിനെ പിടിച്ചെടുക്കുന്നതുകൂടാതെ അവിടെയുള്ള വിലപിടിച്ച സാമാനങ്ങളും കൊള്ളചെയ്യാമല്ലൊ"

പാഷാ–"അതല്ലഞാൻ പറയുന്നതു്"

ആലി–"വിവാഹം എന്നു നടത്താൻ നിശ്ചയിച്ചിരിക്കുന്നു എന്നാണു് ചാരന്മാർ പറഞ്ഞതു്"

പാഷാ ആലിയുടെ ചെവിയിൽ എന്തോ മന്ത്രിച്ചു.

ആലി–"വളരെ അടുത്തുപോയല്ലൊ. ഉടൻതന്നെ പുറപ്പെടാത്തപക്ഷം ഒന്നും സാധിക്കയില്ല. ഞാൻ പോയി വേണ്ട ഒരുക്കങ്ങൾ ചെയ്യട്ടെ."

പാഷാ–"എൻെറ മകൻ പോയി ജയിച്ചുവരാൻ അള്ളാ അനുഗ്രഹിക്കട്ടെ. പെണ്ണു് എൻെറ പേക്കാണു് എന്നു് ഓർത്തുകൊള്ളണം. അതു വിസ്മരിച്ചു വല്ലതും കാണിച്ചു് എൻെറ ശാപം വാങ്ങരുതു്."

പാഷാ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പു് വിട വാങ്ങുകപോലും ചെയ്യാതെ ആലി പുറത്തു ചാടിക്കഴിഞ്ഞു.

പാഷാ കൈ കൊട്ടി അടിമപ്പെണ്ണിനെ വിളിച്ചു. മദ്യവും പലഹാരവും ആയിട്ടാണു് അവൾ മുറിയിൽ പ്ര

വേശിച്ചതുതന്നെ. പൌത്രി ആകാൻ മാത്രം പ്രായമുള്ള ആ പെണ്ണു് സമീപം ഇരിക്കാൻ ആജ്ഞാപിച്ചിട്ടു് അയാൾ പലഹാരം തിന്നാനും അവളെ നുള്ളിയും തിരുമ്മിയും രസിക്കാനും തുടങ്ങി.

അതിനിടയിൽ അയാൾ ഒന്നു ഞെട്ടി, ഒന്നു നിലവിളിച്ചു. ഇടതുകൈകൊണ്ടു് ആ അടിമപ്പെണ്ണിൻെറ തലമുടിയിൽ ബലമായി പിടിച്ചു. വേദനകൊണ്ടു് അവൾ നിലവിളിച്ചുപോയി. വലതുകൈകൊണ്ടു് പാഷാ അയാളുടെ ഹൃദയപ്രദേശത്തു് അമർത്തിപിടിച്ചു. അടുത്തനിമിഷം ആ തടിമാടൻ പെൺകുട്ടിയുടെ ദേഹത്തേക്കു മറിഞ്ഞു. അവൾ ആ മാംസപർവ്വതത്തിൻെറ അടിയിൽപെട്ടു. തലമുടിയിൽ നിന്നുള്ള പിടിവിട്ടിട്ടില്ല. കൈ വിടുത്താനും ആ മാംസപർവ്വതത്തെ തള്ളി മാററാനും അവൾനോക്കി. പററിയില്ല. പാഷായുടെ ദേഹം മഞ്ഞുകട്ടപോലെ തണുത്തു. അത്രയും ആയപ്പോളാണു് കാര്യത്തിൻെറ ഗൗരവം അടിമപ്പെണ്ണിനു മനസ്സിലായതു്. അവൾ തലനാരു കുറെ നഷ്ടപ്പെടുത്തി പാഷായുടേ പിടിയിൽനിന്നു് ഒഴിഞ്ഞു. ഇല്ലാത്തശക്തി ഉണ്ടാക്കി പ്രയോഗിച്ചു് ആ തടിയനെ തള്ളിമാററി ഒത തരത്തിൽ എണീററു. തുറിച്ചു തുറിച്ചു നോക്കിക്കൊണ്ടിരുന്ന കണ്ണുകൾ അവളെ വല്ലാതെ ഭയപ്പെടുത്തി. യുവതി ഓടിപ്പോയി പാഷായുടെ പ്രഥമഭാര്യയെ വിവരം ധരിപ്പിച്ചു. അവരും രണ്ടുനാലു സ്ത്രീകളും കൂടി വന്നുനോക്കി. പാഷാ ഇഹലോകവാസം വെടിഞ്ഞു എന്നു് അവർ വിധിച്ചു.

ഹുസൈൻെറ മരണത്തോടുകൂടി ആ കുഗ്രാമത്തിൻെറയും അവിടുത്തെ പട്ടിണിക്കാരായ ജനങ്ങളുടെയും സർവ്വാധിപതി ആയി പരിണമിച്ച ആച്ചിയെ, അച്ഛൻെറ മരണവൃത്താന്തം അറിയിക്കുകയാണു് ഉടനെ ചെയ്യേണ്ടതെന്നു്, പാഷായുടെ പ്രഥമഭാര്യയായ ആലിയുടെ

മാതാവിനു് ഓർമ്മവന്നു. അതിനുമുമ്പുതന്നെ അന്തഃപുരത്തിലെ മററുള്ള സ്ത്രീകൾ എല്ലാം ആ വിധിയെ ഓർത്തു എന്നു എടുത്തു പറയേണ്ടതുണ്ടു്. പാഷായുടെ ഭാര്യമാരിലും വെപ്പാട്ടികളിലും ആരെ എല്ലാം അടിമച്ചന്തയിലേയ്ക്കു പറഞ്ഞയയ്ക്കുമെന്നായിരുന്നു അവരുടെ ചിന്ത.

അപ്പന്റെ മരണവിവരം ആലിയെ ധരിപ്പിക്കാൻ നിയോഗിക്കപ്പെട്ടവർ അയാളെ പലവഴിക്കു അന്വേഷിച്ചു. കണ്ടില്ല, ഏതാനും കിങ്കരന്മാരെയും കൂട്ടിക്കൊണ്ടു് ഒരു ദീർഘയാത്രയ്ക്കു ഒരുങ്ങി പുറപ്പെട്ടു എന്നുമാത്രമാണു് അവർക്കു് ഗ്രഹിക്കാൻ സാധിച്ചതു്.

## അദ്ധ്യായം 4

മിറിയാമിന്റെ വിവാഹദിനം! അവൾ സ്വർഗ്ഗത്തിലാണൊ ഭൂമിയിലാണൊ എന്നു തന്നെ നിശ്ചയമില്ല. സ്വജീവനേക്കാൾ അധികം സ്നേഹിക്കുന്ന കെമൽ ഇന്നു് അവളുടെ സ്വന്തം ആകുന്നു! അല്ല അവൾ കെമലിന്റെ സ്വന്തം ആകുന്നു! അതിലധികം എന്താണു് വേണ്ടതു്, എന്താണു് സാധിക്കേണ്ടതു്?

ഷെയിക്കു് അബ്ദുള്ളായുടെ പാളയത്തിൽ വച്ചാണു് വിവാഹോത്സവം ആഘോഷിക്കുന്നതു്. അബ്ദുള്ളാ കരബലംകൊണ്ടു്, ആ പ്രദേശത്തെ ആക്രമികളെ എല്ലാം അമർച്ച ചെയ്തതുമൂലം , കൊട്ടാരത്തെ പോലെ സുരക്ഷിതമായിട്ടുണ്ടു് മണലാരണ്യം തന്നെയും. അബ്ദുള്ളായുടെ കാലത്തിനു മുമ്പാണെങ്കിൽ, ഇങ്ങനെയുള്ള ഒരു തുറന്ന പ്രദേശത്തുവച്ചു് സമരം ചെയ്യുകയൊ അതിനുള്ള

ഒരുക്കങ്ങൾ നടത്തുകയൊ ചെയ്യാമെന്നല്ലാതെ, ഒരു സാമ്രാജ്യചടങ്ങു നിർവഹിക്കാമെന്ന് ആരും സ്മരിക്കപോലും ചെയ്യുമായിരുന്നില്ല.

വിവാഹകർമ്മം സംബന്ധിച്ചുള്ള ചില ചട്ടങ്ങൾ പകൽ തന്നെനടന്നു. ബാക്കികൂടി കഴിഞ്ഞാൽ മണവാട്ടി മണവറപ്പുരയിലേക്ക് ആനയക്കപ്പെടുകയാണ്. ആ പാളയത്തിൽ സ്ത്രീകൾക്കായുള്ള കൂടാരങ്ങളിൽ ഒന്നിൽ, ഇതിലേക്കായി മിറിയാമിനെ ഒരുക്കുകയാണ്. വില തീരാത്ത കുപ്പായങ്ങളും ആഭരണങ്ങളും പലതു് ധരിപ്പിച്ചു. അവിടെ സർവാധിപതി ആയി സർവ്വചുമതലകളും വഹിച്ചിരുന്ന അയേഷയ്ക്കു് പുരുഷന്മാരുടെ കൂടാരത്തിൽനിന്നു ലഭിച്ചു, സമയംആയി വധുവിനെ കൊണ്ടുവരണം, എന്ന സന്ദേശം ത്വരിതപ്പെടുത്തി. അവഗണിക്കാൻ നിർവാഹമില്ലാതിരുന്നതുകൊണ്ടു്, പിന്നീടു പല വസ്ത്രങ്ങളും ആഭരണങ്ങളും മാറി മാറി ധരിപ്പിച്ച് അഴകു വർദ്ധിപ്പിക്കാൻ തുനിയാതെ ഉള്ള ഉടുപ്പിന്മീതെ എട്ടുകാലിവലയേക്കാൾ നേര്യതായ ഒരു കാൽഉറയും. പല നിറത്തിലുള്ള രത്നങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ള ഒരു ബെൽറവും അതുപോലെതന്നെ രത്നഖചിതമായ രണ്ടു ചെറിയ പാദരക്ഷകളും ശിരോവസ്ത്രവും, കുപ്പായവും അതിവേഗം ധരിപ്പിച്ചു. പാദരക്ഷകൾ മുതൽ, ശിരോവസ്ത്രംവരെ എല്ലാററിലും വിളക്കുകളിൽ നിന്നുള്ളപ്രകാശം തട്ടിത്തിളങ്ങി കൊണ്ടിരുന്ന നിരവധി രത്നങ്ങൾ നക്ഷത്രങ്ങൾപോലെ ശോഭിച്ചു. ഈ വേഷഭൂഷണങ്ങൾ മിറിയാമിൻെറ സൌന്ദര്യത്തെ പല മടങ്ങു വർദ്ധിപ്പിച്ചു എന്നു അയേഷയും അവളെ സഹായിച്ചു കൊണ്ടിരുന്നവരും വിശ്വസിച്ചു സംതൃപ്തരായി.

ഈ സമയം പാളയത്തിൻെറ ഇതരഭാഗങ്ങളിൽ എല്ലാം വമ്പിച്ച സദ്യ നടന്നു കൊണ്ടിരിക്കയാണ്. മദ്യം വാർജ്ജ്യമാണെങ്കിലും, അതു വേണമെന്നുള്ളവരുടെ

ആഗ്രഹം സാധിച്ചുകൊടുക്കേണ്ടതു് ആതിഥേയന്റെ ക ടമ ആണെന്നായിരുന്നു ഷെയിക്കു് അബ്ദുള്ളായുടെ അ ഭിപ്രായം. അതു വളരെ ശരിയാണെന്നു അന്നു് ആ പാളയത്തിൽ ചെലവായ മദ്യം ശരിക്കു തെളിയിക്കയും ചെയ്തു. മനസ്സിനു ഉല്ലാസം നൽകുന്ന മുന്തിരിച്ചാറു് ഷെ യിക്കിന്റെ അതിഥികളെ ഉൽസാഹഭരിതരാക്കി. അവരിൽ പലരും പാട്ടുകൾ പാടുന്നു. അതിനു അശേ ഷം പ്രാപ്തി ഇല്ലാത്തവരെല്ലാം ഒരേ സമയം സംസാരിക്ക യുമാണു്. ഈ ശബ്ദകോലാഹലങ്ങൾക്കിടയിലാണു് അയേഷയും മററു രണ്ടു ദാസികളും കൂടി മിറിയാമിനെ ഒരുക്കിക്കൊണ്ടിരുന്നതു്. ഒരുക്കം പൂർത്തി ആയി മിറി യാമിനെ മണവാളന്റെ അടുക്കലേക്കു കൊണ്ടു പോകു ന്നതിനു് അയേഷ കൂടാരവാതിൽ മറച്ചിരുന്ന തിരശ്ശീല ഉയർത്തിയതും, മദിച്ചു ഇളകി കുതിച്ചു് ചാടിവരുന്ന കാ ട്ടുപോത്തിനെപോലെ ഒരാൾ കൂടാരത്തിലേക്കു പാഞ്ഞു കയറിയതും ഒന്നായികഴിഞ്ഞു. ആ ക്രൂരന്റെ തട്ടേററു് അയേഷ മറിഞ്ഞുവീണു. അവൾ ചാടി എണീററപ്പോ ഴേക്കു് ആദ്യം വന്നയാളിന്റെ കൂട്ടാളികൾ എന്നു തോ ന്നുന്ന രണ്ടു മൂന്നു പേർ കൂടി കൂടാരത്തിനുള്ളിൽ പ്രവേശി ച്ചു കഴിഞ്ഞിരിക്കുന്നു. കൂടാരത്തിനുള്ളിൽ ഉണ്ടായിരു ന്ന മററുരണ്ടു ദാസികളും ബോധം കെട്ടുതടിപോലെ നി ലത്തു വീണു. അയേഷ ഉരുണ്ടു് എണീററു് സ്ത്രീകളുടെ കൂടാരത്തിൽ ഓടിക്കേറിയതിനു് ആഗതരെ ശാസിച്ചു. അവളുടെ പ്രസംഗം കേട്ടു നിൽക്കാൻ സമയവും സമാ ധാനവും ഇല്ലാതിരുന്ന അക്രമികളിൽ ഒരുവൻ വാൾ ഉ യർത്തി അവളുടെ തലയിൽ തന്നെ ഒന്നു തട്ടി. അയേഷ എടുത്തടിച്ചതുപോലെ നിലം പതിച്ചു.

മിറിയാം അയ്യോ എന്നൊന്നു നിലവിളിച്ചു. ആ നിലവിളിയുടെശബ്ദം പുറത്തുവന്നില്ല. അതിനു മുമ്പു് അവളുടെ തലയും മുഖവും എല്ലാം വളരെ ഘനമുള്ള ഒരു

കരിമ്പടത്തിനുള്ളിലായി. ആദ്യം കൂടാരത്തിൽ കടന്നവനാണു് മിറിയാമിനെ കരിമ്പടത്തിൽ ആക്കിയതു്. വളരെക്കാലത്തെ പരിചയംകൊണ്ടു്, യുവതിയെ കരിമ്പടത്തിൽ പൊതിയാൻ അവനൊരു പ്രയാസവും ഇല്ലായിരുന്നു.

മിറിയാം നിലവിളിച്ചു. ശബ്ദം ഉയരാൻ കരിമ്പടം അനുവദിക്കയില്ല. കാലും കൈകളും ഇളക്കുന്നതിനും സാദ്ധ്യമല്ല. എന്നിട്ടും അവൾ ആവുംമട്ടുനോക്കി, കരിമ്പടക്കെട്ടിൽ നിന്നു പുറത്തുചാടാൻ. അവളെ പിടികൂടിയ തടിയൻ, ഒരു കിടക്കക്കെട്ടും എടുത്തുകൊണ്ടു പോകുന്നതുപോലെ അതിവേഗം കൂടാരത്തിൽനിന്നു പുറത്തുകടന്നു. നിലവിളിക്കുന്നതിനും, കരിമ്പടക്കെട്ടിൽനിന്നും പുറത്തു ചാടുന്നതിനും ശ്രമിച്ചതുകൊണ്ടു് മിറിയാമിനു ശ്വാസോഛ്വാസം ചെയ്യുന്നതിനു വൈഷമ്യമായി. അവൾ നിശ്ചലയായി. കൂടാരത്തിൽനിന്നു പുറത്തു് ഇറങ്ങിയക്ഷണത്തിൽതന്നെ, അവളെ അപഹരിച്ച കാസിം ആ കരിമ്പടക്കെട്ടു് അയാളുടെ കിങ്കരന്മാരിൽ ഒരുവനെ ഏൽപ്പിച്ചിട്ടു് "വേഗം, വേഗം തമ്മിൽ പിരിഞ്ഞു പോകുന്നപക്ഷം ഞങ്ങൾക്കുവേണ്ടി വഴിയിലെങ്ങും താമസിക്കാതെ നേരെ അടിമച്ചന്തയിലേയ്ക്കു ഒട്ടകങ്ങളെ നയിച്ചുകൊള്ളണം. ഞാനും അവിടെ എത്തും" എന്നു പറഞ്ഞു. ഷെയിക്കു് അബ്ദുള്ളായുടെ ആൾക്കാർ അറിഞ്ഞു ഇളകി വന്നാൽ അവരോടു എതിരിടാൻ തനിക്കു സൌകര്യമുണ്ടായിരിക്കണം എന്നു വച്ചാണു്, കാസിം വിലപിടിപ്പുള്ള ആ കരിമ്പടക്കെട്ടു കൂട്ടാളിയെ ഏല്പിച്ചതു്. പാളയത്തിനു പുറത്തു്, ഒരു മരക്കൂട്ടത്തിൽ ഒരുക്കിനിറുത്തിയിട്ടുള്ള ഒട്ടകങ്ങളുടെ അടുക്കൽ എത്തുന്നതുവരെ തടസ്സം ഒന്നും ഉണ്ടായില്ലെങ്കിൽ വിജയിച്ചു എന്നാണു് കാസിമിന്റെ പ്രതീക്ഷ.

അതാ ഒരാൾ വരുന്നു ലാക്കു തെറവുമൊ? ഒരു സം

ഘട്ടനം കൂടാതെ കടക്കാൻ സാധിക്കയില്ലെന്നൊ? ഒരാളെ ഉള്ളല്ലൊ. കാസിം ആണു് മുമ്പിൽ നിക്കുന്നതു്. എതിരെ വന്നവന്നു് ശരിക്ക നടക്കാൻ വയ്യാ. കാൽ ഉറയ്ക്കുന്നില്ല. അയാൾ ചോദിച്ചു. "ഈ സമയത്തു് ബുദ്ധിമുട്ടി ചുമട്ടുചുമക്കുന്ന നിങ്ങളെകൊള്ളാം! നോക്കു് എൻെറ കൈയിൽ എന്താണെന്നു. വേണമെങ്കിൽ കുറച്ചു തരാം." അയാളുടെ കൈകയിൽ ഉണ്ടു് ഒരു തുകൽ കുടത്തിൽ വീഞ്ഞും. മതിയാവോളം കുടിച്ചിട്ടുണ്ടെന്നു ശരിക്ക തിരിയാത്ത തരത്തിലുള്ള സംസാരവും തെന്നിത്തെറിച്ച നടത്തയും വ്യക്തമാക്കുന്നുണ്ടു്. സുബോധമില്ലാത്ത ആ മനുഷ്യനോടു സമാധാനം ഒന്നും പറയേണ്ടതാവശ്യമില്ലെന്നു് മനസ്സിലാക്കിയ കാസിമും കൂട്ടാളികളും അവരുടെ പാട്ടിനു പോയി.

പാളയത്തിൻെറ അതിരു കടന്നപ്പോൾ ഓട്ടമായി. കൃശഗാത്രി ആയ മിറിയാമിനെ വഹിച്ചിരുന്നവനും മററവരുടെ ഒപ്പം തന്നെ ഓടുന്നു. ഒരു പെണ്ണല്ല, പണക്കിഴിയാണു് തൻെറ കൈവശം ഇരിക്കുന്നതെന്നും, എത്ര വേഗത്തിൽ അടിമചന്തയിൽ എത്താമൊ, അത്രവേഗത്തിൽ ആ കിഴി അഴിച്ചു പണം വാരി എടുക്കാം എന്നുമുള്ള ഓർമ്മ അവനു ശക്തി നൽകി. അവർ ഒരു തടസ്സവും കൂടാതെ ഒട്ടകങ്ങളെ കെട്ടിനിറുത്തിയിരുന്ന സ്ഥലത്തു എത്തി. കരിമ്പടക്കെട്ടു് ഒരു ഒട്ടകത്തിൻെറ പുറത്തേക്കു വലിച്ചു എറിഞ്ഞു മൂന്നു പേരും ഒട്ടകപ്പുറത്തു കേറി അവയെ അടിച്ചു് ഓടിച്ചുപോയി.

## അദ്ധ്യായം 5

അ[illegible]യോഷകണ്ണുകൾ തുറന്നു. അവിടെ നടന്ന സംഭവങ്ങളിൽ ചിലതെല്ലാം ഓർമ്മ വന്നു. മിറിയാമിനെ

ആരോ തട്ടികൊണ്ടുപോയി എന്നു് ഓൎത്തപ്പോൾ അവളുടെ ശരീരത്തിനു ചലന ശക്തി ഉണ്ടായി. അവൾ എണീററു. കാലിൽ നിൽക്കാൻ പ്രയാസം. എങ്കിലും കൂടാരത്തിനുള്ളിൽ അപ്പോഴും ബോധമില്ലാതെ കിടക്കുന്ന ദാസികളെയും, കൂടാരവാതിൽ മറച്ചിരുന്ന തിരശ്ശീലയും ചുററിലും ഉള്ള മറയിൽ ചില ഭാഗങ്ങളും കീറി കിടക്കുന്നതു കണ്ടപ്പോൾ എങ്ങിനെയും വിവരം മററുള്ളവരെ ധരിപ്പിക്കണം എന്നുള്ള ബോധം ഉണ്ടായി. അവൾ ഇഴഞ്ഞും വലിഞ്ഞും അവിടെനിന്നു പുറപ്പെട്ടു. ആപത്തിൻെറ കാഠിന്യം അവൾക്കുബലംനൽകി. അവൾ തപ്പിത്തടഞ്ഞു ഒരു കൂടാരത്തോടു് അടുത്തു. അതിൻെറവാതിൽ മറച്ചിരുന്ന തിരശീലയിൽ പിടിച്ചു ഒരു വിധത്തിൽ അകത്തുകടന്നു് അതിനടുത്തു തന്നെ ഒരു ചെറുമേശകണ്ടതിൽ പിടിച്ചുനിന്നുകൊണ്ടു് അയ്യോ എന്നൊന്നു നിലവിളിച്ചു.

കെമലിൻെറ കൂടാരത്തിലാണു് അയേഷ പ്രവേശിച്ചതു്. വിവാഹമണ്ഡപത്തിലേക്കുപോകുന്നതിനുബദ്ധപ്പെട്ടു ഒരുങ്ങികൊണ്ടിരുന്ന കെമൽ അയേഷ അവിടെ കടന്നുചെന്നതു് കണ്ടുമില്ല. അവളുടെ ദീനസ്വരം കേട്ടു അയാൾതിരിഞ്ഞുനോക്കി. കീറിപ്പറിഞ്ഞവസ്ത്രവും, അഴിഞ്ഞുലഞ്ഞുകിടക്കുന്നമുടിയും ആയി ഒരു സ്ത്രീ അസമയത്തു് അവിടെചെന്നതു് അയാൾക്കു അശേഷം രസിച്ചില്ല

കെമൽ നീരസത്തോടു് ചോദിച്ചു"എന്താണിതു്. നീ എന്തിനു ഇവിടെ ഇപ്പോൾ വന്നു."

ചോദിച്ചുകഴിഞ്ഞപ്പോളാണു് അയേഷയുടെ തലയിൽനിന്നു അപ്പോഴും ഒഴുകിക്കൊണ്ടിരുന്ന രക്തവും അവളുടെ അവശനിലയും അയാൾ കണ്ടതും അവൾ മിറിയാമിൻെറ തോഴി ആണെന്നറിഞ്ഞതും. കെമൽ ക്ഷണത്തിൽ അവളെതാങ്ങി ഇരുത്തികൊണ്ടു് "എന്തു

പററി നീ മിറിയാമിൻെറ തോഴിഅല്ലെ" എന്നുചോദിച്ചു.

അയേഷപറഞ്ഞു: "പ്രഭോ! അള്ളാ സാക്ഷിയാകെ, ഞാൻ എന്നാൽ കഴിവതു ചെയ്തു. ഏതാനും അക്രമികൾ കൊച്ചമ്മയുടെ കൂടാരത്തിൽവന്നു. അവർ എന്നെ അടിച്ചും വെട്ടിയും വീഴ്ത്തി. അവർ കൊച്ചമ്മയെ എടുത്തുകൊണ്ടുപോയി...."

അയേഷയ്ക്കു സംസാരിക്കാൻവയ്യാതായി. കെമൽ കുറച്ചുവെള്ളം ഒരു പാത്രത്തിൽഎടുത്ത് അയിഷയുടെ സമീപത്തുചെന്ന് അവളെതാങ്ങിപിടിച്ചു സാവധാനത്തിൽ അതു അവൾക്കുകൊടുത്തു. തൻെറ പ്രാണപ്രിയയെ ആരോ തട്ടിക്കൊണ്ടുപോയി എന്നുകേട്ടിട്ടും പരിഭ്രമം പ്രദർശിപ്പിക്കാതെ ആ സാധുസ്ത്രീയുടെ ക്ഷീണം അകററാനാണ് കെമൽ ശ്രമിച്ചതു്! അയേഷ വെള്ളം കുടിച്ചുകഴിഞ്ഞ്ശേഷം കെമൽ യാതൊരു ക്ഷോഭവും കൂടാതെചോദിച്ചു. "അവർ മിറിയാമിനെ എവിടേക്കാണ് കൊണ്ടുപോയതു് എന്നറിയാമൊ"

അയേഷ–"അടിമചന്തയിലേക്കു പൊയ്ക്കൊള്ളണം. എന്നൊരാൾപറയുന്നതുകേട്ടു. അല്ലാതെഒന്നുംഅറിഞ്ഞുകൂടാ"

കെമൽ അതുകേട്ടിട്ടും ക്ഷുഭിതനായില്ല. അയാൾ ഒരു ചെറിയ കിടക്ക എടുത്ത് അയേഷയെ അതിൽ കിടത്തിയശേഷം കൂടാരത്തിനു പുറത്തേക്കുചാടി. കൈകൾരണ്ടും കൂട്ടി രണ്ടുനാലുപ്രാവശ്യം കൊട്ടി. കൂടാരത്തിൻെറ നാലുഭാഗത്തുനിന്നും ആൾക്കാർ ഓടിഎത്തി.

കെമൽ ഗർജ്ജിച്ചു. "ആയുധമെടുത്തു ഒട്ടകങ്ങളിൽ കേറിക്കൊള്ളുവിൻ. ക്ഷണം....

അപ്പോൾ പാളയത്തിനു പുറത്തുനിന്നു ചട––ചട ശബ്ദത്തോടുകൂടി വെടിആരംഭിച്ചു. ജ്വാലപുറപ്പെടുന്നഭാഗത്ത് ശത്രുക്കൾ ഉണ്ടെന്നല്ലാതെ, അതാരാണെന്നൊ അ

വർ ഇതിനകം എന്തെല്ലാം കാട്ടിക്കൂട്ടികഴിഞ്ഞെന്നൊ, അവരുടെ ലക്ഷ്യം എന്തെന്നൊ കെമലിനു് ഒരു നിശ്ചയവും ഇല്ല. ശത്രുക്കൾവന്നു ആക്രമണം ആരംഭിച്ചിരിക്കുന്നു എന്നു് പുറകെ പുറകെ ഉണ്ടായിക്കൊണ്ടിരുന്ന വെടിയുടെ ശബ്ദംകേട്ടു മനസ്സിലാക്കിയ ക്ഷണത്തിൽ പാളയത്തിൽ കുടിയും തീററിയും നേരമ്പോക്കുമായി കഴിച്ചുകൂട്ടിയവർ എല്ലാം അവരവരുടെആയുധവും എടുത്തുപുറത്തുചാടി. എല്ലാവരും ഒരേസമയം എന്താണു നടന്നതെന്നു അന്വേഷിച്ചപ്പോൾതന്നെ. വെടിയുടെ ശബ്ദത്തെവെല്ലുന്ന ബഹളമായി അവിടെ. പ്രതീക്ഷിക്കാതിരുന്ന സമയത്തു് അടിച്ച അടി ഷെയിക്കു് അബ്ദുള്ളാ ഏൽക്കുകതന്നെചെയ്തു. പാളയത്തിൻെറ വിവിധഭാഗങ്ങളിൽ കൂടാരങ്ങൾ കത്തിഎരിയുന്നു. അദ്ദേഹത്തിൻെറ അതിഥികളിലും അനുചരന്മാരിലും ചിലർ വെടിയേററു മൃതിഅടഞ്ഞു. സംഗീതവും സരസസല്ലാപങ്ങളും തീററിയും കുടിയും നടന്നുകൊണ്ടിരുന്ന ആ പാളയം നിമിഷനേരത്തിനുള്ളിൽ അഗ്നിപ്രളയത്തിൽ ആണ്ടുപോയി. ശത്രുവിൻെറ അട്ടഹാസവും അവരോടു അടുക്കാൻവെമ്പൽ കൊള്ളുന്നവരുടെ വെല്ലുവിളിയും മുറിവേററവർ മരണവേദനയോടുകൂടി പുറപ്പെടുവിച്ച രോദനവും അവയെ എല്ലാം വെല്ലത്തക്കവിധം അഗ്നിപുറപ്പെടുവിച്ചുകൊണ്ടിരുന്ന ഇരമ്പലും ഭയാനകം തന്നെ ആയിരുന്നു.

മിറിയാമിനെ പിടിച്ചെടുത്തവർ അവരുടെവഴിക്കു് അതിവേഗംപോകയാണു്. പാളയപരിസരം കടന്നുകഴിഞ്ഞപ്പോൾ, മിറിയാം നിലവിളിക്കയൊ ബഹളമുണ്ടാക്കുകയൊചെയ്താൽ കേൾക്കാനൊ, അവളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനൊ ആരും ഉണ്ടാകയില്ലെന്നു ബോദ്ധ്യമായപ്പോൾ, അവളെ ചുററിയിരുന്ന കരിമ്പടത്തിൽനിന്നു കാസിം മറിയാമിനെ മോചിപ്പിച്ചു. അടി

മല്പന്ത്യയിൽവിററാൽ വലിയസഖ്യ കിട്ടണമെങ്കിൽ അവൾക്കു ജീവനുണ്ടായിരിക്കണമല്ലൊ. കുറച്ചുസമയം ശുദ്ധവായു ശ്വസിച്ചപ്പോഴെക്കു മിറിയാമിൻെറ ക്ഷീണം അല്പം കുറഞ്ഞു. ഓടിക്കൊണ്ടിരുന്ന ഒട്ടകത്തിൻെറ പുറത്തുനിന്ന് അവൾ ചാടി. കാസിം നായിൻെറ മകൾ എന്നുപറഞ്ഞുകൊണ്ടു് ഒട്ടകത്തെപിടിച്ചുനിറുത്തി. ഇറങ്ങിചെന്നപ്പോൾ അവൾ എണീററു ഓടാൻ ശ്രമിക്കുകയാണു്. അപ്പോഴാണു് പാളയത്തിൽ അഗ്നിബാധ ഉണ്ടായിഎന്നു് കാസിം അറിഞ്ഞതു്. ആരാണു് കൊള്ളിവച്ചതെന്നൊന്നും അറിയാൻപാടില്ലായിരുന്നു. എങ്കിലും ആ സംഭവത്തെ ശരിക്കു പ്രയോജനപ്പെടുത്തുന്നതിനു് കശ്മലനായ കാസിം ശ്രമിച്ചു. അവൻചോദിച്ചു "എവിടേക്കാണു് ഓടാൻപോകുന്നതു്? നോക്കണം, നിൻെറ അപ്പൻെറപാളയം വെന്തു വെണ്ണീറായി. അപ്പൻ പറങ്കിയും നിന്നെ വിവാഹംകഴിക്കാൻ അയാൾ കണ്ടുപിടിച്ചപറങ്കിയും ആ അഗ്നികുണ്ഡത്തിൽ ദഹിച്ചു. പിന്നെ നീ എങ്ങോട്ടു് ആരെകാണാനാണു് ബദ്ധപ്പെടുന്നതു്?"

"കെമൽ! കെമൽ: ... അയ്യോ! കെമൽ!" എന്നിങ്ങനെ നിലവിളിച്ചുകൊണ്ടു്, കാസിമിനെ തട്ടിമാററി ഓടാൻ മിറിയാം ശ്രമിച്ചു.

കാസിമിൻെറ ക്ഷമ അസ്തമിച്ചു. അയാൾ കൂട്ടുകാരിൽ ഒരുവൻെറ സഹായത്തോടുകൂടി യുവതിയെ എടുത്തു് ഒട്ടകത്തിൻെറ പുറത്തുവച്ചിട്ടു് കൈയ്യിൽ ഉണ്ടായിരുന്ന ചമ്മട്ടിചുഴററിക്കൊണ്ടു് പറഞ്ഞു. "ഒട്ടകത്തെ അടിക്കുന്നതിനുമാത്രമെ ഇതു പ്രയോജനപ്പെടുകയുള്ളു എന്നുധരിക്കരുതു്. സുന്ദരികളായ യുവതികളെ നിലയ്ക്കു നിർത്തുന്നതിനും ഇതുകൊള്ളാം. മര്യാദയ്ക്കു ഒട്ടകപുറത്തു ഇരിക്കാത്തപക്ഷം അടിച്ചു നിൻെറ പുറം ഞാൻ പൊളിക്കും"

അവർ യാത്രതുടൎന്നു. അപ്പനേയും അമ്മയേയും, ജീവിതസാർവസ്വമായ കെമലിനേയും ഇനി കാണാൻ സാധിക്കുമൊ? അടിമച്ചന്തയിൽവച്ച് ആരായിരിക്കും തന്നെ വാങ്ങുന്നതു്? അയാൾ എന്തെല്ലാം ദ്രോഹങ്ങളായിരിക്കും ചെയ്യുന്നതു്? ആശയററ മിറിയമിന്റെചിന്ത ഈ വിധംപോയപ്പോൾ അവൾ കരഞ്ഞു എന്നും, മണവറപ്പുരയിലേക്കു്, അവളുടെ കെമലിന്റെ സമീപത്തേക്കു് പുറപ്പെടുന്നതിനു്ധരിച്ച വിലയേറിയവസ്ത്രങ്ങൾ കണ്ണീർകൊണ്ടു നനച്ചു എന്നും പറയേണ്ടതില്ലല്ലോ. പാളയത്തിലേക്കു കൂടെ കൂടെ തിരിഞ്ഞുനോക്കുന്നുണ്ടു് അവൾ. ദൂരം വൎദ്ധിച്ചതുകൊണ്ടൊ, കത്താവുന്നവ എല്ലാം കത്തി തീൎന്നതുകൊണ്ടൊ അഗ്നിയുടെവലുപ്പം കുറഞ്ഞു കുറഞ്ഞു വന്നു് അതുകാണാനില്ലാതായി. അവളുടെ പ്രതീക്ഷകളെയും ആഗ്രഹങ്ങളെയും, അവളുടെഭാവിയെതന്നെയും ദഹിപ്പിച്ച ചിതയായിരുന്ന ആ അഗ്നികുണ്ഡം എങ്കിലും, അതുകാണാമായിരുന്നിടത്തോളം സമയം, ഏതോ ഒരു സമാധാനംഉണ്ടായിരുന്നു. അവളുടെ കെമലും അപ്പനും കൊല്ലപ്പെട്ടു എന്നു കാസിം പറഞ്ഞതുകേൾക്കുകയും മനസ്സിലാക്കുകയുംചെയ്തിട്ടും അവർ രണ്ടാളും അമ്മയും അവിടെ, പാളയത്തിൽഉണ്ടെന്നുള്ള ഒരു വിശ്വാസമായിരുന്നിരിക്കാം ആ അഗ്നികുണ്ഡത്തിന്റെകാഴ്ച അല്പസമാധാനം അവൾക്കുനൽകിയതു്. അതു കാണാതായതോടുകൂടി, അവൾ നിരാധാരയായി എന്നു്തോന്നി.

പാളയത്തിനു കൊള്ളിവച്ചവർ ആരാണെന്നൊ അവരെ എതൃക്കുന്നതിനു് എന്തുവേണമെന്നൊ അറിയാതെയാണു് കെമൽ അനുചരന്മാരെ വിളിച്ചതു് അവരെല്ലാം സുബോധമില്ലാതെ അവിടവിടെ കിടക്കുകയൊ കൂടിഇരുന്നു വെടിപറഞ്ഞു രസിക്കയൊ ചെയ്യവെ ആണു് ആക്രമണംഉണ്ടായതു്. അവരെ ഉണൎത്തുന്നതിനും,

മദ്യത്തിന്റെ ലഹരി ഒട്ടു കുറയ്ക്കുന്നതിനും പട്ട......പടാ പൊട്ടിക്കൊണ്ടിരുന്നവെടിയും, ക്രൂരങ്ങൾക്കു ബാധിച്ചഅഗ്നിയും വളരെ സഹായിച്ചു. കെമലിന്റെ കല്പന, എന്താണ് ചെയ്യേണ്ടതെന്നുള്ള ബോധവും അവക്കു നൽകി. ശത്രുവിനെ എതിരിടാൻ അവർ ഒരുങ്ങി വന്നപ്പോഴേക്കു് ആ ശത്രു ഉരുൾപൊട്ടിവന്ന മലവെള്ളംപോലെ അവരുടെ തലയിൽ കേറിക്കഴിഞ്ഞു.

ആക്രമണംനടത്തുന്ന സംഘത്തിന്റെ മേധാവി ഒരു ഹൗരാളനാണെന്നുമാത്രം മനസ്സിലാക്കി കെമൽ. അപ്പോഴേക്കു ശത്രുക്കൾ അയാളുടെ പാളയത്തെയും അയാളുടെ ചുററിലും ഉണ്ടായിരുന്ന അനുചരന്മാരെയും എല്ലാം തട്ടിതകർത്തു മുമ്പോട്ടു കടന്നു കഴിഞ്ഞു. ഷെയിക്കു് അബ്ദുള്ളയുടെയും കെമലിന്റെയും ചില അനുചരന്മാർ—അവിടെയും ഇവിടെയും കിടന്നിടത്തു നിന്നുണന്നു വന്നവരായിരിക്കണം.— ശത്രുക്കളോടു പൊരുതാൻശ്രമിക്കുന്നുണ്ടു്. കത്തിഎരിഞ്ഞുയന്ന തീജ്ജ്വാല കണ്ടു് ദൂരത്തുനിന്നു പറന്നടുക്കുന്ന ശലഭങ്ങളുടെ അനുഭവമാണു് അവക്കുണ്ടായതു്. അല്പാല്പമായി ഉണ്ടായഎതിപ്പു് ശത്രുക്കൾക്കു് ഉത്സാഹംനൽകുകയും അവരുടെ ശൌയ്യം വദ്ധിപ്പിക്കുകയും മാത്രമാണു് ചെയ്യുന്നതു്.

ആക്രമണസംഘത്തിന്റെ നേതാവായ ഭീമകായന്റെ ഇടതുകൈയിലെ കഠാരി എത്രആളുകളുടെമാറിൽ താച്ചുകേറിഎന്നു് എണ്ണാൻസാദ്ധ്യമല്ല. അയാളുടെ വാൾ എത്രപേരുടെതലകൊയ്തു എന്നുകണക്കു വയ്ക്കുയും അസാദ്ധ്യംതന്നെ. അയാളെതടഞ്ഞുനിറുത്താൻ സാധിക്കയില്ലെന്നോ? അക്രമികൾ അറിഞ്ഞോ അറിയാതയൊ ഷെയിക്കു് അബ്ദുള്ളായുടെ കൂടാരത്തോടു അടുക്കുകയാണു്. ഒരിക്കൽ സമരത്തിൽപററിയ മുറിവുമൂലം ഒരു കാലിനു് ബലമില്ലാതായതുകൊണ്ടു് ഇപ്പോൾ സമരം ചെയ്യുന്നതിനല്ല, ആയാസപ്പെടുത്തുന്നതിനുപോലും

കെൽപില്ലാതായിട്ടുള്ള ഷെയിക്കിനെയും, അദ്ദേഹത്തിന്റെ ഭാര്യ ആയ ലൈലായെയും ശത്രുവിന്റെ ഖഡ്ഗത്തിൽനിന്ന രക്ഷിക്കുന്നതിന് ഒരുങ്ങി ഒരു സംഘം യോദ്ധാക്കൾ ആ കൂടാരത്തിനു മുമ്പിൽ അണിനിരന്നിട്ടുണ്ട്. ശത്രുക്കൾ കൂടാരത്തോടു അടുത്തു. ഏററുമുട്ടൽ ഉണ്ടായപ്പോൾ, വൃദ്ധനും അംഗഭംഗം സംഭവിച്ചവനുമായ ഷെയിക്ക് അബ്ദുള്ളാ, അയാളുടെ അനുചരന്മാരുടെ മുന്നണിയിലുണ്ട്.

അവിടെ നല്ലൊരു സമരംതന്നെനടന്നു. ശത്രുക്കളുടെ നേതാവായ തടിമാടനെ ലക്ഷ്യമാക്കിവച്ച വെടികൾ ഒന്നും അയാൾക്കു ഏൽക്കുന്നില്ല. ഷെയിക്കിനെ അടുത്തുപിടിക്കണമെന്നാണൊ അയാളുടെലാക്ക്? അയാൾതന്നെ സംശയംതീർത്തു വിളിച്ചുപറഞ്ഞു "നീയല്ലെ, ഷെയിക്ക്അബ്ദുള്ളാ എന്നപേർ സ്വീകരിച്ചിട്ടുള്ള നായ്? ഘാഘായിലെ സിംഹത്തെചതിച്ചാൽ ഉണ്ടാകുന്നഫലം എന്താണെന്ന് കാണിച്ചുതരുന്നതിനാണ് ഹുസൈൻപാഷായുടെ പുത്രനായ ഞാൻ, ആലി വന്നിരിക്കുന്നത്. നിന്റെതലകൊയ്തു്, നിന്റെസർവസ്വവും നശിപ്പിച്ച് നിന്റെ മകളെയും കൊണ്ടുപോകും ഞാൻ. എതൃത്തുനിൽക്കാമെങ്കിൽ നിന്നു പൊരുതിക്കൊള്ളണം."

ഷെയിക്ക് അബ്ദുള്ളായുടെസമീപത്ത് അപ്പോൾ എത്തിയ ലൈലായെ അദ്ദേഹം ഒന്നുനോക്കി. ആലിയുടെ വെല്ലുവിളി അദ്ദേഹത്തിനു വീണ്ടും യൗവ്വനം നൽകിയൊ? ക്ഷീണവും അംഗഭംഗംകൊണ്ടുള്ള ബലഹീനതയും എല്ലാം ആ വീരപരാക്രമിയെ വിട്ടോടി. ഇതിനു മുമ്പൊരിക്കലും, യൌവ്വനയുക്തനായിരുന്ന കാലത്തുപോലും, ഷെയിക്ക് അബ്ദുള്ളാ ഇത്രമാത്രം വിജയകരമായ ഒരു ആയോധനവും നടത്തിയിട്ടില്ല. എന്തുഫലം? മദ്യംനിറച്ച തുകൽകുടങ്ങളിൽനിന്ന് ആ നിമി

ഷത്തിൽ തലവലിച്ചെട്ടുത്തുകൊണ്ടു് ഓടിവന്ന അനുചരന്മാർ, ദീപത്തിന്റസമീപം ഈയാംപാററ വീഴുന്നതരത്തിൽ ആലിയുടെചുററിലും വീണുകൊണ്ടിരിക്കുന്നു. അതൊന്നും അബ്ദുള്ളായെ ചകിതചിത്തനാക്കിയില്ല. ആ വൃദ്ധനു് പത്തുയോദ്ധാക്കളുടെ കെൽപും വീര്യവും ഉണ്ടെന്നുതോന്നിപ്പോകും. ആലിയുടെ കിങ്കരന്മാരിൽ ഒരാൾനിലംപതിച്ചാൽ പത്താളുണ്ടു് ആ സ്ഥാനംസ്വീകരിക്കാൻ. ഒരു വൃദ്ധൻതനിച്ചു് കടിച്ചാൽപൊട്ടാത്ത നെട്ടനെട്ടുകന്മാരായ ചെറുപ്പകാരോട്ടു് പൊരുതിയാൽ എത്രസമയം നിന്നുപിണങ്ങാൻ സാധിക്കും? ആലിയുടെ ഒരു കിന്ങരന്റെ വെട്ടേററു് അബ്ദുള്ളാ നിലംപതിച്ചു. ആ സമയം വേറൊരുഭാഗത്തു വലിയൊരു ബഹളം കേൾക്കയാൽ അക്രമികളുടെശ്രദ്ധ അവിടേയ്ക്കു തിരിഞ്ഞു.

മിറിയാമിന്റെ വിവാഹം സംബന്ധിച്ചുള്ള ആഘോഷങ്ങളും ചടങ്ങുകളും എല്ലാം ഷെയിക്കു് അബ്ദുള്ളായുടെ നഗരത്തിനു് പുറത്തു് മണലാരണ്യത്തിലുള്ള പാളയത്തിൽ വച്ചായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പട്ടണവാസികളിൽ കായബലമുള്ളവർ എല്ലാം തന്നെ പാളയത്തിലെ വിരുന്നിലും മററും സംബന്ധിച്ചു. ബാക്കി ഉണ്ടായിരുന്നവക്കും അന്നൊരു ഉത്സവംതന്നെ ആയിരുന്നു. അവക്കും തീററിക്കും കുടിക്കും വേണ്ടതെല്ലാം ഷെയിക്കു് കൊടുത്തിരുന്നു. പാളയത്തിലെന്തൊക്കെയൊ കുഴപ്പങ്ങളുംകലാപങ്ങളും ഉണ്ടായിഎന്നു നഗരത്തിൽ അറിവുലഭിച്ച ക്ഷണത്തിൽ, കാവൽഭടന്മാർ കുടിയും തീററിയും മതിയാക്കി കവാടം അടച്ചു കാവൽമുറക്കി. പാളയം നശിപ്പിച്ചശേഷം നഗരത്തെ ആക്രമിക്കാൻ ആലി മുതിന്നിരുന്നു എങ്കിൽ കുറെ നാശങ്ങൾ വരുത്താൻ സാധിക്കുമായിരുന്നു. എന്നാൽ തുറന്ന പ്രദേശത്തു് കാര്യക്ഷമമായി പ്രവത്തിക്കാൻ കഴിവുള്ള ഒരു ചെറു

സൈന്യസംഘം പട്ടണത്തെ ആക്രമിച്ച് ഒട്ടൊക്കെ നാശങ്ങൾ സഹിച്ച് അവിടുത്തെ ഇടുങ്ങിയ തെരുവുകളിൽ കടന്നാൽ കാര്യമായി ഒന്നും ചെയ്യുവാൻ കഴിവില്ലാതാകും. പ്രതിയോഗികൾക്ക് അപ്പോൾ അവരെ കണക്കിന് അടിക്കുന്നതിനും സാധിക്കും. ഇത് അറിയാമായിരുന്നതുകൊണ്ട് പട്ടണത്തെ ആക്രമിക്കുന്നതിന് ആലി മുതിന്നില്ല.

പാളയത്തിൽവച്ചുണ്ടായ സംഘട്ടനത്തിൽ മുറിവേററ ഷെയിക്ക് അബ്ദുള്ളായെ, ലൈലായും അവരുടെ രണ്ടു ദാസികളുംകൂടി മണൽപരപ്പിൽകൂടി വലിച്ചും വഹിച്ചും ഒരു തരത്തിൽ പട്ടണത്തിന്റെ പ്രവേശനദ്വാരങ്ങളിൽ ഒന്നിൽ എത്തിച്ചു. ദ്വാരപാലകർക്ക് ആൾ മനസ്സിലായതുകൊണ്ടു് അവർ ഒരു ചെറുവാതിൽ തുറന്ന് സ്ത്രീകളെ അകത്തു കടത്തി. ഷെയിക്കിനെ രണ്ടുമൂന്നു ആൾകൂടി താങ്ങി എടുത്ത് അദ്ദേഹത്തിൻെറ കൊട്ടരത്തിൽ ആക്കി. ഇപ്പോഴും ബോധം വീണിട്ടില്ല. ഭർത്താവ് മൃത്യുവക്ത്രത്തിൽപെട്ടു പോകുമൊ, പുത്രി എവിടെ, ഇവ ഓർത്തു വെന്തുവെണ്ണീറായികൊണ്ടിരുന്നു ലൈലായുടെ ഹൃദയം. കെമലിനെ ആ സമരത്തിനിടയിൽ ഒരുപ്രാവശ്യം കണ്ടു. അടുത്ത നിമിഷം ഒരു തിരത്തള്ളലിൽപെട്ടു അയാൾ മറഞ്ഞു. മിറിയാമിനെ തട്ടികൊണ്ടുപോയ കഥയെപ്പററി ഒന്നും അറിയതിരുന്നതുകൊണ്ടു് അവൾ ശത്രുക്കളുടെ ആയുധത്തിന് ഇരആയതായിരിക്കും എന്നു ഭയപ്പെട്ടിരുന്ന മാതാവിന് കെമലും അവളോടൊപ്പം പരലോകത്തേയ്ക്കു പോയിട്ടുണ്ടെന്നുള്ള വിശ്വാസം അല്പം ആശ്വാസം നൽകി!! ബോധരഹിതനായികിടക്കുന്ന അബ്ദുള്ളായെ ഹാക്കിം വന്നുകണ്ടു മരുന്നുകൊടുത്തു. അപകടശങ്കയ്ക്കു കാര്യമില്ലെന്ന് അയാൾ ഉറപ്പുകൊടുത്തിട്ടും സമീപത്തുനിന്നു മാറാൻ ധൈര്യമില്ല ലൈലായിക്ക്.

# അദ്ധ്യായം 6

വിജയശ്രീലാളിതനായ ആലിയും അയാളുടെ അനുചരന്മാരും അവിടെ ചെന്നതിൻെറയും സമരം നടത്തിയതിൻെറയും പ്രഥമവും പ്രധാനവും ആയ ലക്ഷ്യം ഹാലിളക്കത്തിൽ വിസ്മരിച്ചുപോയി. സമരവും വിജയവും മദ്യത്തെക്കാൾ മാദകമായതുകൊണ്ടു് അവരെ കുററപ്പെടുത്താനില്ല. ആലിയുടെ കിങ്കരന്മാർ പാളയത്തിൻെറ നാനാ ഭാഗങ്ങളിലും ഓടിനടന്നു് കൊള്ളചെയ്യാവുന്നവ എല്ലാം കീശയിൽ ആക്കുകയാണു്. അനുയായികൾക്കു കിട്ടുന്നതിൽ ഒരുഭാഗം ആലിക്കു് അവകാശപ്പെട്ടതാണു്. അതുകൊണ്ടു് അയാൾ കൊള്ളയ്ക്കിറങ്ങാതെ വിശ്രമിച്ചു. അപ്പോളാണു് അവിടെ ചെന്നതിൻെറ പ്രധാന ഉദ്ദേശം ഷെയിക്കു് അബ്ദുള്ളായുടെ പുത്രിയെ പിടിച്ചെടുക്കുകയാണെന്നുള്ള ഓർമ്മവന്നതു്. ആലി ചൂളംഅടിച്ചു് കിങ്കരന്മാരെ വിളിച്ചു. ഓടിച്ച എലി കേറിഒളിച്ച മാളത്തിൽ നിന്നു് അതിനെ ഇളക്കി പിടിച്ചെടുക്കാൻ മാന്തുന്ന പട്ടിയെ യജമാനൻ വിളിച്ചാൽ അനുസരണമുള്ള, ആ ജന്തു എന്തുചെയ്യും? ആലിയുടെ ആജ്ഞ ലഭിക്കുന്ന ക്ഷണത്തിൽ അനുസരിക്കാതിരുന്നാൽ ഉണ്ടാകുന്ന ഫലം അനുഭവിച്ചുതന്നെ അറിഞ്ഞിട്ടുള്ള കിങ്കരന്മാർ, ചൂളം കേട്ടക്ഷണത്തിൽ കൊള്ള മതിയാക്കി, നേതാവിൻെറ മുമ്പിൽ ഹാജരായി.

"ഷെയിക്കു് അബ്ദുള്ളായുടെ മകളെ തട്ടിയെടുക്കുന്നതിനു് വേണ്ടിയാണു് നാം ഇവിടെ വന്നതു്. അവൾ എവിടെ. ഉടൻ ഇവിടെ കൊണ്ടുവന്നുകൊള്ളണം. അല്ലാത്തപക്ഷം......" ഇതായിരുന്നു അനുചരന്മാക്കു് ആലി നൽകിയ സുഗ്രീവാജ്ഞ. അവർ നാലു ഭാഗത്തെയ്ക്കും പാഞ്ഞു.

ആലിയുടെ ക്ഷമ നശിച്ചു തുടങ്ങിയപ്പോഴേക്കും അയാളുടെ കിങ്കരന്മാരിൽ നാലുപേർ ഒരു യുവതിയെ വലിച്ചു ഇഴച്ചുകൊണ്ടു് അവിടെ എത്തി. ലോകൈക സുന്ദരി എന്നു പറയപ്പെടുന്ന മിറിയാമിനെ കാണാൻ കാത്തിരിക്കയായിരുന്നു അയാൾ. അവിടെ ഹാജരാക്കപ്പെട്ടതോ? കീറിപ്പറിഞ്ഞ ചെളിപിടിച്ച വസ്ത്രം; ദേഹമാസകലം ചാരം വാരിത്തേച്ച സമ്പ്രദായം; കൂട്ടികെട്ടി പിണങ്ങിമറിഞ്ഞു് മുഖംപോലും മൂടികിടക്കുന്ന മുടി ഇത്തരം ഒരു പേക്കോലം. ചെളിപിടിച്ച വസ്ത്രം അവിടവിടെ കീറിയിരുന്നില്ലെങ്കിൽ അതൊരു സ്ത്രീ ആണെന്നു പറഞ്ഞറിയിക്കാതെ മനസ്സിലാക്കാൻ സാധിക്കയില്ലായിരുന്നു. ആലിക്കു് അത്ഭുതവും അരിശവും ഒന്നുപോലുണ്ടായി. അയാൾ ചോദിച്ചു. "ഇതാണോ ആ പെണ്ണു്?"

ഭയം കൊണ്ടും ക്ഷീണംകൊണ്ടും കാലിൽ നിൽക്കാൻതന്നെ പണിപ്പെടുന്ന യുവതി പറഞ്ഞു. "പ്രഭോ, ഞാൻ അയേഷ, അവിടുത്തെ ദാസിയാണു്, കേവലം ഒരു അടിമ മാത്രമാണു്."

അയേഷയെ പിടിച്ചുകൊണ്ടുവന്ന കിങ്കരന്മാരെ ആലി ഒന്നു നോക്കി. അവർ കിടുങ്ങി. അവരിൽ ഒരുവൻ വളരെ പണിപ്പെട്ടു പറഞ്ഞു. "ജീവനുള്ളതായി പെണ്ണായി ഈ ഒന്നിനെ മാത്രമെ അവിടെ കണ്ടുള്ളു. മററുള്ളവയെല്ലാം ശവങ്ങൾ ആയിരുന്നു."

കിങ്കരന്മാരെ ശാസിച്ചതുകൊണ്ടു പ്രയോജനം ഇല്ലെന്നും അവർ തെററുകാരല്ലെന്നും മനസ്സിലായപ്പോൾ ആലിയുടെ കോപം ഒട്ടു് അടങ്ങി. അയാൾ ശാന്തസ്വരത്തിൽ അയേഷയോടു ചോദിച്ചു—"ഷെയിക്കു് അബ്ദുള്ളായുടെ മകൾക്കു് എന്തുസംഭവിച്ചു, അവൾ എവിടെ ഉണ്ടു്.? അതു പറയാമെങ്കിൽ നിന്നെ കൊല്ലുകയില്ല. പറയുകയില്ലെങ്കിൽ നിൻെറ കഥ ഇപ്പോൾ തന്നെ

കഴിക്കും." അയേഷ പറഞ്ഞു. "പ്രഭോ! ഷെയിക്ക് അബ്ദുള്ളായുടെ മകൾഇപ്പോളെവിടെ ഉണ്ടെന്നൊന്നിക്കറിഞ്ഞു കൂടാ. ഞാൻ പറയുന്നതു് സത്യമാണ്."

ആലി–"അതുകൊണ്ടൊന്നുമായില്ല. അവൾ എവിടെ ആണെന്നറിയാൻ പാടില്ലെങ്കിൽ എവിടേക്കു പോയി എന്നോ എങ്ങിനെ പോയി എന്നോ അറിയാമൊ. ജീവൻ വേണമെങ്കിൽ പറഞ്ഞുകൊള്ളണം."

അയേഷ–"എനിക്കൊന്നും ഓർമ്മയില്ല. കൊച്ചമ്മയെ ആഭരണങ്ങൾ അണിയിച്ചു കൊണ്ടിരിക്കുമ്പോൾ ആരൊ കൂടാരത്തിൽ പാഞ്ഞുകേറി. എന്നെ അടിച്ചു വീഴ്ത്തി. ഞാൻ എണീൽക്കാൻ നോക്കിയപ്പോൾ തലയിൽ ഒരു അടി ഏററു വീണ്ടും വീണുപോയി. ഇതാ രക്തം ഇപ്പോഴും ഒഴുകുന്നു. തലമുടിയിലും കുപ്പായത്തിലും കാണുന്നതെല്ലാം രക്തമാണ്:

ആലി–"അക്കഥകളൊന്നും കേൾക്കണ്ട. മിറിയാം എവിടെ എന്നു പറയണം. അല്ലാത്തപക്ഷം അനുഭവം എന്തായിരിക്കുമെന്നു ഞാൻ പറഞ്ഞല്ലൊ."

അയേഷ–"എനിക്കു് അറിയാൻ പാടില്ലാത്ത കാര്യം.---"

ആലി–"കൂടാരത്തിൽ കടന്നു വന്നവർ നിന്നോടൊ, തമ്മിൽ തമ്മിലൊ എന്തെങ്കിലും പറഞ്ഞതാനീ കേട്ടോ,?"

അയേഷ–"തമ്മിൽപിരിഞ്ഞുപോയാൽ അടിമച്ചന്തയിൽ എത്തിക്കൊള്ളണം . എന്നു ഒരാൾപറയുന്നതു് കേട്ടു. ഇതിലധികംഒന്നും അറിഞ്ഞുകൂടാത്ത ഈ അടിമയോടു കരുണതോന്നി വിട്ടയയ്ക്കണെ!" എന്നു പറഞ്ഞുകൊണ്ടു് അയേഷ ആലിയുടെ കാൽക്കൽ വീണു പാദങ്ങളിൽ തൊട്ടുനിലവിളിച്ചു.

ആലി ദയാലേശം കൂടാതെ ആ യുവതിയുടെ തലമുടിയിൽ പിടിച്ചു വലിച്ചു് അവളെ എണീൽപിച്ചു.

അവളുടെ മാറിൽ കുത്തി ഇറക്കുന്നതിനു കഠാരി ഓങ്ങി ക്കൊണ്ടു് അലറി "കളവു പറഞ്ഞു് എന്നെ കളിപ്പി ക്കാൻ ഒരുങ്ങുന്ന നിന്റെ കഥ ഞാൻ ഇപ്പോൾ കഴിക്കും ജീവൻ വേണമെങ്കിൽ സത്യം പറഞ്ഞുകൊള്ളണം."

അയേഷ ആലില പോലെ വിറയ്ക്കുന്നുണ്ടു്. ആ സംഹാരരുദ്രനെ എങ്ങിനെ തൃപ്തിപ്പെടുത്താമെന്നു അ വൾക്കറിഞ്ഞുകൂടാ. അവൾ വിങ്ങിവിങ്ങി "ഞാൻ പറ ഞ്ഞതു് സത്യമാണു്" എന്നു പറഞ്ഞു.

അയേഷയുടെ മുഖത്തു് സൂക്ഷിച്ചു നോക്കിക്കൊണ്ടി രുന്ന ആലിക്കു് അവൾ പറഞ്ഞതു് കളവല്ലെന്നു ബോ ദ്ധ്യമായി. അയാൾ അവളെ തലനാരിൽ തൂക്കിത്തന്നെ ദൂരത്തേക്കു് എറിഞ്ഞശേഷം കൊള്ളചെയ്തു കിട്ടിയ പ ണവും ആഭരണങ്ങളും മററും കിങ്കരന്മാരോടു് വാങ്ങി ശേ ഖരിച്ചുകൊണ്ടിരുന്ന അനുചരപ്രധാനിയുടെ സമീപ ത്തേക്കു് പോയി. ഇങ്ങനെ കിട്ടുന്നവ ഏതു തരത്തി ലാണു് വീതിക്കേണ്ടതെന്നു അലിഖിതമെങ്കിലും സാർ വത്രികമായി അംഗീകാരം സിദ്ധിച്ചിട്ടുള്ള നിയമമുണ്ടു്. ഓരോ കിങ്കരനും അവൻ കൊള്ളചെയ്തതു് കൂട്ടി വച്ചി രിക്കുകയാണു്. അവ എല്ലാം അപ്പോൾ തന്നെ പങ്കിട്ടു. മിറിയാമിനെ കിട്ടിയില്ലെങ്കിലും കഷ്ടപ്പാടിനു തക്കതല്ല അതിൽ വളരെയധികം കിട്ടി ആലിയ്ക്കു്. അയാൾ സംതൃപ്തനായി. അങ്ങിനെ കിട്ടിയതെല്ലാം ശത്രുവായ ഷെയിക്കു് അബ്ദുള്ളായുടെ സ്വന്തം വകയാണെന്നു പൂർണ്ണബോദ്ധ്യം വരുകകൂടി ചെയ്തിരുന്നു എങ്കിൽ അ വന്റെ തൃപ്തിയുടെ മാററു് വളരെ വർദ്ധിക്കുമായിരുന്നു.

പ്രതീക്ഷിച്ചിരുന്നതിൽ അധികം വിലപിടിച്ച സാധനങ്ങൾ കിട്ടിയപ്പോൾ ആലിക്കു ഒരു പുതിയ പ് ളാൻ തോന്നി. അതു് നടപ്പിൽ വരുത്തുന്നതിനു് ഉടൻ തന്നെ തീർച്ചപ്പെടുത്തി നടപടി ആരംഭിക്കുകയും ചെ യ്തു ആദ്യപടി കിങ്കരന്മാരെ എല്ലാം പറഞ്ഞയയ്ക്കുക

എന്നുള്ളതായിരുന്നു. വീട്ടുകളിലേക്കു അത്ര വേഗം മട ങ്ങി പോകാൻ പാറുമെന്നു പ്രതീക്ഷിക്കാതിരുന്ന അവർ അനുവാദം കിട്ടിയ ക്ഷണത്തിൽ കൊള്ളചെയ്തുവകയിൽ കിട്ടിയതുംകൊണ്ടു കടന്നു.

ഷെയിക്ക് അബ്ദുള്ളായുടെ പുത്രിയെ കരബലം കൊണ്ടു കൈക്കലാക്കാൻ സാധിച്ചില്ല. എന്നാൽ അ വളുടെ പിതാവിൻെറ കൂടാരത്തിൽ നിന്നു് കൊള്ളചെയ്തു കിട്ടിയ സമ്പത്തു് കൊടുത്തു അടിമച്ചന്തയിൽ നിന്നു് അ വളെ വിലയ്ക്കുവാങ്ങുക എന്നതായിരുന്നു ആലിസ്വീകരി ക്കാൻ തീർച്ചപ്പെടുത്തിയ പ്ലാൻ. നഗരത്തിൻെറയൊ സ്ഥലത്തിൻെറയൊ പേരൊന്നും ഘടിപ്പിക്കാതെ അടി മച്ചന്ത എന്നു മാത്രം പറഞ്ഞാൽ അതു ഏതാണെന്നു എ ല്ലാവക്കും മനസ്സിലാകത്തക്കവിധം അത്രമാത്രം കുപ്രസി ദ്ധമായ ഒരു ചന്ത അവിടെ നിന്നു രണ്ടു നാലു ദിവസ ത്തെ വഴിക്കപ്പുറം ഉണ്ടു്. മിറിയാമിനെ തട്ടിക്കൊണ്ടു പോയവരുടെ ലക്ഷ്യം ആ ചന്ത ആയിരുന്നു എന്നുള്ള തിൽ സംശയമൊന്നുമില്ല. ആലിയും അവിടേക്കുതന്നെ പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ കൊള്ള ആയി ലഭിച്ച സാധന ങ്ങളെല്ലാം വിററു പണമാക്കി. മിറിയാം എത്ര മഹാസു ന്ദരി ആയാലും അവളെ വാങ്ങാൻ വേണ്ട പണം അങ്ങി നെ സംഭരിച്ചുകൊണ്ടു് ഊണും ഉറക്കവും ഉപേക്ഷിച്ചു് അയാളുടെ ഒട്ടകത്തെ അടിച്ചടിച്ചു് ഓടിച്ചാണു് പോകു ന്നതു്. ചന്തയിൽ എത്തുമ്പോഴേക്കു മിറിയാമിനെ വ ല്ലവരും വാങ്ങിയെക്കൊണ്ടു പൊയ്ക്കളയുമൊ എന്നു ഭയം തോന്നും ചിലപ്പോൾ, മിറിയാമിനെയും കൊണ്ടു പോ യവർ പുറപ്പെട്ടു നാലാറു മണിക്കൂർ മാത്രമെ കഴിഞ്ഞിട്ടു ള്ളല്ലൊ താൻ പുറപ്പെടുമ്പോൾ, അതുകൊണ്ടു അവർചന്ത യിൽ എത്തുമ്പോഴേക്കു തനിക്കും എത്താം, അടിമകളെ ലേലം ചെയ്യുന്നതിനും ഉണ്ടു് ചില നിയമങ്ങളും ചിട്ടക ളും അവ ശരിയാകുമ്പോഴേക്കെങ്കിലും അവിടെ എത്താം

എന്നു ഓൎത്തു ഉടൻ തന്നെ സമാധാനപ്പെടുകയും ചെയ്യും.

മിറിയാമിനെ തട്ടിക്കൊണ്ടു കടന്നവർ എവിടെ, അവർ എന്തു ചെയ്യുന്നു എന്നു് നമുക്കൊന്നു അന്വേഷിക്കാം. അവർ ഷെയിക്കു് അബ്ദുള്ളായുടെ പാളയത്തിൽ നിന്നു പുറപ്പെട്ട രാത്രിയും പിറേറന്നാൾ പകലും വിശ്രമം കൂടാതെ യാത്രചെയ്തു. അബ്ദുള്ളായുടെ അനുചരന്മാരും കെമലും ഇപ്പോൾവരും, ഇപ്പോൾ വരുംഎന്നായിരുന്നു അവരുടെ ഭയം. ഒരു രാവും ഒരു പകലും കഴിഞ്ഞപ്പോഴേക്കു ആ ഭയം തീൎന്നു. ഷെയിക്കു് അബ്ദുള്ളായും കെമലും മിറിയാമിനെ കൈഒഴിഞ്ഞതുകൊണ്ടാണു് ആരും പുറകെ എത്താഞ്ഞതു് എന്നു് കാസിമിനു പോലും സംശയമില്ല. മിറിയാമിനെ അപഹരിച്ചുകൊണ്ടു പോന്നതിനു പുറകെ ഉണ്ടായ അഗ്നിബാധയാണു് ഷെയിക്കിനെയും കെമലിനെയും തടഞ്ഞതെന്നാണു് അയാളുടെ വിശ്വാസം. ആ അഗ്നിബാധ എങ്ങിനെ ഉണ്ടായി. തുടൎന്നു എന്തെല്ലാം സംഭവങ്ങൾ നടന്നു എന്നു അറിയാൻ അയാൾക്കു ജിജ്ഞാസ ഉണ്ടായി. കേവലം ജിജ്ഞാസമാത്രമായിരുന്നില്ലഅതു്. ഷെയിക്കു് അബ്ദുള്ളായുടെ കാലം കഴിഞ്ഞാൽ ജാതിത്തലവൻ ആരായിരിക്കണം എന്നുള്ള പ്രശ്നമാണു് കാസിമിനെ ഈ കൂട്ടുകെട്ടിലേക്കു് തന്നെ നടത്തിയതെന്നു ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പാളയത്തിൽ ഉണ്ടായ അഗ്നി ബാധയും കലാപങ്ങളുംതന്റെഉദ്ദേശസാദ്ധ്യത്തിനു് അനുകൂലമായി പൎയ്യവസാനിച്ചു എങ്കിൽ അതു പ്രയോജനപ്പെടുത്താൻ എത്രയും വേഗം മടങ്ങിഎത്തേണ്ടതു ആവശ്യമാണെന്നും അതുകൊണ്ടു് ഇനി വിശ്രമം കൂടാതെ യാത്ര തുടരണമെന്നും കാസിം തീൎച്ചപ്പെടുത്തി.

ഏഴരവെളുപ്പിനു് എല്ലാവരെയും കാസിം വിളിച്ചുണൎത്തി യാത്രപുറപ്പെട്ടു. മിറിയാം ഒരുജീവഛവം കണക്കെ കാസിമും കിങ്കരന്മാരും നൽകുന്ന ആജ്ഞ അനുസ

രിച്ച് ഒട്ടകത്തിൻെറ പുറത്തുനിന്ന് ഇറങ്ങുകയും കേറുകയും ചെയ്യുന്നു. അവർ ഭയപ്പെടുത്തുമ്പോൾ ആഹാരവും അല്പം വല്ലതും കഴിക്കും. അടിമ എത്ര സുന്ദരി ആയിരുന്നാലും ദേഹം ക്ഷീണിക്കുമ്പോൾ സൗന്ദര്യം അപ്രത്യക്ഷമാകുമെന്നും, അപ്പോൾ വില കുറയുമെന്നും കണ്ടിട്ടുമാത്രമാണ് ഇസ്മാലും കാസിമും അവളുടെ ആഹാരകാര്യത്തിൽ ശ്രദ്ധിച്ചതു്. വിവാഹവേദിയിലേക്കു പോകുന്നതിന് അന്വേഷ ഒരുക്കിക്കൊണ്ടിരുന്ന മിറിയാമിനെ നാം കണ്ടതാണല്ലൊ. അപ്പോൾ കണ്ട യുവതിയും ഇസ്മാലിൻെറയും കാസിമിൻെറയും കൂടെ കാണുന്ന അടിമപ്പെണ്ണും ഒരാൾ തന്നെ ആണെന്നു പറഞ്ഞാൽ ആരും ക്ഷണത്തിൽ വിശ്വസിക്കയില്ല.

അവർ യാത്രതുടരുകയാണ്. കാസിമിൻെറ ചിന്തമുഴുവൻ നാട്ടിലാണ്. അബ്ദുള്ളാ മരിക്കയൊ കൊല്ലപ്പെടുകയൊ ചെയ്തുഎങ്കിൽ, ആരെങ്കിലും ജാതിത്തലവനാകാൻ ശ്രമിക്കുമൊ? അബ്ദുള്ളായുടെ ചരമം മിറിയാമിൻെറ വിവാഹംകഴിഞ്ഞിട്ടായിരുന്നു എങ്കിൽ, കെമൽ ജാതിത്തലവനാകണമെന്ന് എല്ലാവരും ആവശ്യപ്പെടുകയും അയാൾ സമ്മതിക്കയും ചെയ്യുമായിരുന്നു. വിവാഹം നടക്കാത്തതുകൊണ്ട്, കെമൽ തലവനാകണമെന്നു ജനങ്ങൾ ആവശ്യപ്പെടുകയില്ല. ആവശ്യപ്പെട്ടാൽ അയാൾ സ്വീകരിക്കയുമില്ല. എന്നിങ്ങനെ ആലോചിച്ചുറച്ചപ്പോളാണ്, ആയാൾ പെട്ടെന്നൊരു മാർഗ്ഗം കണ്ടതു്. ഈ സമയമെല്ലാം അതു കാണാതിരുന്നതെന്താണെന്നു കാസിംതന്നെ അത്ഭുതപ്പെട്ടു. തൻെറ ആലോചനയിൽനിന്ന് വ്യക്തമായതു്. ജാതിത്തലവൻ സ്ഥാനസൌധത്തിൻെറ താക്കോൽ മിറിയാമാണെന്നാണല്ലൊ. ആ താക്കോൽ കിട്ടാതെ കെമലിന് അതിൽ പ്രവേശിക്കാൻ സാധിക്കയില്ല. ആ താക്കോൽ അല്ലെ ഇപ്പോൾ തൻെറ കൈവശത്തിലുള്ളതു്. അതുപ

യോഗിച്ചാൽ ജാതിത്തലവനാകാൻ എന്താണു് പ്രയാസം? നല്ലൊരു സുന്ദരി അടിമച്ചന്തയിൽ വിൽക്കപ്പെടാതെ തൻെറ അന്തഃപുരത്തിൻെറ നാഥ ആകയും ചെയ്യും. ഇതായിരുന്നു കാസിം കണ്ടമാർഗ്ഗം. പലവിധത്തിൽ ചിന്തിച്ചിട്ടും വളരെ നല്ലപദ്ധതി തന്നെ എന്നാണു് ബോദ്ധ്യപ്പെട്ടതു്. മിറിയാം കെമലിന്നു് പകരം കാസിമിനെ ഭർത്താവായി സ്വീകരിക്കാമെന്നു് സമ്മതിച്ചാൽ, അവളുടെയും, കാസിമിൻെറയും, അവരുടെ ജാതിയുടെയും ഗ്രഹപ്പിഴതീരും എന്നു് കാസിംവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.

മിറിയാമിനോടുകാര്യം തുറന്നുപറയുകയാണു് കാര്യങ്ങൾ എത്രയുംവേഗത്തിൽ ശരിപ്പെടുത്തുന്നതിനുള്ള മാർഗ്ഗം എന്നും, അന്നു വൈകുന്നേരം എത്തുന്നമരുപ്പച്ചയിൽ കൂടാരംഅടിച്ചു വിശ്രമിച്ചു് മിറിയാമിൻെറ ക്ഷീണം തീർന്നശേഷം പിററന്നാൾ അടിമചന്തയിൽഎത്താമെന്നു വയ്ക്കുന്നതായിരിക്കും നന്നൊന്നും, യുവതിയുടെ ക്ഷീണം നീങ്ങിയാൽ പണംകൂടുതൽ കിട്ടുമെന്നുള്ളവശം ചൂണ്ടിക്കാണിച്ചാൽ ഇസ്മാലും കൂട്ടുകാരനും അതുസമ്മതിക്കുമെന്നും കാസിം നിശ്ചയിച്ചു. അവിടെവച്ചു് മിറിയാമിനോടു സംസാരിക്കാൻ അവസരം ഉണ്ടാക്കാമെന്നും അവൾ സമ്മതിക്കുന്നപക്ഷം കൂട്ടുകാർ ഉറങ്ങുന്നസമയം അവരുടെ ഒട്ടകങ്ങളേയുംകൂടി തട്ടിക്കൊണ്ടുകടക്കാമെന്നും ആയിരുന്നു കാസിം തീർച്ചപ്പെടുത്തിയതു്.

മരുപ്പച്ചയിൽഎത്തി. ഒട്ടകങ്ങൾക്കു വെള്ളവും തീററിയുംകൊടുത്തു. മിറിയാമിനുള്ള ആഹാരവുംകൊടുത്തു് കഴിഞ്ഞപ്പോളാണു്, അന്നവിടെ വിശ്രമിച്ചു് മിറിയാമിൻെറ ക്ഷീണംതീർത്താൽ അടിമച്ചന്തയിൽ അവളെ കൂടുതൽവിലയ്ക്കു വിൽക്കാമെന്നുള്ളകാര്യം കാസിം കൂട്ടാളികളെ ഓർമ്മപ്പെടുത്തിയതു്. അയാൾക്കു വിശേഷിച്ചു താല്പര്യം ഒന്നുമില്ലാത്തമട്ടിൽ“ഓർമ്മപ്പെടുത്തുക”മാ

ത്രമാണ് ചെയ്തത്. കരബലിമുള്ളക്കൂട്ടാളികളെ കൌശലംകൊണ്ടു് ജയിക്കാൻ കാസിം പ്രയോഗിച്ച തന്ത്രത്തിൽ അവർപെട്ടു. വിശ്രമിച്ചമിറിയാമിൻെറരക്ഷീണം തീക്കണമെന്നുതന്നെ തീർച്ചപ്പെടുത്തി.

ഇതേവരെ ആരും പിൻതുടരാഞ്ഞതുകൊണ്ടു് ഇനി ഭയപ്പെടാനൊന്നുമില്ലെങ്കിലും, ഒരാൾ കാവൽചെയ്യ ആയിരിക്കണമെന്നൊന്ന് അവർ മൂവരുംകൂടി ആലോചിച്ചുറച്ചു. കാവലിൻെറ ആദ്യതവണ കാസിംഎടുത്തു. മററവർ രണ്ടുപേരും ഉറക്കമായി എന്നുകണ്ടപ്പോൾ, മിറിയാമിനായി അവർ സൌകൎയ്യപ്പെടുത്തിക്കൊടുത്തിരുന്നതും, കൂടാരം എന്നു പേർ മാത്രമുള്ളതുമായ ആ മറവിന് അടുത്തുചെന്ന്, കാസിം അവളെവിളിച്ചു. അച്ഛനമ്മമാൎക്ക എന്തെങ്കിലും ആപത്തു സംഭവിച്ചുവൊ, പാളയത്തിൽകണ്ട അഗ്നിപ്രളയം എന്തായിരുന്നു, കെമൽ എവിടെ, ഇനി കാണാൻസാധിക്കുമൊ,എന്നീചിന്തകൾ കാരണം ഉറക്കംവരാതെ കിടന്നമിറിയാം അയാളുടെകാൽപെരുമാററം തന്നെകേട്ടു. എങ്കിലും അയാൾ താണസ്വരത്തിൽ പല പ്രാവശ്യം വിളിച്ചു ശേഷമാണ്, "എന്തുവേണം" എന്നവൾ ചോദിച്ചതു്.

ഗ്രഹപ്പിഴയുടെ കാഠിന്യംകൊണ്ടു് തൻെറടം നഷ്ടപ്പെട്ട മിറിയാം കാസിമിൻെറ ആജ്ഞ അനുസരിച്ചു കൂടാരവാതിൽക്കൽ ചെന്നു എന്തുവേണം എന്നു വീണ്ടും ചോദിച്ചു.

കാസിം–"ഞാൻ വളരെ കാൎയ്യമായ ഒരു സംഗതിയെപ്പററി സംസാരിക്കാനാണ് വന്നതു്. പുറത്തു വന്നു ഈ മരച്ചുവട്ടിൽ ഇരിക്കണം."

മിറിയാം അതിനു യാതൊരുമറുപടിയും പറയാതെ കൂടാരത്തിൽനിന്ന്ഇറങ്ങി കാസിം കാണിച്ചസ്ഥലത്തുചെന്ന് ഇരുന്നു. അയാളും ഇരുന്നിട്ട് പറഞ്ഞു "മിറിയാമിനെ പിടിച്ചുകൊണ്ടുപോന്നതു്. എനിക്ക എ

ന്തെങ്കിലും ആദായത്തിന്നൊ പ്രയോജനത്തിന്നൊ അല്ല. എന്റെ കൂടെയുള്ളവരുടെ നിർബന്ധംകൊണ്ടു്, അവക്ക് വല്ലതും കിട്ടുന്നെങ്കിൽ കിട്ടികൊള്ളട്ടെ എന്നുഞാനും സമ്മതിച്ചു എന്നേയുള്ളൂ"

മിറിയാം-"ഉം"

കാസിം-"നാം പുറപ്പെട്ടശേഷം ഷെയിക്കിന്റെ പാളയത്തിൽഉണ്ടായ അഗ്നിബാധ എനിക്കു കുറെ അധികം പ്രയാസത്തിന്നു കാരണമാക്കിയിട്ടുണ്ടു്."

മിറിയാം അതിന്നു മറുപടി ഒന്നുംപറഞ്ഞില്ല.

കാസിം തുടന്നു.-"മിറിയാമിന്റെ ഗ്രഹപ്പിഴ എന്റെ മനസ്സിനെപുണ്ണാക്കി. അതുകൊണ്ടു് നിന്നെ രക്ഷിക്കാൻ എന്താണു് മാൎഗ്ഗം എന്നു് ആലോചിച്ചു."

അതുകേട്ടിട്ടും അവൾ ഒന്നു മൂളുകമാത്രമെചെയ്തുള്ളൂ.

കാസിം-"ഇന്നാണു് നിന്നെരക്ഷിക്കാൻ ഞാൻ ഒരു മാൎഗ്ഗം കണ്ടുപിടിച്ചതു്."

"എന്താണു് മാൎഗ്ഗം" എന്നു മിറിയാം ചോദിച്ചുപോയി.

കാസിംനീ "എന്റെ കൂടെ പോരാമെങ്കിൽ ഇസ്മാലുർ മറവും അറിയാതെ നമുക്കു കടക്കാം."

കാസിമന്റെ വാക്കുകൾ അല്പം ഈൎഷ്യഉണ്ടാക്കി എങ്കിലും മിറിയാം അതു അടക്കിയിട്ടുപറഞ്ഞു. "ഇപ്പോൾ നിങ്ങൾ എന്നെ അടിമച്ചന്തയിലേക്കു കൊണ്ടുപോകയല്ലെ. പിന്നെന്തുവേണം."

കാസിം-"അതല്ല നാം ഒരു കുടുംബത്തിന്റെ രണ്ടു ശാഖകളിൽ പെട്ടവരാണെങ്കിലും ഷെയിക്കിന്നു് നല്ല അഭിപ്രായമില്ലാത്തതുകൊണ്ടു് എന്നെപ്പററി ചീത്തപറയുന്നതെ മിറിയാം കേട്ടിരിക്കയുള്ളൂ. ആ പറയുന്നതൊക്കെ വെറും കള്ളമാണു്. ഞാൻ വളരെ മൎയ്യാദക്കാരനാണു്. കുടുംബസ്ഥിതി ഉള്ളവനാണു്, പണം കുറെ കുറവാണെങ്കിൽ ആകുറവുനികത്താൻസാധിക്കുമല്ലൊ".

മിറിയാം എൻെറ ഭാൎയ്യ ആകാമെന്നു സമ്മതിച്ചാൽ ഷെയിക്കിൻെറ സ്വത്ത്--"

മിറിയാം-"എൻെറദേഹം കരസ്ഥമാക്കി അതുവിററു കാശുവാങ്ങിയതുകൊണ്ടുപോരാഞ്ഞു് എൻെറഅച്ഛൻെറ സ്വത്തും തട്ടിഎടുക്കണം അല്ലേ? ജീവനുള്ളകാലത്തു്--"

കാസിം-"അങ്ങനെപറയാതെ, ഞാൻ മിറിയാമിനെ എൻെറ രാജ്ഞിആയി-എൻെറ ദൈവമായി-ഭജിക്കും,അതിൽ സംശയിക്കേണ്ടാ. ഒന്നുമൂളിയാൽ ആ നായിൻെറ മക്കൾ രണ്ടുപേരെയും ഈ ആരണ്യത്തിൻെറ നടുവിൽ തള്ളിയിട്ടുനമുക്കുകടക്കാം. എന്നാലും സുഖമായും സന്തോഷമായും കഴിയാം. അവരുടെ ഒട്ടകങ്ങളെ ക്രൂടികൊണ്ടുപോയാൽ അവൎക്ക് നമ്മെ പിന്തുടരാൻ സാധിക്കയില്ല. ഇവിടെകിടന്നു തുലഞ്ഞുകൊള്ളും."

ഇതിനു മിറിയാമിൻെറ മറുപടി എന്താണെന്നു കേൾക്കാൻ കാസിമിനുസാധിച്ചില്ല. അതിനുമുമ്പ് തലയിൽ ഒരു അടിയേററു് അയാൾ ഒരു വശത്തേക്കു മറിഞ്ഞു. അതിനോടൊപ്പംതന്നെ നല്ല നാലഞ്ചു തൊഴിക്രൂടി കൊടുത്തിട്ട് ഇസ്മാൽ അലറി"എടാ പന്നീ! നീ ഞങ്ങളെചതിക്കും അല്ലേ? നിന്നെ വിശ്വസിച്ചു പുറപ്പെട്ട ഞങ്ങളെയാണു് കുററപ്പെടുത്തേണ്ടതു്. നീയാണൊ ഞങ്ങളാണൊ ഇവിടെ കിടന്നു തുലയാൻ പോകുന്നതെന്നു കാണിച്ചുതരാം."

കാസിമിനെ അശേഷം വിശ്വസിക്കാൻ കൊള്ളുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് ഇസ്മാൽ കിടന്നിടത്തുനിന്നു് എണീററു് അയാൾ എന്തെങ്കിലും തൊന്തിരവുകാണിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ പുറപ്പെട്ടതാണു്. കാസിമിനെ അയാൾ ഇരുന്ന സ്ഥലത്തുകാണാഞ്ഞു് അവൻ തപ്പിത്തടഞ്ഞുവന്നപ്പോൾ അയാളും മിറിയാമുംക്രൂടി ഇരുന്നു സംസാരിക്കുന്നു. ശ

ബ്ദമുണ്ടാക്കാതെഅടുത്തു ചെന്നപ്പോളാണ് അവനേയും കൂട്ടുകാരനേയും മണലാരണ്യത്തിൽവിട്ടിട്ട കടന്നുകളയാമെന്നു പറയുന്നതുകേട്ടതു്.

# അദ്ധ്യായം 7

നേരം പുലന്നപ്പോഴേക്കു ഇസ്മാലിനെ, കാസിം ഒരു തരത്തിൽ സമാധാനപ്പെടുത്തി. അയാളും കൂടെ ചെല്ലുന്നതിനു അവൻസമ്മതിച്ചു. എന്നാൽ മിറിയാമിനോടു സംസാരിച്ചുപോകരുതെന്നു് ആജ്ഞനൽകി. അതു് സമ്മതിച്ചപ്പോളാണ് കൂട്ടത്തിൽ ചെല്ലുന്നതിനനുവദിച്ചതു്. ഇതേവരയ്ക്കു മിറിയാമിനെ കാവൽചെയ്തുവന്നതു് കാസിം ആയിരുന്നു. ആ ജോലി ഇസ്മാൽ തന്നെ ഏറ്റെടുത്തു.

അവർ യാത്രതുടൻ വൈകുന്നേരം ആയപ്പോഴേക്കു അടിമച്ചന്തയിൽ എത്തി. അതു നല്ലൊരുപട്ടണമാണു്. നഗരത്തിനു ചുററിലും ഉള്ള ബലവത്തായ കോട്ടമതിലുകളും ഗോപുരങ്ങളും എല്ലാം വളരെ ദൂരത്തുവച്ചുതന്നെ കാണാമായിരുന്നു. അവ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഇസ്മാൽ പറഞ്ഞു "അതാണു് ചന്തസ്ഥലം, നാളെരാവിലെനിന്നെ ലേലത്തിൽ വിൽക്കാൻ ഞാൻ ഏർപ്പാടു ചെയ്യേക്കാം. അപ്പോൾ നാളെത്തന്നെ ഞങ്ങൾക്കു മടങ്ങിപോകാമല്ലൊ."

രക്ഷപെടാൻ വഴിഒന്നും കണ്ടില്ലെങ്കിലും രക്ഷപെടാൻ മാഗ്ഗംഉണ്ടാകും,എന്നിങ്ങനെ നിരാശക്കുണ്ടിൽ കിടന്നും ആശിച്ചുകൊണ്ടിരുന്നു. മിറിയാമിൻെറ ആശി

അററു. അവർ പട്ടണത്തിൽ എത്തി. ഇടുങ്ങിയതെരുവീഥികളിൽ നല്ല ആൾ തിരക്കാണു്. മിറിയാം കണ്ടിട്ടുള്ള മററു പട്ടണങ്ങളിലെപ്പോലെ കടകളും കച്ചവടവും ശബ്ദകോലാഹലവും എല്ലാം ഉണ്ടു്. അവളുടെമനസ്സു് അധഃപതിച്ചതുകൊണ്ടായിരിക്കുമൊ, ഈ ബഹളങ്ങളെല്ലാം ഏന്തോഒരുകശ്മലമായഗ്രഹപ്പിഴ ആവേശിച്ചിട്ടുള്ളതായി തോന്നിയതു്. അവിടെകണ്ട ആളുകളുടെ മുഖത്തും അതു് പ്രത്യക്ഷപ്പെട്ടിരുന്നതായി യുവതിക്കു തോന്നി. പല തെരുവീഥികൾ കടന്നു് ഒരു ഗേററുങ്കൽ എത്തി. അകത്തു കടന്നു. ചുററിലും മതിൽകെട്ടു്. ആ മതിൽതൊട്ടു് അതിൽ നിന്നു ചായിച്ചു പണിചെയ്തിട്ടുള്ള ലായങ്ങൾ, അവയുടെമദ്ധ്യത്തിൽ തുറസ്സായി ഇട്ടിരിക്കുന്ന സ്ഥലത്തു് ഉയർത്തികെട്ടിയിരിക്കുന്ന ഒരു പീഠം ഇവയാണു് മിറിയാം കണ്ടതു്. ഇസ്മാൽ അവളുടെ അജ്ഞത പരിഹരിച്ചു, അവൻ പറഞ്ഞു ലേലത്തിൽ വിൽക്കാനുള്ള ആളെ ആ കാണുന്ന ഉയന്ന പീഠത്തിൽ കേററി നിർത്തിയിട്ടാണു് ലേലം ആരംഭിക്കുന്നതു്. കൊള്ളാൻവരുന്ന ആളുകൾക്കു് കാണാൻ സൌകര്യം ഉണ്ടായിരിക്കണമെല്ലൊ.

ഇസ്മാലും ക്രൂട്ടുകാരനും കാസിമും അവരുടെ ഒട്ടകങ്ങളുടെ പുറത്തുനിന്നു് ഇറങ്ങി. മിറിയാമും ഇറങ്ങി. അതിനായി പ്രത്യേകം നാട്ടിയിട്ടുള്ള തൂണുകളിൽ ഒട്ടകങ്ങളെ ബന്ധിച്ചശേഷം മിറിയാമിനെ ലേലക്കാരെ ഏല്പിച്ചു് രസീതു വാങ്ങാൻ പുറപ്പെട്ടു. പിററന്നാൾ ലേലത്തിനു കൊണ്ടുവരുന്നവരെ നഗരത്തിൽ സൂക്ഷിക്കാൻ ഇടപാടുകാർക്കു് പ്രയാസം ഉണ്ടാകാതിരിക്കാനായി, ഒരു ദിവസം അവിടെ പാർപ്പിക്കാൻ സൌകര്യം കൊടുക്കുക നടപ്പുണ്ടു്. അവർ ലായത്തിൻെറ ഒരു അററത്തു് വരാന്തയിൽകേറി. ലേലക്കാരുടെ ആഫീസ് മറെറ അററത്താണു്. ഒട്ടധികം മുറികൾ കടന്നു് പോകണം അവർ. മിറിയാം അവളുടെ അത്യാപത്തു വിസ്മരിച്ചിട്ടൊ, വരാൻ പോകുന്നതു് എന്താണെന്നു് ഇപ്പോഴെ ഏ

കദേശമായിട്ടെങ്കിലും മനസ്സിലാക്കാൻ സാധിക്കുമൊ എന്ന് അറിയാമെന്നു വച്ചിട്ടാ കടന്നു പോയ ഓരോ മുറിയിലേക്കും ഉററുനോക്കി. എല്ലാററിലും ആൾ ഇല്ലെങ്കിലും പലതിലും ഉണ്ടു്.

അവർ ലേലക്കാരുടെ ആപ്പീസിൽ എത്തി. മൂന്നാളുകൾ ഉണ്ടു് അവിടെ. ഇസ്മാൽ മിറിയാമിനെ ലേലത്തിൽ വില്ക്കുന്നതിനാണു് കൊണ്ടുചെന്നിരിക്കുന്നതെന്നു് അവരെ ധരിപ്പിച്ചു. മൂന്നുപേരും മിറിയാമിനെ നോക്കി. ഒരാളുടെ നോട്ടം വസ്ത്രങ്ങൾ തുളച്ചു കടക്കുന്നതു പോലെ തോന്നി മിറിയാമിനു്. അയാൾ ഇസ്മാലിനോടു പറഞ്ഞു. "ഈ മാണിക്യക്കല്ലു് താൻ എവിടെ നിന്നു തട്ടി എടുത്തു കാലിഫിൻെറ അന്തഃപുരത്തെ അലങ്കരിക്കാൻ യോഗ്യതയുള്ളവളെ കിട്ടുന്നവനാണു് ഭാഗ്യവാൻ. എനിക്കു വല്ല നിവൃത്തിയും ഉണ്ടായിരുന്നെങ്കിൽ–

അയാളുടെ കൂട്ടുകാർ മിറിയാമിനെ ലേലത്തിൽ വില്ക്കുന്നതിനുള്ള ഒരു "ചരക്കു്" ആയി മാത്രമെ ഗണിച്ചുള്ളു. അവർമിറിയാമിൻെറ പേരു, വയസ്സു്, ലേലം ആരംഭിക്കേണ്ട സംഖ്യ ഇസ്മാലിൻെറ പേരു, ഇവയെല്ലാം ചോദിച്ചു ഒരു രജിസ്റ്ററിൽ ചേർത്തു. ലേലം ആരംഭിക്കുന്നതിനുള്ള സംഖ്യഒഴിച്ചു്. ഇസ്മാൽ പറഞ്ഞ ബാക്കിയെല്ലാം കളവായിരുന്നു എന്നു പ്രസ്താവിക്കേണ്ടതില്ലല്ലൊ. അതു് ഇരുഭാഗക്കാൎക്കും തൃപ്തികരമായവിധത്തിൽ ക്ലിപ്തപ്പെടുത്തി കഴിഞ്ഞപ്പോൾ മിറിയാമിനെ അന്നു രാത്രി സൂക്ഷിക്കുന്നതിനുള്ള മുറിയുടെ താക്കോൽക്കാരനു് ഒരു കുറിപ്പും, മിറിയാമിനെ ഏററു വാങ്ങിയതായി രസീതും. ഇസ്മാലിനു കിട്ടി.

മിറിയാം ഒരു മുറിയിൽ അടയ്ക്കപ്പെട്ടു. അവളെ അകത്തേക്കു തള്ളിയശേഷം കാവൽക്കാരൻ വാതിൽ അടയ്ക്കാൻ ഭാവിച്ചപ്പോൾമിറിയാം കതകിൽ പിടിച്ചുകൊ

ണ്ടു് ചോദിച്ചു "ദയവുചെയ്തു ഒന്നുപറയണെ., എന്നൊ എന്നായിരിക്കും---വിൽക്കുന്നതു്.?

"നാളെ" എന്നു പറഞ്ഞിട്ടു് കതകടച്ചു പൂട്ടി കാവൽക്കാരൻ പോയി.

കൂട്ടിൽ അടയ്ക്കപ്പെട്ട ആ പഞ്ചവർണ്ണക്കിളി ചിറകടിച്ചു കൂട്ടുതകൎത്തു രക്ഷപ്രാപിക്കാൻ ശ്രമിച്ചില്ല. അവൾ ഭിത്തിയിലേക്കു് മുഖം ചായിച്ചു് പൊട്ടിക്കരെയുകയാണു് ചെയ്തതു്. കുറെ സമയം കഴിഞ്ഞപ്പോൾ ആരോ ആവളുടെ അടുത്തു് നിന്നു സംസാരിക്കുന്നതായി തോന്നി മുഖം ഉയൎത്തിനോക്കി. ഒരു ചെറുപ്പക്കാരിയാണു്. വേറെ നാലു പേർ കൂടി ഉണ്ടു് ആ മുറിയിൽ. എല്ലാം യുവതികൾ തന്നെ. എല്ലാവരും സുന്ദരികളുമാണു്. വിവിധ വർഗ്ഗക്കാരായതുകൊണ്ടു് സൌന്ദൎയ്യത്തിനും വൈവിധ്യമുണ്ടെന്നുമാത്രം.

ഇരുളടഞ്ഞ ആ മുറിയിൽ രണ്ടു നാലു പായ്കൾ വിരിച്ചിട്ടുണ്ടു്. കാററും വെളിച്ചവും കടക്കാനുള്ള ഏക മാർഗ്ഗം ഒരു ജന്നൽ ആണു്. അതു് കൈവിരൽ അട്ടത്തു കനത്ത കമ്പികൾ ഇട്ടും ബലപ്പെടുത്തിയിരിക്കുന്നു.

ഏറ്റം ഒടുവിൽ അവിടെ ചെന്ന മിറിയാമിൻെറ കഥ സ്ത്രീകൾ അന്വേഷിച്ചു.

പ്രേമഭാജനമായ ഒരാളുമായി വിവാഹത്തിനു നിശ്ചയിച്ചിരുന്ന മുഹൂൎത്തത്തിനു് അല്പസമയം മുമ്പു് ഏതാനും കശ്മലന്മാർ തട്ടിക്കൊണ്ടുപോന്നതാണെന്നു് മിറിയാം ചുരുക്കി പറഞ്ഞു.

മററുള്ള യുവതികളും അവരുടെ ചരിത്രവും അവർ അനുഭവിച്ച കഷ്ടപ്പാടുകളും വിവരിച്ചു. അവരിൽ പലരും നാലും അഞ്ചും ആറും ഏഴും ദിവസങ്ങളായി ആ ഇരുട്ടറയിൽ കിടക്കുകയാണു്. ഒരു ലേലത്തിനു വേണ്ടത്ര "ചരക്കു്" ഇല്ലാതിരുന്നതുകൊണ്ടു് ലേലം മാററിവച്ചു. പിറെറന്നാൾ ലേലം നടക്കുമെന്നു് മിറിയാമിനോടു് കാ

വൽക്കാരൻ പറഞ്ഞതു കേട്ടപ്പോൾ അവക്ക് എല്ലാവർക്കും അല്പം ഒരു ആശ്വാസം തോന്നിഅത്രെ!

സംസാരിച്ചവർ എല്ലാം ഉറക്കമായി. മിറിയാമിന് ഉറക്കം വന്നില്ല. ഉറങ്ങണമെന്നവൾ ആഗ്രഹിച്ചില്ല. അവൾക്ക് സംഭവിച്ച വിപത്ത് അവളുടെ ഹൃദയത്തിൽ ഉണ്ടായ പുണ്ണ് അപ്പോഴും പച്ച ആയിരുന്നതുകൊണ്ട് ഉറങ്ങാൻ ശ്രമിച്ചാലും സാധിക്കയില്ലായിരുന്നു.

ആ കാളരാത്രിയും കഴിഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ. പുലർച്ച ആയപ്പോൾ തന്നെ, ലേലക്കാരുടെ ആളുകൾ വന്ന് ഒരുങ്ങിക്കൊള്ളണം എന്ന് അവരെ അറിയിച്ചു. എന്തിന്? സന്തോഷകരമായ എന്തൊ സംഭവിക്കാൻ പോകുന്ന അവസരം നഷ്ടപ്പെടാതെ അത് സ്വീകരിക്കുന്നതിനൊ, ആസ്വദിക്കുന്നതിനൊ, തയ്യാറായിക്കൊള്ളണമെന്ന അറിയിക്കയാണെന്നു തോന്നും അവരുടെ മട്ടുകണ്ടാൽ. ആജ്ഞ അനുസരിച്ച് യുവതികൾ ഒരുങ്ങിഎന്നുള്ളതാണ് വിചിത്രതരമായിട്ടുള്ളത്! തങ്ങളെ വികൃതമായ വേഷത്തിലൊ രൂപത്തിലൊ മററുവള്ളർ കാണുന്നതു മനുഷ്യവർഗ്ഗത്തിൽപെട്ട ആർക്കും സന്തോഷകരമല്ല. അതുകൊണ്ടായിരിക്കണം അവർ ലഭ്യമായ അൽപസൌകര്യങ്ങൾ ഉപയോഗപ്പെടുത്തി ഒരുങ്ങിയതും മുഷിഞ്ഞ വസ്ത്രങ്ങൾ കുടഞ്ഞിട്ടെങ്കിലും വൃത്തിയാക്കുന്നതിനും കീറൽ ഉള്ള വസ്ത്രങ്ങളിലെ കീറൽ മറയ്ക്കുന്നതിനും, പാറിപറന്നു കിടക്കുന്ന തലമുടി കൈകൾകൊണ്ട് കോതിയിട്ടെങ്കിലും ശരിപ്പെടുത്തുന്നതിനും, നിർഭാഗ്യവതികളായ ആ തരുണികൾ ശ്രമിച്ചതും.

## അദ്ധ്യായം 8

ലേലം ആരംഭിക്കുന്നതിനു സമയം ആയി. ലേലം വിളിക്കുന്ന സ്ഥലത്തു ആളുകൾക്കൂടിത്തുടങ്ങി. മിറിയാ

മിന്റെ അടച്ചിരുന്ന മുറിയിലുള്ളവരാണ് അന്നത്തെ ലേലത്തിനു വച്ചിരുന്ന "ചരക്കിൽ" ഏററം മെച്ചമെന്നു കാവൽക്കാർ പലപ്പോൾ പറയുന്നതു് ആ യുവതികളുകേം ട്ടതാണു്. കാവൽക്കാരിൽ ചിലർ ആ മുറി തുറന്നു് അകത്തു കടന്നു. എല്ലാവരുടേയും കൈവശമുണ്ട് ഒന്നും രണ്ടും തുടലുകൾ വീതം. അവർ യുവതികളെ സമീപിച്ചു് അവരുടെ ഓരോകൈയിലും ഓരോകാലിലും ച്ങ്ങലകൾ ബന്ധിച്ചിട്ടു പുറത്തേക്കുകടക്കാൻ ആജ്ഞനൽകി. ഒരു യുവതി പിമ്പോട്ടുമാറാൻ ഒന്നുശ്രമിച്ചു. തൽക്ഷണം അവളുടെ പുറത്തുവീണു ചാട്ടവാർ. അതോടുകൂടി അവളുടെയും മററുള്ളവരുടെയും വൈമനസ്യം അവസാനിച്ചു. കന്നുകാലികളെ ബന്ധിച്ചിട്ടുള്ളകയറുകളിൽ പിടിച്ചു ചന്തസ്ഥലത്തേക്കു നടത്തിക്കൊണ്ടു പോകുന്നതുപോലയാണ് ആ യുവതികളെയും കാവൽക്കാർ ലേലസ്ഥലത്തേക്കു കൊണ്ടു പോയതു്. ഇസ്മാലും അവൻെറ കൂട്ടുകാരനും, അവരുടെ പുറകെ കാസിമും മിറിയാമിനെ അനുഗമിക്കുന്നുണ്ടു്.

ലേലം ആരംഭിച്ചു. മിറിയാമിൻെറ കൂടെ ഉണ്ടായിരുന്നവരിൽ രണ്ടു യുവതികളെ ലേലം ചെയ്തു. നല്ല വിലയ്ക്കു തന്നെ പോയി. മൂന്നാം സ്ഥാനം മിറിയാമിനു ലഭിച്ചു. അവളെ വിൽപാനുള്ള പ്ളാററുഫോറത്തിൽ കേററി എല്ലാവർക്കും കാണത്തക്കവിധം നിറുത്തിയിട്ട്, ലേലക്കാരൻ ഒരു പ്രസംഗം തന്നെ ചെയ്തു. അവളുടെ യൌവനം, സൌന്ദര്യം എന്നിവയെപ്പററിയും അവളെ വാങ്ങുന്നവനുണ്ടാകാവുന്ന അനുഭവ സുഖങ്ങളും അയാൾ വർണ്ണിച്ചതു കേട്ടാൽ സംസ്കാരലേശമുള്ളവർ ആരും തലകുനിച്ചുപോകും. മിറിയാം പ്ളാററുഫോറത്തിൽ നിന്നതു് ജീവച്ഛവമായിട്ടായിരുന്നതുകൊണ്ടു്, അവൾക്കു ബോധക്ഷയം ഉണ്ടായില്ല എന്നേയുള്ളു.

മൂന്നാമതായി ലേലത്തിനുവന്ന യുവതിയെപററി,

ലേലംവിളിക്കുന്നവൻ പ്രസംഗം ആരംഭിച്ചപ്പോൾ ആവശത്തേയ്ക്കുതിരിഞ്ഞവർ എല്ലാം അത്ഭുതപരവശരായി എന്നാണു് പറയേണ്ടതു്. "യൌവനത്തിന്റെയും സൌന്ദര്യത്തിന്റേയും അവതാരം" എന്നുഒരുവൻപറഞ്ഞപ്പോൾ "ഇത്തരം ഒരുപെണ്ണിനെ ഇതിനുമുമ്പു ഞാൻ കണ്ടിട്ടില്ല" എന്നുവേറൊരുവൻ. ഇത്രവിശേഷപ്പെട്ട ഒരു "ചരക്കു്" ഇതിനുമുമ്പു് ഇവ ടെ ലേലത്തിനു വന്നിട്ടില്ല എന്നായിരുന്നു മറെറാരുവന്റെ റിമാക്ക്. അവളുടെ ഓരോ അവയവത്തിന്റെയും ഭംഗി വർണ്ണിക്കുന്നതിനും ആളുകൾ അവടെ ധാരാളം ഉണ്ടായിരുന്നു. സന്നിഹിതരായവർ പൊതുവെപ്രത്യക്ഷപ്പെടുത്തിയ അത്ഭുതതാല്പര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനു്, സമത്ഥനായ ലേലക്കാരൻമടിച്ചില്ല. അയാൾ വിളിച്ചുപറഞ്ഞു "നിങ്ങൾ ഓരോരുത്തരും പറയുന്നതു വളരെ ശരിയാണു്. നിങ്ങൾക്കായിഇവിടെ കൊണ്ടുവന്നിരിക്കുന്നതു ഒരു "ഫെയറി" (സ്വർഗ്ഗീയകന്യക)യെ തന്നെയാണു്. മടിശ്ശീലയിൽ മുറുകെപ്പിടിക്കാതെ, കൈതുറന്നു് പണം വാരിഎറിഞ്ഞു് അവളെ ലേലത്തിൽകൊണ്ടു് സ്വർഗ്ഗസുഖം അനുഭവിക്കുവാനാണു് ഞാൻനിങ്ങളെ ക്ഷണിക്കുന്നതു്. "വരുവിൻ വരുവിൻ"

ലേലം ആരംഭിച്ചു. ഒരുവൻ വിളിച്ചു. മറെറാരുവൻനല്ലൊരുസംഖ്യകൂട്ടി. വേറൊരാൾ ചെറിയഒരുസംഖ്യ കൂട്ടിവിളിച്ചു. നാലാമതൊരാളും ചെറിയഒരുതുക കൂട്ടി.

ലേലക്കാരനു് ശുണ്ഠിആയി. അവൻ വിളിച്ചുപറഞ്ഞു. "ചെറിയ ചെറിയ സംഖ്യകൾ കൂട്ടാൻ ആരും ഒരുങ്ങേണ്ടാ. അതിനു മാത്രം ഗതിയുള്ളവർ ഈ പുഷ്പത്തെ നോക്കി ഇരിക്കാതെ, അവരുടെ മാളങ്ങളിൽ പോയി, ഉണങ്ങിയ അണ്ടികൾ അവിടെങ്ങാൻ ഉണ്ടെങ്കിൽ അതു കരണ്ടുകൊണ്ടാൽ മതി. കളകൾ കൊണ്ടു് നിറഞ്ഞ ഒരുതോട്ടമായാലും അതിൽ അത്യന്തം ഭംഗിയു

ള്ള ഒരു പൂവെങ്കിലും കാണും. അതു അവത്തെടുത്തു മണക്കണമെന്നു തോന്നാത്ത മനുഷ്യൻ മനുഷ്യനാണോ. ഇതുപോലൊരു പുഷ്പത്തെ നിങ്ങൾ സ്വപ്നത്തിൽപോലും വിഭാവനം ചെയ്തിരിക്കയില്ല. എന്നിട്ടാണു് നാലുകാശും ആറുകാശും കൂട്ടിവിളിക്കാൻ ചിലർ ധൈര്യപ്പെട്ടതു്! ഈ പുഷ്പത്തിന്റെ സുഗന്ധം ആസ്വാദിക്കണമെന്നുള്ള ധനവാന്മാർ മുമ്പോട്ടു വരട്ടെ. ലേലം കൂട്ടട്ടെ"

നല്ല സംഖ്യകൾ കൂട്ടിവിളിക്കാൻ ആൾ കുറവായിരുന്നില്ല. അതുകൊണ്ടു് ലേലം മുറുകി. അല്പം ഒന്നു തണുക്കുന്നു എന്നുകണ്ടാൽ സമർത്ഥനായ ലേലംവിളികാരൻ ഒരു സ്ക്രൂ മുറുക്കും. ഒന്നിളക്കും. അപ്പോൾ പിന്നെയും വിളി മുറുകും. അങ്ങനെ ധ്രുതഗതിയിൽ ലേലസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുതടിയൻ ലേലത്തിൽ പങ്കു കൊണ്ടിരുന്നവരുടെയും കണ്ടുരസിച്ചു കൊണ്ടിരുന്നവരുടെയും ഇടയിലേയ്ക്കുകടന്നു്, തോൾകൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും ആളുകളെ തട്ടിമാററി മിറിയാംനിന്ന വേദിയോടു അടുത്തു. ആലി—അവനായിരുന്നു ആ തടിയൻ—യുടെ ദൃഷ്ടി മിറിയാമിൽ പതിഞ്ഞതിൽ പിന്നെ അതു അവിടെനിന്നു മാററാൻ അവനു കഴിഞ്ഞിട്ടില്ല. മനസ്സും അവിടെത്തന്നെ കേന്ദ്രീകരിച്ചിരിക്കയാണെന്നു നോട്ടംകണ്ടാൽ അറിയാം. മിറിയാം അല്ലാതെലോകത്തിൽ വേറെ ആരെങ്കിലും ഉണ്ടെന്നു് ആസമയത്തു ചിന്ത ഇല്ലാതിരുന്ന ആലി, അവന്റെ മുമ്പിൽനിന്നവരെ അവഗണിച്ചു് അവരെ തട്ടിയിട്ടു് ചവിട്ടിമെതിച്ചു മിറിയാമിന്റെ അടുക്കലേക്കു അടുക്കാഞ്ഞതു് എന്താണെന്നാണു് അത്ഭുതപ്പെടേണ്ടതു്. ആ വിഷദൃഷ്ടി മിറിയാമിൽ കിഴിഞ്ഞിറങ്ങി. അവൾ ആരോ ആജ്ഞാപിച്ചിട്ടെന്നവണ്ണം പെട്ടെന്നു തലയുയർത്തി ആലിയുടെ മുഖത്തുനോക്കി. അവന്റെ ഭാവംപകർന്നു. മുൻപിൽ നിന്നവരെ ചീത്തപറഞ്ഞും തള്ളിയിട്ടും മാററിലേലസ്ഥലത്തേക്കടുത്തു. എന്തു

വിലകൊടുത്താലും അവളെ വാങ്ങുക എന്നു തീർച്ചപ്പെടുത്തി. ലേലം കൂട്ടാൻതുടങ്ങി. ലേലക്കാർപോലും പ്രതീക്ഷിക്കാത്ത വിധത്തിലാണു് സംഖ്യവർദ്ധിക്കുന്നതു്.

ഷെയിക്കു് അബ്ദുള്ളായുടെ പാളയം കവർച്ചചെയ്തു കിട്ടിയസംഖ്യമുഴുവൻകൊടുത്തും ഷെയിക്കു് അബ്ദുള്ളായുടെ മകളെ വാങ്ങുന്നതിൽ തെററില്ല എന്നായിരുന്നു ആലി നിശ്ചയിച്ചതു്. അല്ല, അതിൽ അധികം കൊടുക്കാൻ അവൻെറപക്കൽ ഒരു ദിനാറിപോലും ഇല്ലായിരുന്നു താനും. മിറിയാമിനെപ്പററി കേട്ടപ്പോൾ അങ്കുരിച്ച മദത്തിൻെറശക്തി അവളെകണ്ടപ്പോൾ പതിന്മടങ്ങു വർദ്ധിച്ചെങ്കിലും, ലേലസംഖ്യ കൂടിക്കൂടിവന്നപ്പോൾ ആലിക്കു ചില ആലോചനകൾ എല്ലാം തോന്നാതിരുന്നില്ല: അപ്പനു് വേണ്ടി മിറിയാമിനെ പിടിച്ചുകൊണ്ടു ചെല്ലണമെന്നായിരുന്നല്ലോ ആവശ്യപ്പെട്ടിരുന്നതു്. കുഴിയിലേക്കു കാൽ നീട്ടിയിരിക്കുന്ന വൃദ്ധനു് വേണ്ടി ഇത്രഅധികം പണംകൊടുത്തു് ഒരു സ്ത്രീയെ വാങ്ങണമൊ എന്നായിരുന്നു ആലിക്കുണ്ടായ സംശയം. മിറിയാമിൻെറ സൗന്ദര്യം കണ്ടു് ഉന്മത്തനായ ആലിക്കു് അവളെ വിട്ടുകളയാൻ സമ്മതം വരുന്നുമില്ല. നാവുകൊണ്ടു് പറയാനെ അപ്പനെകൊണ്ടു സാധിക്കയുള്ളു. പെണ്ണിനെ അദ്ദേഹത്തിൻെറ അന്തഃപുരത്തേക്കു അയയ്ക്കാതിരുന്നാൽ അത്രതന്നെ! എന്നൊരൊഴിവു കണ്ടു് അവൻ ലേലത്തുക വർദ്ധിപ്പിച്ചു് വർദ്ധിപ്പിച്ചു് മറ്റുള്ളവരെ എല്ലാം തോല്പിച്ചു. ലേലംവിളിക്കാരൻ "മൂന്നുതരം" എന്നുപറഞ്ഞുതീരുന്നതിനുമുമ്പു് ഒരു പണസഞ്ചി "എണ്ണിഎടുക്കണം" എന്നു പറഞ്ഞു ലേലക്കാരെ ഏൽപ്പിച്ചിട്ടു്, ആലി മിറിയാം നിന്ന പ്ളാററുഫോറത്തിൽ കേറി ഒരുകൈയ്യിൽ പിടിച്ചു് അവളെവലിച്ചടുപ്പിച്ചു് ഒന്നു ചുംബിച്ചു. മിറിയാമിൻെറ സഹനശക്തിയുടെ അവധിയായി. അവൾ ബോധരഹിതയായി മറിഞ്ഞു. ആലി പിടിച്ചുവി

ടാഞ്ഞതിൽ അവൾ വീണില്ല. ലേലക്കാർ മിറിയാമിനെ ബന്ധിച്ചിരുന്ന തുടലുകൾ അഴിച്ചുമാററി. ആലി ഒരു കുട്ടിയെ എന്നപോലെ അവളെ തോളിൽ ഇട്ടുകൊണ്ടു് മടിശ്ശീലയും ബാക്കിപണവും വാങ്ങി അവിടെനിന്നു കടന്നു.

മിറിയാമിൻെറ ബോധക്ഷയവും ക്ഷീണവും എല്ലാം മാറി കുറെ ആഹാരം അകത്തുചെന്നപ്പോൾ. ആലിയുടെ ഗർജ്ജനം അനുസരിക്കാതിരിക്കാമെന്നു് ഓർക്കുന്നതിനു പോലും അവൾക്കുശക്തിയില്ലാതിരുന്നതുകൊണ്ടാണു അതു സാധിച്ചതു്. ഉടമസ്ഥൻ ചോദിച്ച വിലകൊടുത്തു് ആലി ഒരു ഒട്ടകത്തെവാങ്ങി മിറിയാമിനെ അതിൻെറ പുറത്തുകയററി യാത്രപുറപ്പെട്ടു. അവൻ അവിടെ എത്തുന്നതിനുപയോഗിച്ചിരുന്ന ഒട്ടകത്തിനു ശരിയായി വെള്ളവും തീററിയും കൊടുത്തു ക്ഷീണംതീർത്തു നിറുത്താൻ ഏർപ്പാടു ചെയ്തിരുന്നതുകൊണ്ടു് ശീഘ്റംപുറപ്പെടുന്നതിനും വേഗത്തിൽ യാത്രചെയ്യുന്നതിനും സാധിച്ചു. ഉച്ചസമയത്തു് അതിഭയങ്കരമായ ചൂടിൽനിന്നു രക്ഷനേടത്തക്കവിധം അവർ ഒരു മരുപ്പച്ചയിൽ എത്തി. മിറിയാമിനെ അന്വേഷിച്ചു നാനാഭാഗത്തേക്കും ആളുകൾ പുറപ്പെട്ടിരിക്കുമെന്നും, അയാളുടെ മലമുകളിലുള്ള ഗ്രാമത്തിൽ എത്തിയാൽ പിന്നെ ആരെയും ഭയപ്പെടാനില്ലെന്നും അറിയാമായിരുന്നിട്ടും ഉച്ചസമയത്തു ബദ്ധപ്പെടാതെ വിശ്രമിക്കാമെന്നു് ആലിനിശ്ചയിച്ചതു് മണലാരണ്യത്തെപ്പററിയും അതിലൂടെ യാത്രചെയ്യേണ്ടരീതിയെപ്പററിയും നല്ല വിവരം ഉണ്ടായിരുന്നതുകൊണ്ടാണു്. ആലിവേണ്ട ആഹാരങ്ങൾ കരുതിയിരുന്നു. വേണ്ടെന്നുപറയാൻ ധൈര്യമില്ലാതിരുന്നതുകൊണ്ടു് മിറിയാമും ആഹാരം കഴിച്ചു. മരുപ്പച്ചയിലെ ഉറവിൽ നിന്നു മിറിയാം വെള്ളംഎടുത്തുകൊണ്ടു വന്നതു് പാത്രം കൈയ്യിൽ തൂക്കിപ്പിടിച്ചായിരുന്നു.

"എന്തിനു് ബുദ്ധിമുട്ടുന്നു. ആ പാത്രം തലയിൽവയ്ക്കണം"

എന്നു് ആലിവിളിച്ചുപറഞ്ഞു. അവൾ ആജ്ഞ അനുസരിച്ചു. അടിമയായപ്പോൾ വെള്ളംചുമക്കുകയും ആജ്ഞകൾ അപ്പടി അനുസരിക്കയും വേണമല്ലൊ.

ആഹാരംകഴിഞ്ഞു് അൽപം വിശ്രമിച്ചു. വെയിലിൻെറ ശക്തി കുറച്ചൊന്നുകുറഞ്ഞിട്ടു യാത്രതുടരാം എന്നുനിശ്ചയിച്ചു ആലി, വിശ്രമസമയം നഷ്ടപ്പെടുത്തേണ്ട എന്നുവച്ചു് മിറിയാമിനെ വിളിച്ചു് സമീപത്തിരുത്തി സൈപരസല്ലാപത്തിനൊരുങ്ങി.

ആലി "നീ അൽപ്പം അടുത്തുവന്നാൽമതി എനിക്കു ആകെ ഒരു ഇളക്കമൊകും."

മിറിയാം മറുപടിഒന്നും പറഞ്ഞില്ല. അടിമ എന്ന നിലയിൽ ഉണ്ടാകാൻ പോകുന്ന ഭയങ്കര അനുഭവങ്ങളുടെ മുന്നോടിയാണു്, തടയാൻ യാതൊരുമാൎഗ്ഗവുമില്ല. മറുപടിഎന്തെങ്കിലും പറയേണ്ടതാണെന്നു തോന്നിയതുമില്ല.

ആലി. "ഇങ്ങോട്ടുവന്നവഴിക്കു് എന്നെപററി ചിലതെല്ലാം നിന്നെ ധരിപ്പിക്കാൻ ശ്രമിച്ചു. ഒന്നിനും മുറുപടിപറഞ്ഞില്ല. കേട്ടഭാവംപോലും നടച്ചില്ല."

മിറിയാം. "ബോധക്ഷയം ശരിക്കുമാറിയരുന്നില്ല അതിയായ ക്ഷീണംതോന്നി. ഒട്ടകത്തിൻെറ പുറത്തുനിന്നു താഴെവീഴാതെ ഇരിക്കുന്നതിനുതന്നെ വലിയപണി ആയിരുന്നു. തന്നെയല്ല അങ്ങയുടെ ചരിത്രം അറിവാൻ എനിക്കു താൽപൎയ്യവും ഇല്ല"

ആലി. "നിലഅറിഞ്ഞു് സംസാരിക്കണം. ആ നാവിൻെറ മൂൎച്ച കുറച്ചു കളയുകയാണു് നന്നു്. ഞാൻ എൻെറ കാൎയ്യങ്ങളെപ്പററി സംസാരിക്കയാണെങ്കിൽ അവ നിബിയുടെ വാക്കുകളെപോലെ ബഹുമാനത്തോടെ കേട്ടുകൊള്ളണം. ഈവസ്തുത എപ്പോഴുംഓൎമ്മയിൽ ഉണ്ടായിരിക്കണം കേട്ടൊ? ഞാൻ ഹുസൈൻപാഷായുടെ പുത്രനാണെന്നു പറയാൻ പലപ്പോൾ ശ്രമിച്ചു."

ചെറുപ്പകാലത്തിൽ ലൈലായോടു ഹുസൈൻപാഷാ

ചെയ്ത കട്ടംകൈകൾ അവർ പുത്രിയെവിശദമായി ധരിപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഹുസൈൻപാഷാ എന്ന ആലിപറഞ്ഞപ്പോൾ തന്നെ ആ കഥഎല്ലാം മിറിയാമിന്ന് ഓൎമ്മയിൽ വന്നു.

ആലി തുടൎന്നു. "എന്റെ അച്ഛൻ ഒരിക്കലുംമറക്കുന്ന ആളല്ല. വലിയ അഭിമാനിയുമാണ് അതാണ് നീ ഇപ്പോൾ എന്റെ അടിമയാകാൻ കാരണം. നിന്റെ അച്ഛൻ എന്റെ അച്ഛന്റെ ഏററംവത്സല ആയ അടിമയെ– നിന്റെ അമ്മയെ– കട്ടുകൊണ്ടുപോയി. അതുകൊണ്ട് ആ കള്ളന്റെ മകളെ ഞാൻ അടിമയാക്കി."

മിറിയാമിന്റെ ക്ഷമ അസ്തമിച്ചുപോയി. അവൾചോദിച്ചു "അയാൾക്കുവേണ്ടി, ആ കിഴവനുവേണ്ടിയാണൊ? എന്നെ വിലയ്ക്കുവാങ്ങിയതു്"

ആലി. "കിഴവനൊന്നുമല്ല. പത്തുപത്തു കാണുമായിരിക്കും, അത്രയെയുള്ളു. എന്താ സുന്ദരിക്കു കുറേക്കൂടി ചെറുപ്പക്കാരനെ വേണമെന്നാണൊ? നമുക്കു ആലോചിക്കാം."

മിറിയാം. "ഞാൻ ചത്താലും ആ വൃദ്ധന്റെകൂടെ ഇല്ല." ആലി അതിന്നു മറുപടി പറയാതിരുന്നതു് വൃദ്ധനെവേണ്ടാ എന്നു പറഞ്ഞവൾ ചെറുപ്പക്കാരനായതന്നെ സന്തോഷത്തോടെ സ്വീകരിക്കും എന്നുവച്ചാണ്. അവർ യാത്ര തുടൎന്നു.

മിറിയാമിന്റെ സൌന്ദൎയ്യം ആലിയുടെ തലയ്ക്കു കൊള്ളുന്നുണ്ടെന്നു യാത്രാവേളയിൽപലപ്പോഴും തെളിയുകയുണ്ടായി. അതുതുറന്നു പറയുന്നതിന്ന് അവൻ മടിച്ചില്ലെങ്കിലും അതിനപ്പുറം കടന്നില്ല. അവളെ അച്ഛന്റെ ആഗ്രഹമനുസരിച്ച് അയാൾക്കു കൊടുക്കണമൊ സ്വന്തമാക്കണമൊ എന്നു ഇനിയും തീൎച്ചപ്പെടുത്തി കഴിഞ്ഞിട്ടില്ലായിരുന്നതു കൊണ്ടായിരിക്കാംഅവൻഅടങ്ങിയതു്.

മൂന്നാംദിവസമാണ്. അവർ ഒരു മലയുടെ അടി

വാരത്തു് എത്തി. മലമുകളിൽ അതിൻെറ ഒരുവശത്തു പററിപിടിച്ചിരിക്കുന്ന തരത്തിലുള്ള ഒരുചെറുപട്ടണം. കെട്ടിടങ്ങൾ എല്ലാംതന്നെ ചെററപ്പുരകളാണു്. ചുററിലും മതിൽകെട്ടു് എന്നപേർ അർഹിക്കാത്ത ചില ഭിത്തികളും ഉണ്ടു്. അവർ വളഞ്ഞുപുളഞ്ഞു കിഴക്കാംതൂക്കായ ഒരു നടപ്പാതയിൽ കൂടി മേൽപോട്ടു കയറുകയാണു്. പട്ടണത്തിൻെറ പ്രവേശനദ്വാരത്തോടു് അടുത്തപ്പോൾ അതിൻെറ കവാടം തുറന്നു് ഒരാൾ ആലിയുടെ അടുക്കലേക്കു് ഓടിവന്നു് അയാളുടെ ഒട്ടകത്തിൻെറ മുമ്പിൽ മുട്ടിന്മേൽ വീണു് "പ്രഭോ" എന്നു പറഞ്ഞു.

ആലിക്ഷണത്തിൽ കാര്യം മനസ്സിലാക്കി ചോദിച്ചു. "അശുഭവാർത്തയും കൊണ്ടാണു് വന്നിരിക്കുന്നതു്. അല്ലെ സംപൂജ്യനായ എൻെറ അച്ഛൻ- -?"

ഭൃത്യൻ. "അദ്ദേഹം ഇഹലോകവാസം മതിയാക്കി"

ആലി. "ഞാൻ ഇതു് അശേഷം പ്രതീക്ഷിച്ചിരുന്നതല്ല. അള്ളായുടെ കല്പന നിരസിക്കാൻ ആർക്കും സാധിക്കയില്ലല്ലൊ. എൻെറകൂടെ പോന്നവർ എല്ലാം എന്നു മടങ്ങി എത്തിയൊ?"

ഭൃത്യൻ അൽപം മടിയോടെ "രണ്ടുമൂന്നുപേർ മടങ്ങിവന്നു"

ആലി. "മററുള്ള ചെകിത്താൻമാർ ഏതുവഴിക്കു പോയി"

ഭൃത്യൻ "മററുള്ളവർക്കു് കൊള്ളയിൽ ധാരാളം കിട്ടി എന്നും അവർക്കുവേണ്ട ആജ്ഞ നൽകാൻ പ്രഭു അവിടെ ഇല്ലാതിരുന്നതുകൊണ്ടു് അതു തോന്നിയപാടു് ചെലവാക്കാൻ അവർ ഫലാനഗരത്തിലേക്കു് പോയി എന്നുമാണു് വന്നവർ പറഞ്ഞതു്."

ആലി."നായിൻെറമക്കൾ അങ്ങനെ തെണ്ടിതിരിഞ്ഞു പോയി എങ്കിൽ ഇവിടെ കാവലിനുതന്നെ ആൾ കാണുകയില്ലായിരിക്കുമല്ലൊ."

ഭൃത്യൻ മറുപടി ഒന്നും പറഞ്ഞില്ല. അപ്പന്റെ വേർപാടു മൂലം ആലി അതിയായ ദുഃഖം അനുഭവിക്കുന്നു എന്ന് അയാളുടെ നാവിൽനിന്നു പുറപ്പെട്ട വാക്കുകൾ തെളിയിച്ചു. അയാൾ മിറിയാമിനോടു പറഞ്ഞു. "എന്റെ അപ്പന്റെ അന്തഃപുരത്തെ അലങ്കരിക്കാനാണ് നിന്നെ ഞാൻ വാങ്ങിയതെന്നു പറഞ്ഞല്ലോ. നിർഭാഗ്യവശാൽ അതു അസാദ്ധ്യമായി ഭവിച്ചിരിക്കുന്നു. നീ ഇപ്പോൾ മുതൽ, ഈ നിമിഷംമുതൽ എന്റെ സ്വന്തം ആയിരിക്കുന്നു. എന്റെ അന്തഃപുരത്തിലെ അത്യുത്തമരത്നമായി, കെടാവിളക്കായി നിന്നെ ഞാൻ സ്വീകരിച്ചിരിക്കുന്നു."

തലയിൽ ഒരു അടി ഏററതുപോലെ മിറിയാമിനു തോന്നി. ബോധക്ഷയം ഉണ്ടാകുമെന്നവൾ ഭയപ്പെട്ടു.

ആലി ഒട്ടകത്തെ മുമ്പോട്ടു വിട്ട് തെരുവീഥിയിൽ കടന്നപ്പോൾ അവിടെ ഉണ്ടായിരുന്നവർ എല്ലാംപുതിയ പാഷായെ വണങ്ങി. നിരാശക്കുണ്ടിന്റെ അടത്തട്ടിൽ ആയ മിറിയാം അതെല്ലാം കണ്ടിട്ട്, ഒന്നുംമനസ്സിലാക്കാതെ ഒരു പാവയെപ്പോലെ ആലിയുടെ ഒട്ടകത്തെ അനുഗമിച്ചു മൃഗത്തിന്റെ പുറത്തുണ്ട്.

---

# അദ്ധ്യായം 9

സന്ധ്യസമയം. അടിമച്ചന്തയുടെ മതിൽക്കെട്ടിനുള്ളിൽ നിന്നൊ ഉള്ളിലേക്കൊ ഇനി ആർക്കെങ്കിലും കടക്കണമെങ്കിൽ പ്രത്യേക അനുമതിവേണം. ദ്വാരപാലകൻ കവാടം അടച്ചുപൂട്ടിക്കഴിഞ്ഞു. അപ്പോൾ ഒരു അപരിചിതൻ കവാടത്തുങ്കൽ എത്തി. ദീർഘയാത്രചെയ്തിട്ടാണ്

അയാൾ അവിടെ എത്തിയതെന്നു കണ്ടാൽ അറിയാം. ദ്വാരപാലകനു് അയാളുടെ ആഗമനം ഇഷ്ടമായില്ല. അയാൾ ചോദിച്ചു "ഈ അസമയത്തു് എന്തൊ ശല്യപ്പെടുത്താൻ വന്നതു്! നിങ്ങൾക്കു് എന്തുവേണം?" ആഗതൻ അതിനു മറുപടി പറയുന്നതിനുമുമ്പു ഗേററിൻെറ അഴിക്കിടയിൽ കൂടികൈ അകത്തേക്കുനീട്ടി. വെള്ളിനാണയങ്ങൾതമ്മിൽ ഉരസുന്നശബ്ദം കേട്ടു ദ്വാരപാലകൻ കൈനീട്ടി. അവ അയാളുടെ കൈത്തലത്തിൽ പതിച്ചു. ആഗതൻ ചോദിച്ചു. "മിറിയാം എന്നൊരു യുവതിയെ അടിമച്ചന്തയിൽ ലേലം ചെയ്യുന്നതിനു് ഇങ്ങോട്ടു് കൊണ്ടുപോന്നു. നിങ്ങൾ അവളെ കണ്ടുവെങ്കിൽ ഒരിക്കലും മറക്കുകയില്ല. അത്ര സുന്ദരിയാണവൾ. അത്രമാത്രം സൗന്ദര്യം ഒരുസ്ത്രീക്കുണ്ടാകുമെന്നു് ആരും സ്വപ്നം കാണുകപോലും ചെയ്കയില്ല. നിങ്ങൾ അവളെ കണ്ടോ?"

ദ്വാരപാലകൻെറ കൈയ്യിൽ വെള്ളിനാണയങ്ങൾ വീണപ്പോൾതന്നെ അയാളുടെശുണ്ഠി ദൂരത്തായി. കൈതുറന്നു് സംഭാവനചെയ്ത ആഗതനു് എന്തു സഹായവും ചെയ്യാൻ അവൻ ഒരുക്കമായി. ദ്വാരപാലകൻ പറഞ്ഞു, "ഞാൻ ആ സ്വർഗ്ഗകന്യകയെ കണ്ടു. നിങ്ങൾ പറയുന്നതു വളരെ വളരെ ശരിയാണു്, ഒരിക്കലും അവളെ മറക്കാൻ എന്നാലാവില്ല. പേരും ഞാൻ ഓർക്കുന്നുണ്ടു്. അവളെ ഇന്നാലെ രാവിലെ ലേലം ചെയ്തു പോയല്ലൊ."

ആഗതൻ–കെമൽ–ചോദിച്ചു:– "എന്നിട്ടു്"

ദ്വാരപാലകൻ– "ചോദിക്കാനുണ്ടോ. അവളെ കണ്ടക്ഷണത്തിൽ എല്ലാവരും കൂടി ലേലം കൂട്ടാൻ തുടങ്ങി. ഒരു തടിമാടൻ വലിയൊരുസംഖ്യയ്ക്കു് ലേലത്തിൽ കൊണ്ടു."

കെമൽ–"അല്ലായെ ഓത്തു് ആരാണു് ലേലത്തിൽ കൊണ്ടതെന്നും, അയാൾ ഇപ്പോൾ എവിടെ ഉണ്ടെന്നും പറഞ്ഞുതരണേ."

ദ്വാരപാലകൻ "ഇവിടെങ്ങും കണ്ടിട്ടില്ലാത്ത ഒരു തടിയനാണ് ഒട്ടകത്തിൽകൊണ്ടുവന്നത്. അയാൾ ആ പെണ്ണിനെയുംകൊണ്ടു് അപ്പോൾതന്നെപോയി. മണലാരണ്യത്തിൽ ഇറങ്ങിപ്പോയി എന്നല്ലാതെ ഒന്നും അറിഞ്ഞുകൂടല്ലോ."

ദ്വാരപാലകനിൽനിന്ന് ഇതിലധികം ഒന്നും അറിവാൻ സാദ്ധ്യമല്ലെന്ന് കണ്ട കെമൽ "മിറിയാം മിറിയാം" എന്നുരുവിട്ടുകൊണ്ടു് പട്ടണത്തിലേക്ക പോയി. ഒരു അരഭ്രാന്തനായിട്ടുണ്ടു് ആ യുവാവു്. എന്തുചെയ്യണം, എവിടേയ്ക്കു പോകണം എന്നൊരു നിശ്ചയവുമില്ല. മിറിയാമിനെ എങ്ങനെയെങ്കിലും കണ്ടുപിടിക്കണം എന്ന ദൃഢനിശ്ചയമാണു് അയാളെ പൂർണ്ണമായി നയിക്കുന്നതു്. പട്ടണത്തിലെ ഓരോ തെരുവിലുംചെന്ന് ഓരോ വീടിന്റെയും കടയുടെയും മുമ്പിൽ നിന്നുകൊണ്ടു് മിറിയാമിനെ വിളിക്കണം, മിറിയാമിനെ കണ്ടവരുണ്ടോ എന്ന് വിളിച്ചു ചോദിക്കണം എന്നാണ് അയാൾക്ക തോന്നുന്നതു്. അതുകൊണ്ടു് ജനങ്ങളുടെ ശ്രദ്ധ ആകൎഷിച്ചു ഭ്രാന്തനെന്നുള്ള പേർ സമ്പാദിക്കാമെന്നല്ലാതെ പ്രയോജനം ഒന്നും ഉണ്ടാകാനില്ലെന്ന് നിശ്ചയമാണു്, എന്നറിവാൻ വേണ്ടത്ര ബോധം ഉണ്ടായിരുന്നതുകൊണ്ടു് അങ്ങിനെ ചെയ്തില്ല. എന്നാൽ വേറെന്തു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്ന നിശ്ചയവുമില്ല. രാത്രി ആയി, കടകളിലും വസതികളിലും ദീപങ്ങൾ പ്രകാശിച്ചു. തെരുവിൽ വഴിവിളക്കുകൾ ഇല്ലാത്തതുകൊണ്ടു് കടകളിലെയും വസതികളിലെയും വിളക്കുകളിൽ നിന്നു പ്രകാശം ലഭിക്കാത്ത ഭാഗങ്ങൾ ഇരുളടഞ്ഞു കിടക്കുന്നു. കെമൽ ഇരുട്ടും പ്രകാശവും എല്ലാം അവഗണിച്ചു് തെരുവു ചുററുകയാണു്.

സമരത്തിൽ മുറിവേററുവീണ കെമൽ ആണല്ലോ ഇപ്പോൾ അടിമച്ചന്തയിൽ എത്തിയിരിക്കുന്നതു്. അയാൾ എങ്ങിനെ അവിടെ എത്തി എന്നറിവാൻ വായനക്കാൎക്ക് അവകാശമുണ്ടു്. മുറിവേററു് ബോധരഹിത

നായി നിലംപതിച്ച കെമൽ കണ്ണുതുറന്നപ്പോൾ അയേഷ ഉണ്ട് സമീപത്ത്. ആലിയും കിങ്കരന്മാരും കൊള്ളചെയ്തുകഴിഞ്ഞപ്പോൾ അയേഷയുടെ കഥ ഓർത്തതേ ഇല്ല. അവർ എല്ലാവരും അവരുടെ പാട്ടിനുപോയി. പടക്കളത്തിൽ വീണുകിടക്കുന്ന കൂട്ടത്തിൽ കെമൽ ഉണ്ടോ എന്ന് അയേഷ നോക്കി നോക്കി വന്നാണ് കെമലിനെ കണ്ടത്. അവൾ വേണ്ടശുശ്രൂഷ ചെയ്തപ്പോൾ കെമൽ കണ്ണുതുറന്നു. ബോധക്ഷയം മാറിയ ഉടൻ മിറിയാമിനു സംഭവിച്ച അത്യാഹിതം ധരിപ്പിക്കുന്നതു ശരി അല്ലെന്ന് അറിയാമായിരുന്നു എങ്കിലും, അയേഷയ്ക്ക് അടക്കാൻ പാടില്ലാത്ത അതിവേദന ഉണ്ടാക്കിക്കൊണ്ടിരുന്ന വാർത്ത അടക്കിവെയ്ക്കാൻ അവൾക്ക് സാധിച്ചില്ല. മിറിയാമിനെ അക്രമികൾ തട്ടിക്കൊണ്ടുപോയകഥ അവൾ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി. കെമലിന്റെ തളർച്ചമാറി. അയാൾ ചാടിഎണീററു. അനുയായികളെ അന്വേഷിക്കയല്ല, അക്രമികളെ പിൻതുടരുന്നതിന് ഒരു ഒട്ടകത്തെ തേടുകയാണ് പിന്നെ ചെയ്തതു്. കെമെലിന്റെ ഒട്ടകങ്ങളിൽ ചിലവ കെട്ട് അഴിഞ്ഞു് പാളയത്തിനടുത്തുള്ള പ്രദേശത്തു് അലഞ്ഞുനടക്കുന്നുണ്ടായിരുന്നു. അവയിൽ ഒന്നിനെ പിടികൂടി പുറപ്പെട്ടാണ് നാം കണ്ട വിധം അടിമച്ചന്തയിൽ എത്തിയതു്.

അവിടെ എത്തുമ്പോഴേക്ക ലേലംകഴിഞ്ഞു പോയാൽതന്നെയും ആരാണ് അവളെ വാങ്ങിയതെന്നും എവിടേയ്ക്കു കൊണ്ടുപോയി എന്നും അറിയാൻ സാധിക്കുമെന്നുണ്ടായിരുന്ന പ്രതീക്ഷ അസ്ഥാനത്തായതു നാം കണ്ടുവല്ലൊ. ഇനി എന്താണ് ചെയ്യേണ്ടതു? അന്വേഷിക്കുകതന്നെ. പല ഹോട്ടലുകളിലും ചായക്കടകളിലും കേറി കണ്ടവരോടെല്ലാം, മിറിയാമിനെ കണ്ടോ. എന്തെങ്കിലും അറിയാമൊ എന്നു് ആരാഞ്ഞു. കണ്ടവർ പലരുണ്ട്. സ്വർഗ്ഗലോക കന്യകയ്ക്കു തുല്യയായ ആ തരു

ണിക്കു് ഈ വിധം ഒരനുഭവം ഉണ്ടായല്ലൊ എന്ന ഖേദി ക്കുന്നവരുമുണ്ടു് ധാരാളം. എന്നാൽ അവരിൽ ആർക്കും തന്നെ, ലേലത്തിൽ വിററശേഷം അവളെ എവിടേക്കു കൊണ്ടുപോയി എന്നൊരു വിവരവുമില്ല.

കെമൽ അന്വേഷണം മതിയാക്കിയില്ല. ആ പട്ട ണത്തിലുള്ള ആളുകളിൽ ഒന്നൊഴിയാതെ എല്ലാവരോടും വിവരം അന്വേഷിക്കുന്നതിനും അയാൾ ഒരുക്കമാണു്. ഒരു ഇടവഴിയിൽക്കൂടി പോകുമ്പോൾ പിന്നിൽ നിന്നു് ഒരുവൻ അതിവേഗത്തിൽ നടന്നുവന്നു് കെമലിനെ കട ന്നു മുമ്പോട്ടുപോയി. മങ്ങിയ വെളിച്ചമെ ഉണ്ടായിരുന്നു ള്ളുവെങ്കിലും, പിമ്പെ വന്നയാൾ കെമലിനെ കണ്ടപ്പോ ൾ ഒന്നു ഞെട്ടി എന്നയാൾക്കു തോന്നി. അവൻ അല്പം മുമ്പിൽ കടന്നശേഷം നടപ്പിൻെറ ഗതിവേഗം വർദ്ധിച്ചു. അപ്പോളാണു്, അതു് തനിക്കു പരിചയമുള്ളവർ ആരൊ ആണെന്നു് കെമലിനു സംശയമുണ്ടായതു്, അതാരാണെ ന്നും, അവനിൽ നിന്നു മിറിയാമിനെ സംബന്ധിച്ചു വല്ല വിവരവും കിട്ടുമൊ എന്നും അറിയാമെന്നു വച്ചു കെമലും വേഗത്തിൽ നടന്നു. അതു മനസ്സിലായപ്പോൾ മുമ്പിൽ കടന്ന ആൾ ഓട്ടമായി. കെമലിൻെറ സംശയം വർദ്ധി ച്ചു. അയാളും ഓടി. ഒരു പന്തയ ഓട്ടം തന്നെ. വാ തൊന്നും ഇല്ലെന്നെയുള്ളു. കെമലിനെ പിൻ തള്ളാൻ മററവനു സാധിക്കുന്നില്ല. ഒരു ഇടവഴിയിൽവച്ചു് കെമൽ അവനെ പിടികൂടി. അപ്പോൾ മാത്രമാണു് താൻതേടി യ വള്ളിയാണു് കാലിൽ ചുററിയതെന്നു് കെമൽ മന സ്സിലാക്കിയതു്.

കെമലിൻെറ കൈകൾ കാസിമിൻെറ തൊണ്ടയി ലേക്കാണു പോയതു്. രക്ഷപെടുന്നതിനു് ഒരേ ഒരു മാ ർഗ്ഗമെയുള്ളു എന്നു കണ്ട കാസിം അരയിൽ തിരുകിയിരു ന്ന കത്തി ഊരാൻ നോക്കി. കാൽ മുട്ടുകൊണ്ടു നഭിപ്ര ദേശത്തു് കിട്ടിയ ഒരു ഇടി, കാസിമിൻെറ കൈതെറി

പ്പിച്ചു. അവൻ "അയ്യോ" എന്നു നിലവിളിച്ചുപോയി. അപ്പോഴേക്കു കെമലിൻെറ കൈകൾ തൊണ്ടയിൽ അമർന്നു കഴിഞ്ഞു. കാസിമിനു ശ്വാസം കഴിക്കാൻ പ്രയാസമായി. കെമൽ ചോദിച്ചു. "ഞാൻ ആരാണെന്നു് മനസ്സിലായില്ലേ?"

കാസിം വളരെ പ്രയാസപ്പെട്ടു പറഞ്ഞു. "ഇല്ല... അയ്യോ, പ്രഭോ! അരുതെ, അരുതെ, എന്നെ ഞെക്കികൊല്ലരുതെ! ആരാണെന്നു മനസ്സിലായി......"

കെമൽ—"മിറിയാം എവിടെ...ഉം...എവിടെ...... ജീവൻ വേണമെങ്കിൽ..."

കാസിം—"എനിക്കു് അറിഞ്ഞുകൂടാ..." കെമൽ കൈകൾ അല്പംകൂടി മുറിക്കിയപ്പോൾ "ഞാൻ പറയാം...കൊല്ലരുതെ, ഹുസൈൻ പാഷായുടെ മകൻ മിറിയാമിനെ വാങ്ങിക്കൊണ്ടു് പോയി!"

കെമൽ കൈ അല്പം അയച്ചു. "ഫലായിലെ പാഷാ ആയിരുന്നവൻെറ പുത്രനൊ? എവിടേക്കുപോയി. സത്യം പറഞ്ഞുകൊള്ളണം..."

കാസിം:—"അയാളുടെ നഗരത്തിലേക്കുപോയി. ഞാൻ പറയുന്നതു് സത്യമാണു്. അള്ളായാണ സത്യമാണു്."

കെമൽ കാസിമിൻെറ തൊണ്ടയിൽ നിന്നു് പിടിവിട്ടു. അക്ഷണത്തിൽ അവൻ കത്തി ഊരി. കെമൽ ഒന്നുതട്ടി, കത്തി താഴത്തുവീണു. കെമൽ അതു് ചവിട്ടി ഒടിച്ചുശേഷം പറഞ്ഞു. "നീ ആ കാണിച്ചതു് വിഡ്ഢിത്തരമായിപ്പോയി. എന്തുമാവട്ടെ. ഞാൻ ഇപ്പോൾ തന്നെ പുറപ്പെടുകയാണു്. നീ പറഞ്ഞേടിക്കിൽ ചെന്നിട്ടു മിറിയാമിനെ കണ്ടില്ലെങ്കിൽ... നീ എന്നോടു കളവാണു് പറഞ്ഞതെങ്കിൽ, ഞാൻ മടങ്ങി എത്തി നിന്നെ കാണുന്നതിനു് മുമ്പു് എവിടെ നിന്നെങ്കിലും ഒരു കയർവാങ്ങി അതുവഴി ഈ ലോകത്തിൽ നിന്നു കടന്നുകൊള്ളുക ആയിരിക്കും നന്നു്." കെമൽ ഇരുട്ടിൽ മറയുന്നു

ള്ള വരയ്ക്കും കാസിം ആനിലയിൽതന്നെ നിന്നുപോയി.

ഹുസ്സൈൻപാഷായുടെ ശവ സംസ്കാരശേഷം അയാളുടെ അന്തഃപുരത്തിൽ ഉണ്ടാകാനിടയുള്ള മാററങ്ങൾ പ്രതീക്ഷിച്ച്, അവിടുത്തെ സ്ത്രീജനങ്ങൾ കഴിയുകയാണു്. കാര്യങ്ങൾ ഒക്കെ പഴയപടി നടക്കുന്നുണ്ടെന്നു തോന്നാമെങ്കിലും, യഥാർത്ഥത്തിൽ എല്ലാം നിലച്ചിരിക്കയാണു്. നല്ലൊരു മല്ലനായ ഷണ്ഡൻെറ ചമ്മട്ടിയുടെ സഹായത്തോടുകൂടി, പാഷായുടെ ഭാര്യമാരെയും, വെപ്പാട്ടികളെയും ആ സ്ഥാനം കാംക്ഷിച്ചു കഴിയുന്ന യുവതികളെയും പാഷായുടെ പ്രഥമ ഭാര്യ അടിച്ചമർത്തി ഭരിക്കുന്നുണ്ടു്. ആലിയുടെ ഉദ്ദേശം എന്താണെന്നും, അയാൾ അപ്പൻെറ ഭാര്യമാരിലും വെപ്പാട്ടികളിലും ആരെ എല്ലാം അടിമച്ചന്തയിലേക്കു അയയ്ക്കുമെന്നും നിശ്ചയമില്ലാത്തതുകൊണ്ടു് അക്കൂട്ടർ ഭയപ്പെട്ടുകഴിയുന്നു. പുത്രൻെറ പ്രഥമഭാര്യയ്ക്കു അധികാരം കൈ ഒഴിഞ്ഞുകൊടുക്കാനുള്ള കാലം വളരെ സമീപിച്ചു എന്നു് ഭയപ്പെടുന്നുണ്ടു് മുൻപാഷായുടെ പ്രഥമഭാര്യ മിറിയാമിനെ വേണ്ടവിധത്തിൽ ശുശ്രൂഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി അവളെ ഏല്പിച്ചപ്പോളാണു് അധികാരം നഷ്ടപ്പെടാൻ ഇനി താമസമില്ലെന്നു് അവക്കു് ബോദ്ധ്യമായതു്.

ആലിയുടെ മാതാവിൻെറ സമീപത്തേക്കു ആനയിക്കപ്പെട്ട മിറിയാമിനെ ആ സ്ത്രീ ഒന്നു നോക്കിയപ്പോൾ തന്നെ അവരുടെ ആശ അററു. അവൾക്കുവേണ്ടി സമീപ ഭാവിയിൽ സ്ഥാനം ഒഴിയേണ്ടതായി വരുമെന്നു് പൂർണ്ണ ബോദ്ധ്യമായി. എങ്കിലും അധികാരം പ്രയോഗിക്കാവുന്നിടത്തോളം സമയം അതു ശരിക്കുതന്നെ പ്രയോഗിക്കണം എന്നുവച്ചു് ആ സ്ത്രീ മിറിയാമിനോടു പറഞ്ഞു. “എൻെറ പുത്രൻ ഇന്നുരാത്രി അവൻെറ വന്ദ്യപിതാവിനുവേണ്ടി പുലആചരിക്കുന്നതുകൊണ്ടു് നിന്നെ

ഇന്നു കാണണമെന്നു ആഗ്രഹിക്കുന്നില്ല. എന്റെ സംര ക്ഷണയിൽ ആക്കിയിരിക്കയാണു്."

മിറിയാമിനെ, ഹുസൈൻ പാഷായുടെ വെപ്പാട്ടികളൊടൊപ്പം ഗണിച്ചു്, അവളെയും അവരുടെ കൂട്ടത്തിലേയ്ക്കു തള്ളിവിട്ടാൽ എന്തെന്നു് അവന്റെ മാതാവു് ആലോചിക്കാതിരുന്നില്ല. എന്നാൽ പിററന്നാൾ തന്നെ ആലിയുടെ ഭാര്യാപദത്തിൽ പ്രവേശിക്കുമെന്നും അവളുടെ ഇഷ്ടം എന്താണെങ്കിലും സാധിച്ചുകൊടുക്കാൻ ആലി മടിക്കയില്ലെന്നും പുത്രന്റെ സംസാരത്തിൽ നിന്നു് അനുമാനിച്ചതുകൊണ്ടു്, അവളെ അങ്ങനെ തള്ളിവിട്ടു് ശത്രുത സമ്പാദിക്കുന്നതു് സാമർത്ഥ്യമായിരിക്കയില്ലെന്നു് ആ സ്ത്രീ തീരുമാനിച്ചു. എങ്കിലും മിറിയാമിനെ "എടുത്തു തലയിൽ വയ്ക്കാൻ" ഏതായാലും ഒരുക്കമില്ലെന്നുള്ള ഭാവത്തിൽ, അവൾക്കു കിടക്കറയായി നന്നാ ചെറിയ ഒരു മുറിയും, ദാസിയായി പന്ത്രണ്ടുവയസ്സുമാത്രം പ്രായമുള്ള ഒരുബാലികയെയും കൊടുക്കയാണു് അവർ ചെയ്തതു്.

ഹുസൈൻപാഷായുടെ ഭാര്യാപദംകാംക്ഷിച്ചു അവിടെ താമസിച്ചുവന്ന ആ ബാലിക മിറിയാമിന്റെ സൌന്ദര്യംകണ്ടു മതിമറന്നു് അവൾക്കു വേണ്ടി ദാസ്യവൃത്തിയും ചെയ്യാൻ ഒരുങ്ങി. അവളാൽ കഴിയുന്ന സൌകര്യങ്ങളെല്ലാം മിറിയാമിനുണ്ടാക്കിക്കൊടുത്തു. അന്നത്തെ ദിവസം അങ്ങനെ കഴിഞ്ഞു. പിററന്നാൾ ഉച്ച കഴിഞ്ഞപ്പോൾ മിറിയാമിന്റെ ദാസിയായ ബാലിക അവളോടു പറയുകയാണു് "അമ്മ എന്തൊരു ഭാഗ്യവതിയാണു്. ഇവിടെ വന്നതിന്റെ പിറേറന്നാൾതന്നെ പാഷായുടെ ഉറക്കറയിലേയ്ക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു."

അതുകേട്ടപ്പോൾ മിറിയാമിനു വെടി ഏററതുപോലൊരു തോന്നലാണുണ്ടായതു്. അടിമച്ചന്തയിൽനിന്നു വാങ്ങുന്നതാരായാലും തന്റെ ശരീരത്തെ അവന്റെ സംതൃപ്തിക്കുവേണ്ടി ഇഷ്ടാനുസരണം ഉപയോഗപ്പെ

ട്ടത്തും അതിനെ തടുക്കാൻ ഒരു മാർഗ്ഗവും ഇല്ല എന്നു അറിഞ്ഞിരുന്നു എങ്കിലും ബലികഴിക്കുള്ള സമയം സമീപിച്ചപ്പോൾ അവൾ വല്ലാതെ വിഷമിച്ചു. അതു് അടക്കികൊണ്ടു മിറിയാം ദാസിയോടു ചോദിച്ചു. "നീ എത്രകാലമായി പാഷായുടെ ഉറക്കറയിൽ പ്രവേശനം പ്രതീക്ഷിച്ചു കഴിക്കാൻ തുടങ്ങിയിട്ടു്."

ദാസി. "ഒരുവഷം തികയാൻ ഇനി പതിനൊന്നു ദിവസം കൂടിയേയുള്ളു, അമ്മയെപ്പോലുള്ള ഭാഗ്യം ഉണ്ടോ എനിക്കു്. അമ്മയെ ഭാര്യയായി സ്വീകരിച്ചു കഴിഞ്ഞാൽ ഇപ്പോഴത്തെ പാഷ എന്നെ നോക്കുകപോലും ചെയ്കയില്ല. അടിമച്ചന്തയിലേയ്ക്കു പറഞ്ഞയയ്ക്കാനാണു് എളുപ്പം."

മൂന്നുമണി കഴിഞ്ഞപ്പോൾ മിറിയാമിനു കുളിക്കുന്നതിനു സുഗന്ധദ്രവ്യങ്ങൾ ധാരാളം ചേർത്തു് വെള്ളം ശരിപ്പെടുത്തിയിരിക്കുന്നു എന്നും താൻ തന്നെ കുളിപ്പിച്ചു് ആഭരണങ്ങൾ അണിയിച്ചു് ഒരുക്കുന്നതിനു് ആജ്ഞ ലഭിച്ചിരിക്കുന്നു എന്നും ബാലിക അവളെ അറിയിച്ചു. മിറിയാം യാതൊരു മടിയുംകൂടാതെ കുളിക്കാൻ പുറപ്പെട്ടു. കുളികഴിഞ്ഞു വസ്ത്രങ്ങൾമാറി. അവൾ ധരിക്കാനുള്ള ആഭരണങ്ങൾ ആലിയുടെ മാതാവിൻെറ അടുക്കൽനിന്നു വാങ്ങികൊണ്ടു വരാമെന്നു പറഞ്ഞു ബാലിക മുറിയിൽ നിന്നിറങ്ങിപ്പോയി. രക്ഷപ്രാപിക്കുന്നതിനു് ഇതുതന്നെ അവസരം എന്നുറച്ചു് മിറിയാം കുളിമുറിയിൽനിന്നു പുറത്തേക്കു കാൽവച്ചപ്പോൾ, ഭീമനായ ആ ഷണ്ഡൻ—ആലിയുടെ മാതാവിൻെറ മുറിയുടെ മുമ്പിൽകണ്ട ആ ഭയങ്കരൻ—ഒന്നും അറിയാത്തമട്ടിൽ ചമ്മട്ടിയും കയ്യിലേന്തി കൽത്തൂണുപോലെ അവിടെ കാവൽ നില്ക്കുന്നുണ്ടു്. ഒരു ചുവടു മുമ്പോട്ടുവച്ചാൽ ആ കൽതൂണിനു് ജീവൻ വീഴുമെന്നും അവൻെറ ചമ്മട്ടി അവളുടെ പുറത്തു പതിക്കുമെന്നും നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് മിറിയാം പുറത്തേക്കു വച്ച

കാൽ പുറകോട്ടു വലിച്ചു.

ബാലിക ആഭരണങ്ങളുമായി എത്തിക്കഴിഞ്ഞു.

അവളുടെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യട്ടെ എന്നുവച്ചു് മിറിയാം ഇരുന്നുകൊടുത്തു. ആഭരണങ്ങൾ അണിയിച്ചുകഴിഞ്ഞു് ആ ബാലിക പറയുകയാണു്. "വ്യ ഫ്രാത്തുണൊ പാഷാണുളുകിവശായതു്. ഇതുപോലുള്ള സൌന്ദര്യം കണ്ടാൽ, സ്ത്രീകൾപോലും ഇളകിപ്പോകുമല്ലോ"

ബാലികയുടെ നിർബന്ധംകൊണ്ടു് മിറിയാം ഒരു കണ്ണാടിയുടെ സമീപത്തേക്കു മാറിനിന്നു് ഒന്നുനോക്കി. "ബലിമൃഗത്തിനിതൊക്കെ കുറെ കൂടുതൽആണു്" എന്നു തന്നത്താൻ പറഞ്ഞു. ആ സമയത്തു് മറെറാരു ചിന്തയും അവൾക്കുണ്ടായി. ആലി വെറും പാപ്പരാണെന്നുള്ളതായിരുന്നു അതു്. അയാളുടെ "കൊട്ടാര"വും അതിലെ ചട്ടവട്ടങ്ങളും കണ്ടപ്പോൾതന്നെ ആലിക്കു അപ്പനിൽ നിന്നു അവകാശവഴി പാഷാസ്ഥാനത്തൊടൊപ്പം ദാരിദ്യം അല്ലെങ്കിലും ഒഴിഞ്ഞ ഒരു മടിശ്ശീലയാണു് കിട്ടിയതെന്നു് അവൾക്കു സംശയമു ്ടായി. പ്രഥമഭാര്യ ആക്കാനായി നല്ല വിലകൊടുത്തു വാങ്ങിക്കൊണ്ടുവന്നു്, അപ്പൻ മരിച്ചതിന്റെ പുല പോലും കഴിയുന്നതിനുമുമ്പു് ശയനമുറിയിലേക്കു നയിക്കപ്പെട്ടന്ന തനിക്കു്, പ്രഥമ രാത്രിയിൽ അണിയുന്നതിനു നൽകിയ കുപ്പായവും ആഭരണങ്ങൾ എന്ന പേരുപോലും അർഹിക്കാത്ത സാധനങ്ങളും കണ്ടപ്പോൾ അവളുടെ സംശയം നിശ്ചയമായിത്തീൎന്നു.

ബാലിക മിറിയാമിനെ പാഷായുടെ ഉറക്കറയിലേക്കു ആനയിച്ചു.

# അദ്ധ്യായം 10

മിറിയാമിനെ ഒരുപാഷായുടെ പ്രഥമഭാര്യ ആക്കി അനുഗ്രഹിക്കാൻ അക്ഷമനായി കാത്തിരുന്ന ഷെയിക്ക് ആലി ആദിവസം തള്ളിവിട്ടതു് എത്രമാത്രം കഷ്ടപ്പെട്ടാണെന്നു് അയാൾക്കല്ലാതാർക്കും അറിഞ്ഞുകൂടാ. അന്നു് എന്തുകാര്യത്തിനെങ്കിലും ആലിയെ സമീപിച്ചവരിൽ ആരെങ്കിലും ചീത്ത കേൾക്കാതിരുന്നിട്ടില്ല. ആറുമണി കഴിഞ്ഞപ്പോഴേക്കു തന്നെ, മിറിയാമിനെകൊണ്ടുവരുന്നതിനു് ആജ്ഞനൽകിയതാണു്.

മിറിയാം ആലിയുടെ മുറിയിലേക്കു് ആനയിക്കപ്പെട്ടു. നിരാശക്കുണ്ടിൽകിടന്നു മരണവേദന അനുഭവിച്ചു് വികാരങ്ങൾ മഞ്ഞുകട്ടപോലെ മരവിച്ച തരുണി. മദനവികാരങ്ങളുടെ കൊടുമുടിയുടെ അഗ്രത്തിൽനിന്നു് എരിയുന്ന പുരുഷൻ! എന്തൊരു പൊരുത്തമാണു്. മുറിയിൽ പ്രവേശിച്ച മിറിയാമിനെ വിജയം വഴിഞ്ഞൊഴുകുന്ന ഒരു പുഞ്ചിരികൊണ്ടു് ആലി സ്വാഗതം ചെയ്തു. അയാളുടെ സമീപം ചെല്ലുന്നതിനു ആംഗ്യംകൊണ്ടു് ആജ്ഞ നൽകി. ആ തടിമാടൻെറ ഇരുപ്പും നോട്ടവും മിറിയാമിനെ ഭയാക്രാന്തയാക്കി. അയാളുടെ മുമ്പിൽ സാഷ്ടാംഗ നമസ്കാരം ചെയ്തു തന്നെവിട്ടയയ്ക്കണമെന്നു് അപേക്ഷിച്ചാൽ എന്തെന്നു് ഒരു തോന്നൽ ഉണ്ടായി. അതുകൊണ്ടു് ആലിയെ കുറെ രസിപ്പിക്കയും തൻെറ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുകയും ചെയ്യാമെന്നല്ലാതെ യാതൊരുപ്രയോജനവും ലഭിക്കയില്ലെന്നു് അപ്പോൾതന്നെ ഓർമ്മ വന്നതുകൊണ്ടു് അതിനു് തുനിഞ്ഞില്ല. എങ്കിലും അവൾ ചോദിച്ചു "ഈ പതിനൊന്നാംമണിക്കൂറിൽ, എന്നെ ദയവുചെയ്തു വിട്ടയയ്ക്കണമെന്നു് അപേക്ഷിച്ചതുകൊണ്ടു് പ്രയോജനം ഒന്നും ഉണ്ടാകാനില്ലല്ലൊ?"

ആലിപറഞ്ഞു:—"അസുലഭവും വിലമതിക്കാൻ പാടില്ലാത്തതും ആയ ഒരുവിശിഷ്ടവസ്തു കിട്ടിയാൽ അതു് ആസ്വാദിക്കാൻ മുഹൂത്തമാകുമ്പോൾ ദൂരത്തൊഴിഞ്ഞുകളയുന്നവർ ആരെങ്കിലും ഉണ്ടായിരിക്കുമൊ. അതിനെ വളരെ ഭദ്രമായി സൂക്ഷിക്കുക അല്ലായിരിക്കുമൊ ചെയ്യുന്നതു്. വരൂ, ഈ കട്ടിലിൽവന്നു് ഇരിക്കണം."

മിറിയാം വിറച്ചുവിറച്ചു്, മുട്ടുകൾ തനിയെമടങ്ങിപ്പോകാൻ തുടങ്ങുന്ന കാലുകൾകൊണ്ടു് നടന്നു് ആലിയുടെ സമീപത്തുചെന്നുനിന്നു. ആലിലപോലെ വിറയ്ക്കുന്നുണ്ടു്. വിറയലും, അതുമൂലം പല്ലുകൾ തമ്മിൽതമ്മിൽ തട്ടിഉണ്ടായ ശബ്ദവും ആലിയെക്ഷോഭിപ്പിച്ചു. കൃശഗാത്രയായ ആ യുവതിയുടെചെകിടിൽ അവന്റെകൈവീണു! അടികൊണ്ടു് അവൾ വാവിട്ടുനിലവിളിച്ചുപോയി. അവൾ ഒരു വശത്തേക്കു ചരിഞ്ഞു. അവൾ വീഴാതെ ആലി കൈനീട്ടിപിടിച്ചു് കട്ടിലിൽ ഇരുത്തിയിട്ടു് രൗദ്രസ്വരത്തിൽ "ഇതൊന്നും എന്നോടു പാറുകയില്ല മര്യാദയാണു് നന്നു്. മര്യാദയ്ക്കു വത്തിക്കാമെങ്കിൽ ഇനിമേൽ കൈകൊണ്ടു് അടിക്കയില്ലെന്നു വയ്ക്കാം."

അവളെ അടിച്ചതു തെററായിപ്പോയി എന്നു ആലിക്കു തോന്നിയിട്ടായിരിക്കാം, അവൻ തുടൻപറഞ്ഞു. "നിന്നെ അടിക്കാൻ എനിക്കു സന്തോഷമില്ല. അടിക്കണമെന്നല്ല ആലിംഗനംചെയ്യണമെന്നാണു്, എന്നും എപ്പോഴും നിന്നെ ആരാധിക്കണമെന്നാണു്, എന്റെ ആഗ്രഹം"

ആലി ഇത്രയും സൌഹാർദ്ദമായി സംസാരിച്ചിട്ടും മിറിയാമിന്റെ നിലവിളിനിന്നില്ല. നിറുത്താൻ അവളെക്കൊണ്ടു് സാധിക്കുമൊ എന്നുതന്നെ സംശയമാണു്. ആയുസ്സിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത, ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത അനുഭവങ്ങൾക്കു മകുടംചാത്തിയ ആ അടി അവളുടെ ശരീരത്തെയും മനസ്സിനെയും ഒന്നു

പോലെബലഹീനമാക്കി. ആലിക്ക വീണ്ടും ദേഷ്യംവന്നു തുടങ്ങി. അവൻപറഞ്ഞു. "നീ എത്രകരഞ്ഞാലും വിശേഷമൊന്നുമില്ല. ഇവിടെങ്ങും ആരുമില്ല. ആരെങ്കിലും കേട്ടാൽതന്നെ ഇവിടേക്ക എത്തിനോക്കുകയുമില്ല. അതുകൊണ്ടു് നിലവിളി നിറുത്തുക. നിലവിളിമാററിയിട്ടു് നമുക്ക സ്വൎഗ്ഗാനുഭൂതി അനുഭവിക്കാം. വരണം അതു് എങ്ങനെ എന്നു് എൻെറ തങ്കത്തെ ഞാൻപഠിപ്പിക്കാം"

ശക്തിഏറിയ കൈകൾ നീട്ടി അവളെ വാരിക്കോരി എടുക്കുന്നതിനു് ആലി അല്പം ഒന്നുകുനിഞ്ഞു.

മുറിയുടെ വാതിൽ മറച്ചിരുന്ന തിരശ്ശീല പെട്ടെന്നു കീറിമാറുന്നതുകേട്ടു് ആലിയും മിറിയാമും മുഖംഉയർത്തിനോക്കി മുറിയിൽ കടന്നു് ഒരു ഓററകുതിപ്പിനു് കെമൽ കട്ടിലിനു സമീപം എത്തിക്കഴിഞ്ഞു.

കെമൽ മിറിയാമിനോടു പറഞ്ഞു:-"ഓമനേ ഇനി ഒന്നും ഭയപ്പെടെണ്ടാ. എഴുന്നേററു ഇങ്ങട്ടുമാറിനിന്നുകൊള്ളണം. ഇല്ല, ഈഭീമൻ ഇനിതൊടുകപോലുമില്ല. മുമ്പെ അക്കരഞ്ഞതു് വലിയൊരു ഭാഗ്യമായിപ്പോയി. അല്ലെങ്കിൽ ഞാൻ ഇവിടെല്ലാം തിരയേണ്ടി വരുമായിരുന്നു."

ആലി ഒരുഭീരുവല്ല. ധൈൎയ്യവും വിവേകവും ഒരുമിച്ചു നിന്നാൽ മാത്രമെ വിജയിക്കയുള്ളൂ എന്നു്, ജീവിതത്തിൽ ധാരാളം അടിവാങ്ങുകയും കൊടുക്കുകയും ചെയ്തിട്ടുള്ള അയാൾക്ക നല്ല നിശ്ചയമുണ്ടു്. കെമൽ മുറിയിൽ കടന്നുചെന്നക്ഷണത്തിൽ അവനെ ചുരുട്ടിക്കൂട്ടി ജനൽവഴി പുറത്തേക്ക എറിയണമെന്നായിരുന്നു ആലിയുടെ ആഗ്രഹം. അതിനായി അവൻചാടിഎണീൽക്കയും ചെയ്തു. അപ്പോളാണു് കെമലിൻെറ കയ്യിൽഇരുന്ന കൈത്തോക്കു് അവൻകണ്ടതു്. കാഞ്ചിയിൽ വച്ചിരിക്കയാണു് ഒരു വിരൽ. അൽപം ഒന്ന അമർത്തിയാൽ-അതിനു കെമൽ മടിക്കയില്ലെന്നു് അയാളെകണ്ടാൽ അറിയാം-അടുത്തനിമിഷം ആലിയുടെ ആത്മാവു് പറന്നുപോകുമെന്നു് ബോ

ദ്ധ്യമായതുകൊണ്ടു് മിറിയാം കട്ടിലിൽ നിന്നു് എണീറ്റുപോയിട്ടും ആലി ഒന്നും പറഞ്ഞില്ല. ഒന്നും ചെയ്തില്ല.

ചരിത്രാതീതകാലം മുതൽ, മനുഷ്യനും മൃഗങ്ങളും പക്ഷികളും എല്ലാം എന്നും എന്നോണം അഭിനയിച്ചു വരുന്ന ജീവിതനാടകത്തിലെ കയ്പേറിയതും അതേ സമയം തന്നെ മധുരപൂർണ്ണവും ആയ ഒരു രംഗമാണു് അവിടെ അഭിനയിക്കപ്പെട്ടതു്. കെമൽ അവളെത്തേടി അവിടെ എത്തി ശത്രുവിൽനിന്നും രക്ഷിക്കാൻ ശ്രമിച്ചതു് മിറിയാമിനെ എത്രമാത്രം സന്തോഷിപ്പിച്ചു എന്നു കണക്കു വയ്ക്കാനില്ല. അതേസമയംതന്നെ കെമലിനെ സംബന്ധിച്ചുള്ള ആപൽശങ്ക അവളുടെ ഹൃദയത്തെ ഉരുക്കുകയും ചെയ്യുന്നു. കെമൽ, ആലി എന്നീ രണ്ടുനടന്മാരും വികാരങ്ങൾക്കു വിധേയരായി സന്തോഷവും സന്താപവും ഒരേ സമയത്തുതന്നെ അനുഭവിക്കുകയാണു്. മൂന്നാളുകളുടെയും മനസ്സിൻെറ പ്രവത്തനം അവക്കുണ്ടായ വികാരങ്ങൾ, അവയുടെഗതി, ആഴം ഇവയിൽ വൈവിധ്യം ഉണ്ടെങ്കിൽ സാമ്യവും ഉണ്ടു്.

ആലിയും കെമലും അടിക്കാനും ഉടയ്ക്കാനും അവസരം പാത്തു തുളഞ്ഞിറങ്ങുന്നവിധം പരസ്പരം നോക്കിനില്ക്കുകയാണു്. നോട്ടംകൊണ്ടു് കൊല്ലാൻ സാധിക്കുമായിരുന്നെങ്കിൽ അവർ രണ്ടാളും ഇപ്പോഴേക്കു ശവമായിതീരുമായിരുന്നു.

കെമലിനാണല്ലോ അവസരം പ്രയോജനപ്പെടുത്തേണ്ട ആവശ്യം. യാതൊരു ക്ഷോഭവും കലുക്കവുമില്ല അയാൾക്കു്. ആലിയുടെ മുഖത്തുനിന്നു ദൃഷ്ടിമാറാതെ കെമൽ മിറിയാമിനോടു പറഞ്ഞു. "മുറിയിൽനിന്നു പുറത്തു കടന്നു് ഇടത്തുവശത്തേക്കു നടന്നുകൊള്ളണം ..... ഒരു ഗോവണി കാണാം. അതിലെയാണു് ഞാൻവന്നതു്...... (ആക്ഷേപസ്വരത്തിൽ) ഇവൻെറ ഗേററു കാവലിനു് ഒരു ഒററ വിഡ്ഢി ആണുണ്ടായിരുന്നതു്......" ആലി

അത്ഭുതത്തോടെ ചോദിച്ചു. "നിങ്ങൾ നേരെവന്ന് ഗേററു കടന്നാണൊ ഇവിടെ പ്രവേശിച്ചതു്?"

കെമൽ:– "ഒരു സ്ഥലത്തു പ്രവേശിക്കാനുള്ള മാർഗ്ഗം അതല്ലെ? ഞാൻ കള്ളനല്ലാത്തതുകൊണ്ടു് പിൻഭാഗത്തു കൂടി അകത്തു കടക്കാൻ നോക്കേണ്ട ആവശ്യവുമില്ല. നേരെവന്നു. തൻെറ കിങ്കരൻ ഉണർന്നു് വന്നപ്പോൾ ഈ കൈത്തോക്ക തിരിച്ചുപിടിച്ചു അവൻെറ തലയിൽ ഞാൻ ഒന്നു കൊട്ടിയതെയുള്ളു......"

ആലി ആരെയൊ വിളിക്കാൻ ഭാവിക്കയാണെന്നു തോന്നിയിട്ടു് കെമൽ പിന്നെയുംപറഞ്ഞു. "ഗേററിലെ കാവല്ക്കാരനെ വിളിക്കാനാണൊഭാവം. വൃഥാകണ്ഠക്ഷോഭം ചെയ്യെണ്ടാ. അവനെ ഞാൻ കൊട്ടിയ ഉറക്കത്തിൽ നിന്നു് ഉണരണമെങ്കിൽ നാഴികെ കുറെകഴിയണം.!"

മിറിയാംമുറിയിൽനിന്നു ഇറങ്ങി എന്നറിഞ്ഞപ്പോൾ കെമൽ, ആലിയുടെ മുഖത്തുനിന്നു കണ്ണുമാററാതെ, പഴയപടി തോക്കു് ചൂണ്ടിപ്പിടിച്ചുകൊണ്ടു പിറകോട്ടു നടന്നുതുടങ്ങി. കെമൽ പിമ്പോട്ടു മാറുമ്പോൾ ആലി മുമ്പോട്ടുഅടുക്കും എപ്പൊഴെങ്കിലും ഒരു അവസരം കിട്ടിയാൽ അതു പ്രയോജനപ്പെടുത്താൻ ആലി നോക്കുമ്പോൾ അങ്ങനെ ആലിക്കു് അവസരം നൽകാതിരിക്കുന്നതിൽ കെമൽ പ്രത്യേകം ശ്രദ്ധിക്കുന്നു.

കെമൽ പിമ്പോട്ടുനടന്നു വാതലിനോടു സമീപിച്ചപ്പോൾ തുറന്നുകിടന്ന കതകിൻെറ സാക്ഷായിൽ അയാളുടെ കൈമുട്ടു് തട്ടി. തോക്കിൻെറ ലക്ഷ്യം അൽപമൊന്നുമാറി. അതോടെ തക്കംനോക്കിനിന്ന ആലി ഒരു തലയിണഎടുത്തു കെമലിൻെറ മുഖത്തേക്കു എറിഞ്ഞതും ചാടി കെമലിനെ പിടിച്ചതും ഒന്നായിക്കഴിഞ്ഞു.

കെമലിൻെറ കൈത്തോക്കു തട്ടിൽ വീഴുന്നശബ്ദം കേട്ടു് മിറിയാം തിരിഞ്ഞു നോക്കിയപ്പൊഴേക്കു രണ്ടാളും മുറിയിൽ നിന്നു പുറത്തു കടന്നു കഴിഞ്ഞിരിക്കുന്നു. ആ

ലിയുടെ പിടി കെമലിൻെറ തോളിൽ മുറുകിയിട്ടുണ്ടെങ്കിലും അയാൾ ഇപ്പോഴും അല്പാല്പം പിമ്പോട്ടുമാറുന്നുണ്ടു്. ഗോവണിയുടെ അടുക്കലേക്കാണു് അയാൾ നീങ്ങുന്നതു്.

കൈത്തോക്കു് കെമലിൻെറ കൈയിൽ നിന്നു വീണതോടെ ആലിയുടെ ഭാവം മാറി. അവനു് ആശയായി. അടുത്തുകൂടി പിടിക്കാനാണു് അവൻ നോക്കുന്നതു് കെമൽ അതിനു ഇടംകൊടുക്കാതെ പിൻവാങ്ങുകയുമാണു്. ആലി അക്ഷമനായി ചാടി അടുത്തുപിടിച്ചു. കെമലിൻെറ രണ്ടുതോളിലുംകൂടിപിടിച്ചു് അമർത്തി തകർക്കാമൊ എന്നു ആലിനോക്കി. പററിയില്ല. കെമൽ ആ തടിമാടൻെറ പിടിയും ഭാരവും വഹിച്ചുകൊണ്ടു് സാവധാനം പ്രയാസപ്പെട്ടു് പുറകോട്ടു്, ഗേവണിയുടെ സമീപത്തേക്കു് അല്പല്പ്ലെ നീങ്ങുന്നുണ്ടു്. ഗോവണിയോടു അടുത്തപ്പോൾ ആലി ഒന്നുകൂടി ശ്രമിച്ചു. അവർ രണ്ടാളുംകൂടി ഗോവണിയുടെ അഴിയിൽ ചെന്നടിച്ചു. അതു് വളരെ ബലവത്തായി പണിചെയ്തതല്ലായിരുന്നു എങ്കിൽ അഴി പൊളിച്ചു രണ്ടാളുംകൂടി ഗോവണിയുടെ മദ്ധ്യത്തിലുള്ള പടികളിൽ ചെന്നുവീഴുമായിരുന്നു. അവൻെറ മൃഗീയമായ ശക്തികൊണ്ടു് കെമലിനെ ഒതുക്കാൻ സാധിക്കാതെ വന്നപ്പോൾ ആലി അക്ഷമനായി. അവൻ കെമലിൻെറ ഒരു തോളിലെ പിടിവിട്ടിട്ടു് ആകൈകൊണ്ടു് കഴുത്തിൽ പിടിക്കാൻ ശ്രമിച്ചു. കെമൽ അതിനു ഇടകൊടുത്തില്ല. ആലിക്കു പിടികിട്ടിയതു് കെമലിൻെറ താടിഎല്ലിൽ ആയിരുന്നു.

ആലിക്കു സന്തോഷമായി. കെമിലിനെ അടിപ്പെടുത്തിക്കൊള്ളാമെന്നു് അവനു വിശ്വാസമായപ്പോൾ "എൻെറ കൈകൾ മതിയെടാ നിന്നെ നല്ലതു പഠിക്കാൻ ഒരു ഉണക്കു കമ്പു് ഒടിക്കുന്നതുപോലെ നിന്നെ ഒടിച്ചു ഞാൻ താഴത്തേ......"

ആലിയുടെ വമ്പു പറയൽ പൂത്തിആയില്ല. കെ

മൽ വലതു കൈപ്പുറകോട്ട വലിച്ച്, ചുരുട്ടി സവ്വശക്തിയും ഉപയോഗിച്ച് ആലിയുടെ കൂമ്പിച്ച കുടവയറിൽ ഒരു ഇടിഇടിച്ചു.

അപ്പുണ്ണി ആലി പ്രതീക്ഷിച്ചിരുന്നതല്ല. അവൻ വളഞ്ഞു പോയി. കുനിഞ്ഞുപോയി. അതോടുകൂടി കെമൽ ആ പ്രയോഗം ഒന്ന രണ്ടു പ്രാവശ്യം കൂടി ആവർത്തിച്ചു. വേദന സഹിക്കാഞ്ഞപ്പോൾ ആലിഅറിയാതെ തന്നെ അവൻെറ വലം കൈ ഉയന്നു. അവൻ ഒന്നടിച്ചു. അതു കെമൽ പ്രതീക്ഷിച്ചിരുന്നില്ലെന്ന തോന്നുന്നു. അടിഏററ കെമൽ തെറിച്ച് ഗോവണിഅഴിയുടെ എതിർഭാഗത്തുള്ള ഭിത്തിയിലേക്ക ചരിഞ്ഞു. ബോധക്ഷയത്തിലെന്നതുപോലെ അവൻ ചാഞ്ഞു നിലംപതിച്ചു.

സുബോധം ഉണ്ടാകയൊ ശ്വാസം നേരെയാകയൊ ചെയ്യുന്നതിന്ന മുമ്പ് ശത്രുവിൻെറ കഥ കഴിക്കണമെന്ന തീർച്ചപ്പെടുത്തി കെമലിൻെറ അടുക്കലേക്ക് ആലി ഓടി അടുത്തു. ആ തടിയൻെറ ഓട്ടത്തിന് വേഗതവർദ്ധിപ്പിക്കാൻ "ബോധരഹിതൻ" ആയ കെമൽ സഹായിച്ചു. അവൻെറ ഒരു കാൽ കാസിമിൻെറ കാലുകൾക്കിടയിൽ വീണു. ആഭീമൻ ഓട്ടത്തിൽതന്നെ മറിഞ്ഞു. മറിഞ്ഞുപോയ പോക്കിന്ന് കെമൽ അയാളുടെ കുതികാലിൽപിടിച്ചു നല്ലൊരുതട്ടുംതട്ടി. ആ ബ്രഹ്മാണ്ഡശരീരത്തിന്ന ഓട്ടത്തിൽലഭിച്ച വേഗതയും കെമലിൻെറ കാലും കൈകളും കൂടിചെയ്ത സഹായവും കൊണ്ടു് അതു ഏണിപ്പടിയുടെ അഴികൾ തകത്തു തലകീഴായി ആ പടിയുടെ മദ്ധ്യത്തിൽ പതിച്ചു. അവിടെനിന്ന വാണം പോകുന്നതരത്തിൽ ഏണിപ്പടിയുടെ ചുവട്ടിലേക്കുപോയി. ആലിയുടെ തല ഗോവണിയുടെ ചുവട്ടിൽ ചെന്നു് തറയിൽ അടിച്ച് തലഓടു പൊട്ടിയപ്പോൾ ഉണ്ടായ ശബ്ദം കതനായിൽനിന്ന പുറപ്പെടുന്ന ശബ്ദത്തെ വെല്ലുമെന്നു മിറിയാമിന്ന തോന്നി.

അപ്പൊഴെക്ക കെമൽ എണീററു മിറിയാമിൻെറ അടുത്തു് എത്തിക്കഴിഞ്ഞു. കതിനാവെടിയോടുകൂടി ആലി ഐഹികജീവിതത്തോടു യാത്രപറയുന്നതു കേട്ട കെമൽ മിറിയാമിൻെറ കൈയിൽ പിടിച്ചുകൊണ്ടു് "വരൂ. നമുക്കു് ഈ നശിച്ചിടത്തുനിന്നു പോകാം" എന്നു പറഞ്ഞു.

അവർ ഗോവണി ഇറങ്ങി ആലിയുടെ ഭൗതീകാവശിഷ്ടങ്ങൾ കെമൽ കണ്ടതെ ഇല്ലെന്നു തോന്നിക്കും അയാളുടെ നടത്തയും ഭാവവും കണ്ടാൽ. ആ മാംസക്ഷന്നിലേക്ക നോക്കാതെ കഴിക്കണമെന്നായിരുന്നു മിറിയാമിൻെറ ഉദ്ദേശം. അതു സാധിച്ചില്ല. അവളുടെ ബലഹീനത മിറിയാമിൻെറ കണ്ണുകളെ ആ വശത്തേക്കു പിടിച്ചുതിരിച്ചു. ആ തടി ഇനി അനങ്ങുകയില്ല. ആ തടിമാടൻ ഇനി ആരെയും ദ്രോഹിക്കയുമില്ല. രക്തത്തിൽ കുളിച്ചപ്പോഴും രക്തം ചീററിക്കൊണ്ടിരുന്ന മൃതശരീരത്തിലേക്ക ഒന്നു നോക്കിയതെയുള്ളു മിറിയാം. അവളുടെ കൈയ്യിൽപ്പിടിച്ചിരുന്ന കെമൽ മിറിയാം ആകെവിറച്ചതറിഞ്ഞു് മററെ കൈകൊണ്ടു് അവളെ താങ്ങി. അവർ കൊട്ടാരത്തിനു പുറത്തുകടന്നു. അവിടെയെങ്ങും ആരുമില്ല. ഷെയിക്കിൻെറ ഉറക്കത്തിനു യാതൊരുഭംഗവും സംഭവിക്കാൻ ഇടയാകരുതു്. അവിടെങ്ങും ആരും ഉണ്ടായിരിക്കരുതു്. ശബ്ദം ഉണ്ടാക്കരുതു് എന്നുമുൻകൂട്ടി ആജ്ഞ നൽകിയശേഷമാണു് മതിയാവോളം "ഉറങ്ങാൻ" ആലിയൊരുങ്ങിയതു്. നിത്യമായ ഉറക്കത്തിൽപ്രവേശിച്ച ആ ഖലൻ തൻെറ ഘോരകൃത്യങ്ങളുടെ അകമ്പടിയോടുകൂടി നിത്യനിദ്രചെയ്യുട്ടെ. അവർ കവാടത്തിൽ ചെന്നപ്പോഴും കെമൽ അയാളുടെ കൈത്തോക്കുകൊണ്ടു് ഉറക്കമരുന്നുകൊടുത്ത കാവൽക്കാരൻ ഉറങ്ങുകയാണു.

കെമൽ മിറിയാമിനെ കൂട്ടിക്കൊണ്ടുപോകുന്നതിനു ഒരുങ്ങിത്തന്നെ ആയിരുന്നു അവിടെ എത്തിയതു്. മി

റിയാമിനവേണ്ടി കൊണ്ടുചെന്ന ഒട്ടകത്തെയും കെമൽ സവാരിചെയ്ത ഒട്ടകത്തെയും നിറുത്തിയിരുന്ന കാട്ടിൽ എത്താൻ അധികസമയം വേണ്ടിവന്നില്ല. മിറിയാമിനെ ഒട്ടകത്തിൻെറ പുറത്തു കേററിയശേഷം കെമലും കേറി. ആ ഒട്ടകങ്ങൾക്കും കാൎയ്യം മനസ്സിലായിരുന്നു എന്നു തോന്നിപ്പോകും അവയുടെശീഘ്രഗതിയുംപോക്കുംകണ്ടാൽ. പോക്ക് അവ രണ്ടും ഒരുമിച്ചു മുട്ടിമുട്ടി ആയിരുന്നു.

കാസിമും അനുയായികളുംകൂടി അടിമച്ചന്തയിലേക്ക് കൊണ്ടുപോയതും; ആലി അവിടെനിന്നു അവളെ വിലയ്ക്കുവാങ്ങി, അവൻെറ അച്ഛനുകൊടുക്കണമൊ സ്വന്തമാക്കണമൊ എന്ന് ആലോചിച്ച് ഒന്നും തീർച്ചപ്പെടുത്താൻ നിവൃത്തിയില്ലാതെകൊണ്ട് ഓടിയതും മിറിയാം ഓൎത്തു. ആ ദിവസങ്ങളിൽ അവൾ അനുഭവിച്ച അതിവേദനഎല്ലാം കെമലിനോടു ഒന്നിച്ച് രണ്ടുമണിക്കൂർ കഴിച്ചപ്പൊഴേയ്ക്ക് പരിഹൃതമായി എന്ന് അവൾക്കു ബോദ്ധ്യമായി. കെമലും ഒരുമിച്ചുള്ള യാത്രയുടെ, അദ്ദേഹത്തോടുള്ള സഹവാസത്തിൻെറ യഥാൎത്ഥസുഖവും സന്തോഷവും, ശരിയായി ആസ്വദിക്കുന്നതിന് മറെറ അനുഭവം,ആവശ്യമാണെന്നു കണ്ടതുകൊണ്ട് വിധി അവ വരുത്തിയതായിരിക്കുമൊ എന്നു സംശയം ഉണ്ടാകാതിരുന്നില്ല.

..............................................................

മിറിയാമിനെ കണ്ടപ്പോൾ എൽസി എന്തുചെയ്തു? നിലവിളിച്ചുവൊ? അന്വേഷയൊ? രോഗി ആയഷെയക്ക് അബ്ദുള്ള അദ്ദേഹത്തിൻെറ കിടക്കയിൽനിന്ന് ഇനിഒരിക്കലും എണീക്കയില്ലെ..ന്ന് ലൈലായിക്കുപോലും ഭയമുണ്ടായിരുന്നു. മിറിയാമിനെയും കെമലിനെയും കണ്ടക്ഷണത്തിൽ അദ്ദേഹത്തിൻെറ രോഗവും ക്ഷീണവും എല്ലാം മാറി. എന്തൊരുത്സാഹം. എന്തൊരു ചൊടി ചൊടിപ്പ്.

കണ്ണീർ വാർത്തുകൊണ്ടുനിന്ന ലൈലായെയും അവരുടെ പിന്നിൽ മറഞ്ഞുനിന്നിരുന്ന അയേഷയെയും ഉദ്ദേശിച്ച് അദ്ദേഹം "ഇന്നു കണ്ണീർ വാർക്കാനുള്ള സമയമല്ല. സന്തോഷവിജയമുഹൂർത്തമാണ്. നമുക്ക് സന്തോഷിക്കാം" എന്നു പറഞ്ഞശേഷം മിറിയാമിന്റെ വലം കൈയ്യിൽ പിടിച്ച് അതു കെമലിനെ ഏൽപിച്ചിട്ട് "എന്നെക്കാൾ ഭാഗ്യവാൻ വേറെങ്ങുമില്ല" എന്നു അബ്ദുള്ളാ പറഞ്ഞു. അതു ശരിയല്ലെന്നു കെമലിനു നിശ്ചയമുണ്ടായിരുന്നിട്ടും അയാൾ അതിനെ ചോദ്യംചെയ്യാൻ മുതിന്നില്ല.

ശുഭം.

240215
A. 1374

ആരണ്യപുത്രി

By

പി. എം. ചെറിയാൻ

A. 1344

Indic Digital Archive Foundation
gpura.org